


# DEVAMATHA

## annual - 1985

## തീരാശാപത്തിൽ നിന്നുമോചനം

ദാരിദ്രവും
തൊഴിലില്ലായ്മയും
ഈ നാടിന്റെ
തീരാശാപമാണെന്ന്
കരുതപ്പെടുന്നു
എന്നാൽ
അവയ്ക്കെതിരെ
പോരാട്ടം നടത്തി
ഒരു മോചന മാർഗ്ഗം
കണ്ടെത്താൻ
സഹായിക്കുന്നു

## കേരള സംസ്ഥാന ഭാഗ്യക്കുറി

പതിനായിരക്കണക്കിന്
പാവപ്പെട്ട കുടുംബങ്ങൾക്ക്
തൊഴിൽ നൽകുന്നു.
നിത്യവരുമാനം ഉറപ്പു നൽകുന്നു.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, വികാസ് ഭവൻ.
തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിക്കുന്നത്,
GRAM: KERLOT ഫോൺ : 65230/ 65193/ 63448



OUR HAVENLY PATRON


DEVA MATHA COLLEGE KURAVILANGAD




DEVAMATHA COLLEGE
ANNUAL—1985

Ex-officio President:
Rev Fr. E.J.Thomas. M.Sc.

Student Editor:
James V. Palackel.

Editor - in - Chief:
Mr. Thomas Sebastian M.A , M.Com.

Associate Editors:
Prof K. M. Chacko. M.A.
Prof. C. P. Kurian M.A.
Miss. M. A. Marykutty M A.
Joseph Mathew I.
Mohan Sebastian
Jose Joseph
Sunil Jose

Advertisements:
Jose Mathew
Rejimon Thomas.

Photo Lay Out:
Benny & Byju Thomas I P.D.C.

Printed at:
Resmi Printers, Arunapuram, Palai
Phone: 2755


Cover Printed at:
Jesima Rose Offset Printers: Sivakasi

Photos Printed at;
Premier offset Printers. Kottayam.



**OUR PATRON**


**H. E. Rt. Rev. Dr. JOSEPH PALLICKAPARAMPIL**



**OUR MANAGER**

**Very. Rev. Fr. THOMAS MELVETTOM**

THE FORMER PRINCIPAL SPEAKS



ABRAHAM M. NIDHIRY
KOZHA, KURAVILANGAD
23-1-1985.

Deva Matha College is 21 Years old now. In the life of an individual this marks an impo-rtant change. He becomes a major and attains the right of a citizen to vote. Deva Matha College too has attained a new status. People will expect a new standard from the college students, staff and management.


For those of us who were associated with the early days of the birth and growth of this college it was an experience of hardship, stru-ggle, agony, suspense, failure and success. It was like watching the birth and growth of a child till reaches manhood. In the history of this college that critical period is now over.

May God bless it to advance through the road of success and prosperity. Thousands of old students, in different parts of the world are already looking back with pride and pleasure on their Alma Mater. As Years roll on, their number will increase ten fold, hundred fold thousand fold.

Then Deva Matha College, Once an infant, will also grow old, older and assume a grand motherly look, still playing its proud and dignified role in moulding the citizens of India.



Rev. Fr: V.J. Antony M.A.B.D.
Dept. of English,
(Principal St. Xaviers College,
Kothavara-Vaikom,
Wish him a happy retired life.



**OUR PRINCIPAL**

**Rev. Fr. E. J. THOMAS M. Sc.**

# ജ്വാലകം

നാളെയിലേക്ക് തുറന്ന കിളിവാതിലിനരികിൽ ഇരുന്ന് ഇരുന്ന് നാളുകളെ പ്രതീക്ഷിച്ചിരിക്കുന്ന നിങ്ങൾക്ക് ഇന്നലെയുടെ ഓർമ്മയാണിത്. ആ ഓർമ്മകളിൽ ഈ കലാലയവും പിന്നിട്ട വർഷത്തെ അതിന്റെ തുടിപ്പുകളും എന്നും പച്ചപിടിച്ചു നിൽക്കുമെന്ന വിശ്വാസത്തോടെ ഈ തിലോപഹാരം നിങ്ങളുടെ കൈകളിൽ സമർപ്പിക്കട്ടെ.

പോയകാലങ്ങളിലേതുപോലെ സൃഷ്ടികളുടെ ബാഹുല്യം പല പ്രതിഭകളെയും പരിചയപ്പെടുത്തിത്തന്ന അനുഭവിക്കുന്നവരും, അന്യന്റെ സ്വരത്തിൽ പുതുനാവ-തുമാണ് അനുഭവിക്കാവും. എങ്കിലും ചില ഏകാന്ത ഗുഹകളിൽ, ഏകാകിത സ്വപ്നങ്ങൾ, അവയിലെ അറിവ് ഞങ്ങളറിഞ്ഞു. അവയെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത് താളുകളിൽ അത്രതന്നെ.

നിങ്ങൾ പ്രതീക്ഷിച്ചത്ര നിലവാരമുള്ളതാകാൻ കഴിഞ്ഞില്ല. പരിമിതികൾ ധാരാളമായിരുന്നു. പോയ ദിനങ്ങളിൽ നിന്ന് നാം കാത്തുസൂക്ഷിച്ച അനുഭവങ്ങൾ സമന്വയിക്കാൻ ആത്മാർത്ഥമായി



ശ്രമിച്ചിട്ടുണ്ട്. എങ്കിലും എല്ലാ നാളുകളിലും എല്ലാ സ്വരഭംഗങ്ങളും പൊറുക്കുക. എന്തെന്നാൽ ആ ദൗർബല്യങ്ങൾ നമ്മുടേതന്നെ ദൗർബല്യ-ങ്ങളാണ്. സംവിധായകന്റെ കർമ്മമണ്ഡലത്തിലും അതുമാത്രമേ പറയുവാനുള്ളൂ.

ഈ ഉപഹാരത്തിന്റെ സൃഷ്ടിയിൽ സഹകരിച്ചവർക്ക് വാചാ-ലമായി നന്ദി പറയുന്നില്ല. അതു നാം അന്യരല്ലല്ലോ.

വിടവാങ്ങിയ സഹപ്രവർത്ത-കർക്ക് സദ്ഭാവുകങ്ങളും നേരുന്നു.

ഇനി ജ്വാലകം ഉണരട്ടെ!

നിങ്ങളുടെ എഡിറ്റർ
ജെയിംസ് വി. പാലക്കുന്നേൽ

**EXAMINATION RESULTS:**

We have been fortunate in maintaining good record in the University Examinations. The results of the University Examinations are as follows:—

| Course | | I Class | II Class | III Class | Total | Percentage |
|---|---|---|---|---|---|---|
| Pre—Degree | | 52 | 81 | 107 | 240 | 44.4 |
| B Sc | Mathematics | 8 | 8 | 2 | 18 | 85.7 |
| | Physics | 11 | 8 | 1 | 20 | 87.0 |
| | Chemistry | 6 | 5 | - | 11 | 61.1 |
| | Zoology | 12 | 7 | 1 | 20 | 100.0 |
| B.A. | Economics | 2 | 7 | 16 | 25 | 69.5 |
| | Malayalam | 1 | 10 | 16 | 27 | 100.0 |
| | English | - | - | 7 | 7 | 31.8 |
| | B Com. | 2 | 5 | 10 | 17 | 71 |
| | M.Com. | 1 | 8 | 4 | 13 | 100 |

This high percentage of pass is a glorious testimony to the competence and devoted service of the staff as well as the hard work put in by the students. We will make every effort not only to maintain this standard but also to improve it further.

**THE COLLEGE UNION.**

Elections of the office bearers of the College Union were conducted in Octber. 1984. Prof. T. M. Devasia of the commerce Dept. officiated as Returning Officer. The following students were elected to the general seats:—

| | |
|---|---|
| Joseph Mathew I. | Chairman |
| Saly George | Vice-Chairman |
| Mohan Sebastian | General Secretary |
| James V. Palackan | Magazine Editor |
| John Joseph V. | Arts Club Secretary |
| Joseph George K.<br>Morley Mathew | University Union Councillors |

The College Union was inaugurated by Sri Babu Paul I. A. S., Chairman, Port Trust on 27th Oct. 84. I am proud to put on record that the College Union has done its best in organizing programmes for promoting the cultural and artistic talents of the students. I congratulate the office bearers of the College Union who successfully carried out their duties.

**PHYSICAL EDUCATION**

Our College teams participated in Inter Collegiate and other tournaments. Our Atheletic Team participated in the Kottayam District Amateur Atheletic meet and our of our athelets got selection to the State Champianship held at Palaghat. Our foot ball team and badminton teams won trophies.

**NATIONAL SERVICE SCHEME.**

There are two N. S. S. units working in the college under the Programme Officers M/S Baby Thomas and T. T. Devasia. The total strength of volunteers is 248. In addition to the regular service programmes and the ten day work camp the N. S. S.

# THE BYGONE YEAR

# The Principal's Report 1984-'85

Mr. V. R. Krishna Iyar, Very Rev. Fr. Manager, Mr. Chairman of the College union, Respected Guardians, Esteemed Colleagues and my dear students.

It is my privilege today to present before you a brief report of the activities of the college for the year 1984–85. The year under review has been peaceful and academically fruitful. This is mainly due to the sincere co-operation extended to me by both the teaching and non-teaching staff of the college. I am greatly impressed by their dedication to duty and sense of commitment. I very much appreciate the general sense of discipline and studiousness and above all the highly commendable character and conduct of our students.

**STRENGTH.**

As usual there was heavy rush for admission to the Pre-Degree, Degree and Post Graduate courses. 796 students were admitted to the Pre-Degree course, 397 to the Degree course and 15 to the M. Com. Degree course. There are altogether 2485 students on the rolls 1120 of whom are boys and 1365 girls.

**STAFF.**

There are 104 members on the teaching staff and 63 on the non teaching staff. Sri George Mathew Muricken M.Sc. joind the teaching staff this year. I cordially welcome him and wish him a brilliant career. Rev. Fr. V. J. Antony M. A. who was working in the English Department of this college since 1967 retired from service on 28th Feb. 85 I take this opportunity to thank him for his services to this institution and wish him a happy retired life.

volunteers conducted a blood grouping programme in Kuravilangad Panchayat. They made a good collection of clothes from Kuravilangad and neighbouring places for the people of Bhopal and sent the same through the Red Cross society. Sri Abey George, an N. S. S. volunteer of this College secured the second place in the University Youth Festival of the National Service Scheme.

## QUIZ CLUB.

This year our Quiz Club had a number of major achievements under the able guidance of Prof. George John. In the Gandhiji University Mathematics Quiz M/S K. K. Joseph and Sreekumar N. won selections and Sreekumar N. won the second prize in the State level Inter University Mathematics Quiz. Sibichan Thomas and Sebastian Thomas won K. G. George Memorial Trophy, Ayroor. Radhakrishnan P. G. and Sreekumar N. won Bishop Tharayil Trophy,Uzhavoor. Reji Thomas and Sibichan Thomas won third prize in the Quiz competition conducted by U. C. College, Alwaye.

## ORATORY CLUB

Under the direction of Prof. K. M. Chacko the Oratory Club has done creditable service this year also in imparting leadership training and speech practice to students. An additional unit was started under the guidance of Sri. Thomas Sebastian M. A; M. Com. for students of the afternoon session. M/s Abey George and Sebastian George of the debating team won the coveted Nehru Trophy, Trivandrum and Deepika Trophy Changanacherry in addition to prizes in a number of other competitions. Mr. Mathew Cyriac I P. D. C. won the first prize in the elocution competition held by the Meenachil Circle Co-operative Union, Palai. This year the club conducted the 10th Deva Matha Trophy debate competition in which the trophies were won by Alphonsa College, Palai and S. D. College, Kanjirapally.

## AICUF

The AICUF unit of this College has functioned very effectively this year under the guidance of Prof. George John. For effective functioning it formed three core groups, the AICUF Sahityavedi, the AICUF Bible study forum and the AICUF Kalavedi. In addition to the seminars conducted for the members, the AICUF unit organised two camps, one regional and the other zonal. The AICUF team secured the third place in the AICUF Kalamela 1985. They won trophies in Becon's Youth Festival and Parthasarathi Iyangar Memorial Arts Festival.

## FILM CLUB

The Film Club is functioning in this College under the direction of Prof. Francis Devasia. The Club organised a film programme and a discussion on the influence of cinema on students.

## FORESTORY CLUB & NATIONAL INTEGRATION SAMATHI

The Forestry Club and National Integration Samathi were started this year and have functioned well. The ForestryClub under the guidance of Sri. James Philip is rearing up various kinds of seedlings for distribution among the villagers as part of social aforestation programme.

## N. C. C.

We have a company of N. C. C. with 130 cadets commanded by Capt. Isac Thomas. Our cadets undergo training guided and supervised by officers and military staff from 1 7Kerala



# THE LOVELY GIRL

**IGNATIOUS JOSEPH**
III D. C. Ecos.

Dances there the rippling waves,
In the golden gleam of the Sun shine;
The running current to hum a tune,
And caressing wind to kiss their cheeks.

Ages ago from the Eastern hills,
Ran down the little attractive girl;
On the tracks of time in soil,
Ran she many a sinuous mile.

Long, deep and strong she grew,
As she explored the distant land,
Through plains and valleys amidst hills,
Eroding, falling, gurgling did she flow.

Then came the summer hot,
Slime and shallow was she made;
Well-fed was she not indeed,
Oh! a fate of grief in short.

Came forth soon the monsoon rain,
Flooding wide to quench her thirst,
Grew she fat by the rains so fast;
Reddened her blood in the strong runs.

With proud and boisterous uproar,
Gurgles and gushes the heartless stream,
Floating trees, breaking banks in storm;
Folks in her haughty laughter shudder.

At last in the heaven most sweet
Of her mother -sea finds she rest.
Cool breeze for the tired lungs comes next-
Rest most sweet for her feet.

Arousing passion in my sweet mind,
And striking chords of ecstasies
Flows the lovely girl melifluously-
The most 'Beloved' BHARATHAPUZHA

Battalion N. C. C. Palai. Our cadets participated in annual training camps at Changanacherry and Kottayam and trekking expedition in Goa. U/O Mohankumar represented Kerala in the All India Bayonet Fighting Competition held in connection with the Republic Day Parade in Delhi. I take this opportunity to congratulate Prof. Isac Thomas who has been promoted to the rank of Captain.

P. T. A.

The Parent Teacher Association has been doing commendable work in the progress and well being of the institution. I thank the office bearers of the P. T. A. for their sincere and selfless service.

I remember with great sorrow the sad and sudden death of Kumari Molly Mathew of the II PDC in a road accident. May her soul rest in peace.

Before concluding this repot I raise my heart in gratitude to the Almighty God for showering His bountiful blessings on us. I take this opportunity to thank our Patron, Rt. Rev. Dr. Joseph Pallickaparampil, Bishop of Palai, our Manager Very Rev. Fr. Thomas Melvattom, our Bursar Rev. Fr. M. M. Mathew, the members of the executive committee of P. T. A., and the members of the staff, both teaching and non teaching for their guidance and co-operation. Finally I thank my students for effectively holding up the ideals of this institution.

We are greatly honoured to have with us today Mr. Krishna Iyer, former Judge of the Supreme Court. I personally thank him for the pains he has taken to grace this occasion with his presence.

Thanking you all once again I present you this report.

SHAJAN JOSE
IInd D. C. Economics

# SURRENDER or CONQUER ?

"Ladies and gentlemen, ---I, the president of this nation am before you just to speak a few words ---"

On your way back home you hear this opening of a big speech from a small shop and you turn back to see the "president". With a little surprise you happen to ask, "who are you?"

"Ha ha ha ---" with a mighty laughter he says who he is—

"I am Bond", taking a puff from his burning cigaratte, he continues, "yes, I am Bond, James Bond, James Bond 007".

You understand nothing and with the conclusion that he is out of his wits, you take your steps for home.

Is he really mad? That is our question. What happened to him actually?

Today, one of the topics which undergo heated discussion among thinking people is the dependence of the young on drugs. We find many addicts here and there either delivering speeches, crying or laughing or even preaching the "good news of God". What are the reasons for this situation ? Let as have a small examination.

No man is born as a drug user. It is the surroundings that make one use drugs. They give the consumer some pleasure and gradually enslave him. But many people do not know about the poisonous effects of this 'friend'. People begin to use drugs owing to various reasons and these reasons are often silly.

Curiosity is the first and foremost reason. The natural curiosity which made Adam pluck the forbidden fruit still exists in man and out of his curiosity he uses drugs and slowly becomes addict of it. Hearing of drugs he is tempted to experience it. Once he starts, sure, another one is added to the cursed group of addicts.

The absence of courage is yet another cause. No one wants to be isolated and so they form peer groups and, for a little enjoyment, drugs are used. In a group of drug users, one cannot stand aloof and automatically he too becomes a victim of this evil thing.

The ostrich philosophy of burying problems in some cases is also a factor for drug addiction. When problems start grasping an individual, he seeks a means to overcome them and finds the pleasurable effects of drugs and becomes a drug addict.

What are the important types of drugs? Many drugs are commonly used while some – being so rarely found—are used only in certain regions. The most outstanding ones are alcohol and tobacco. Perhaps no youngster is without the experience of both. A peg in a gathering has become a must now. The government patronage of this industry has made its consumption so large that any one can make huge profits from this field. Even pregnant women use alcohol and in western countries cigarette smoking is a common thing among women. Unaware of the evil effects, they go on consuming and finally reach a stage when they cannot live without it. Smoking depends on the age of the individuals. If started in early ages, it will do much harm. Experts in this field have found out that about 4000 substances are used for each cigarette. Additional use of "guncha" makes the case worse.

കെ. വി. കുര്യൻ M.Sc.

# ഫ്ളൈഓവറുകളുടെ നഗരം

പെട്ടെന്ന് ചങ്ങമ്പുഴയുടെ ഈരടികൾ ഓർത്തു പോയി:

''എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും
അവിടെല്ലാം പൂത്തമരങ്ങൾമാത്രം''

എവിടെനോക്കിയാലും ഫ്ളൈ ഓവറുകൾ.
തലങ്ങും വിലങ്ങും ഫ്ളൈ ഓവറുകൾ.
ഓവർ ബ്രിഡ്ജുകൾ.
കാറുകൾ. നിരത്തുകൾ നിറഞ്ഞ് ഒച്ചുപോലെ ഇഴയുന്ന കാറുകൾ

ഒഴിഞ്ഞ സ്ഥലങ്ങളെല്ലാം നിറഞ്ഞ കാറുകൾ;

സാക്ഷാൽ ഹിറ്റ്ലറുടെ ജനതാ കാർ (ഫോക്സ് വാഗൺ) മുതൽ അത്യാധുനിക റോൾസ്റോയിസ് വരെ; ചലിക്കുന്ന കൊട്ടാരം.

കാർ പ്രളയം!

അതാണ് ലാഗോസ്.

പശ്ചിമാഫ്രിക്കൻ രാജ്യമായ നൈജീരിയായുടെ മുൻ തലസ്ഥാനം.

ഇപ്പോൾ തലസ്ഥാനം മറ്റൊന്നാണ്. അബുജ.

ലാഗോസിലെ മിക്കവാറും എല്ലാ കവലകളിലും ഫ്ളൈ ഓവറുകളുണ്ടെന്നുപറഞ്ഞാൽ അതിശയോക്തിയാവില്ല. കിലോമീറ്ററോളം നീളം വരുന്നവ. എന്നാലും അവിടത്തെ ട്രാഫിക് കനത്തതാണ്. ഒന്നോ രണ്ടോ കിലോമീറ്റർ യാത്ര ചെയ്യാൻ ചിലപ്പോൾ മണിക്കൂറുകൾ വേണ്ടിവരും. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിലെ കണക്കനുസരിച്ച് ദക്ഷിണാഫ്രിക്ക കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കാറുകളുള്ള ആഫ്രിക്കൻ രാജ്യമാണ് നൈജീരിയ. ഇപ്പോൾ ഒരുപക്ഷേ ഏറ്റം കാറുകളുള്ളതും ഈ രാജ്യത്ത് ലാഗോസിലെ ട്രാഫിക് തിരക്ക് മറ്റൊരിടത്തുമില്ല. പീക് സമയങ്ങളിൽ ലാഗോസ് റോഡുകളിലെ വണ്ടികളുടെ തിരക്ക് അനിർവചനീയമാണ്.

തൊള്ളായിരത്തി എഴുപതുകളുടെ ആദ്യപകുതിയിൽ ഈ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിനുമുമ്പ് ഏതാനും മീറ്റർ ലാഗോസ് റോഡുയാത്രയ്ക്ക് മൂന്നും നാലും മണിക്കൂറുകൾ വേണമായിരുന്നെന്ന് അനുഭവസ്ഥർ പറയുന്നു. ആഫീസ് ജീവനക്കാർ വെളുപ്പിന് അഞ്ചുമണിക്ക് വീട്ടിൽനിന്ന് യാത്രതിരിക്കുമത്രേ. ശരിയായിരിക്കും. നൈജീരിയായിൽ ആഫീസുകൾ വെളുപ്പിന് ഏഴരയ്ക്ക് ആരംഭിക്കും. മൂന്നരയ്ക്ക് (ഉച്ചകഴിഞ്ഞ്) അവസാനിക്കും. വെളുപ്പിന് യാത്ര

Heroin, sleep preventing and sleep producing tablets, L. S. D, Charass...etc are some other examples. Some of these are very rarely found in India and owing to the strict control of the government, their consumption is only on a limited scale. In Hongkong, about 8 to 10 percent people are addicted to heroin. Tablets, both sleep preventing and producing, are used by the students of western universities.

**Effects of drugs:-**

Nothing is to be said about the good of drugs, for they have only evil effects on the user. Cigarettes are commonly used and so let us see the danger of smoking. It was mentioned before that about four thousand substances are used for cigarette manufacturing. But the three major ones among them are worth mentioning: a) Carbon monoxide b) different types of tar and c) Nicotine. The memory power of the smoker will be diminishing as the unit of the first one is increasing. Nicotine is absorbed in the lungs and it reaches the brain within eight seconds. Cardio vascular diseases (heart problems) are found more commonly in smokers. The same is the case with cancer. Hashish and gunchas make the user lose his memory power. They are sometimes used as appetite suppressers by many.

Alcohol too do no good to man. They spoil the liver and, if used regularly, affect the nerves and gradually make the user lose his vigour, thrill and enthusiasm. About 70% of our social problems are caused by alcohol. 1/3 to 1/2 accidents, diminishing memory power, diminishing sexual interest, doubts on the partner, thirst for violence ----etc are the result of alcohol consumption. Drinks are used for a noble purpose at the first time, but there is a tendency to use it more and more regularly and, as a result, one will reach a stage in which he cannot live without it. Drunkards usually try to justify their action. Some say a little of sada toddy does no harm, some others say a glass of arrack is a pleasure. Yet another few say that a peg of McDowell gives them enthusiasm. All these justifications make them more addicted to it and lead them to eternal misfortune.

Speaking of heroin, charass, hashish, L S.D.... etc we Indians have reasons for a little pride on the fact that we are not so much addicted to them. Perhaps it is because of the scarcity of these items. Studies reveal that 3/4 of the students in India are free from the bondage of these drugs. Thank God, we Keralites have little experience, with these high society 'musts' though the influence of alcohol is still existing.

How to Manage?

How can we manage this condition is a significant question at present. There is extreme difficulty in stopping the use of drugs. But we have to do it. 20 to 30 years of age is the developing period of drug use and so we should have more control at this initial stage. First of all the scarcity of drugs will help to controll the use. Secondly the environments should be changed. Drug addiction depends on environments for both the rich and the poor and so, abstaining from those environments will help to control the use to a great extent.

Understanding the evils of drugs and consultation with a doctor in the initial stages of addiction is a remedy to manage the condition. Initial hospitalisation is necessary for serious drug dependers. Feeling of the ill effects of drugs rather than the expected satisfaction makes one refrain from the use of drugs. Continuous help by good friends through their advice helps addicts escape from their painful conditions. It is of course a great thing to conquer the hold of drugs after coming and seeing it, ie., experiencing it. We, the young people of today, should be examples for others in remaining free from drugs. It is good to see that most of us are free from the hold of this enemy, but all of us should be completely free even from the habit of smoking. It is better not to start smoking. It is better not to start smoking because stopping it will be as Mark Twain said "stopping smoking is so easy, I have done it many times..."*

* * *

"The greater the power, the more dangerous is the abuse"

*—Edmund Burke*

*

"Adversity reveals genius, prosperity hides it"

*—Horace.*

*

"The best sauce for food is hunger and the best flavouring for drink is thirst"

*—Socrates*

തിരിക്കുന്ന ജീവനക്കാർ കാറിലിരുന്നാണ് പല്ലുതേക്കുക എന്നൊരു പറച്ചിലുണ്ട്. നേരാണോ ആവോ? സാദ്ധ്യത നിരസിക്കാനാവില്ല. കാരണം അവർ പേസ്റ്റും ബ്രഷുംകൊണ്ടല്ല പല്ലുതേയ്ക്കുക. മാവിലയും ഉമിക്കരിയും കൊണ്ടുമല്ല. ച്യൂയിംഗ്സ്റ്റിക്ക് കൊണ്ടാണ്. ഇതെന്തോ ഒരു പ്രത്യേകതരം ചെടിയുടെ കമ്പാണ്. ഏതാണ്ട് അരയടി നീളത്തിൽ ചെറുവിരലിന്റെ വണ്ണത്തിൽ കീറിയ കമ്പുകൾ. ഈ കമ്പ് എല്ലാ പല്ലുകളിലും വച്ച് കടിച്ചുരയ്ക്കുകയാണ്, പല്ലുതേയ്ക്കൽ. സാധാരണ അരമണിക്കൂറിലധികം സമയമെടുക്കും. കമ്പുമുഴുവൻ ചവച്ചു തീർക്കണമല്ലോ. ഈ കഥ ഒരുപക്ഷേ ട്രാഫിക് ജാം അത്ര കൂടുതലാണ് എന്നു കാണിക്കാൻവേണ്ടി പറയുന്നതാവാം. എന്തായാലും ഒന്നുശരിയാണ്. ലാഗോസ് നഗരത്തിൽ എന്നും യാത്ര ചെയ്യേണ്ട ഒരാൾ ആയുസ്സിന്റെ ഏറിയപങ്കും റോഡിലായിരിക്കും ചെലവഴിക്കുക.

ട്രാഫിക് സ്തംഭനം കുറയ്ക്കുന്നതിന് ലോകത്ത് മറ്റൊരിടത്തും ഇല്ലാത്ത ട്രാഫിക് നിയമമുണ്ട് നഗരത്തിൽ. എല്ലാ കാറുകൾക്കും എല്ലാ ദിവസവും ലാഗോസിൽ പ്രവേശനമില്ല. ഒറ്റ സംഖ്യയിൽ ആരംഭിക്കുന്ന നമ്പരുള്ള കാറുകൾക്ക് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ പ്രവേശിക്കാം. ഇരട്ട സംഖ്യയിൽ ആരംഭിക്കുന്ന നമ്പരുകൾക്ക് ചൊവ്വായും വ്യാഴവും. ശനി, ഞായർ ദിവസങ്ങളിൽ ഈ നിയമം പ്രാബല്യത്തിലില്ല. ഇക്കാരണത്താൽ ലാഗോസ് നിവാസികൾക്ക് ഒററസംഖ്യയിൽ ആരംഭിക്കുന്ന നമ്പരുകൾ കിട്ടാനായിരിക്കുമല്ലോ കമ്പം! സർക്കാർ വാഹനങ്ങൾക്കും ഈ നിയമം ബാധകമാണ്. ടാക്സികൾക്ക് ഈ നിയമമില്ല. എന്നാൽ എല്ലാ ദിവസവും നഗരത്തിൽ പ്രവേശിക്കാവുന്ന, ഫെഡറൽ സർക്കാർവക ചില വാഹനങ്ങളുണ്ട്—ഒന്നാംകിട പൗരന്മാർ—അവയുടെ നമ്പർ പ്ലേററിൽ നമ്പരിനു മുമ്പിൽ C.V.U. എന്നുകാണും (Conference Visitor Transport Unit). മന്ത്രിമാർ, സർക്കാർ, സെക്രട്ടറിമാർ തുടങ്ങിയ ഉന്നതർക്ക് ഈ കാർ കാണും.

ട്രാഫിക് ജാമിന് അറുതിവരുത്താൻ നിർമ്മിച്ച ഫ്ളൈ ഓവറുകളിൽക്കൂടി ഇഴഞ്ഞിഴഞ്ഞ് കാറിൽ നീങ്ങുമ്പോൾ നമ്മുടെ നാട്ടിലെ പൊതു നിരത്തുകളിലെ പെട്ടിക്കടകളുടെ ഓർമ്മവരും. ഫ്ളൈ ഓവറുകളുടെ ഇരുവശങ്ങളിലും കാൽനടക്കാർക്കു സ്ഥലമിട്ടിട്ടുണ്ട് (കാൽനടക്കാർ തീരെയില്ലെങ്കിലും). ഈ സ്ഥലങ്ങൾ അതിരാവിലെതന്നെ ''മൊബൈൽ'' കച്ചവടക്കാരെക്കൊണ്ടു നിറയും. ജാമിൽ കാറുകൾ നിശ്ചലമാവുമ്പോൾ ഇവർ സാധനങ്ങളുമായി കാറുകാരെ സമീപിക്കും. ദേശീയവും വിദേശീയവുമായ സാധനങ്ങൾ. കൗതുകമുള്ള പലവസ്തുക്കളും ഇതിൽപ്പെടും. പലപ്പോഴും ഇവർ നല്ല നേരമ്പോക്കാണ്. കാറനങ്ങാതെ കിടക്കുമ്പോൾ ഈ സാധനങ്ങൾ വാങ്ങിപ്പരിശോധിക്കാം. വിലപേശാം. വണ്ടി ലേശം നീങ്ങിക്കഴിയുമ്പോൾ അടുത്തയാൾ മററൊരു വസ്തുവുമായി നിങ്ങളെ സമീപിക്കും. ഇതുതന്നെ. ട്രാഫിക് തിരക്ക് കുറയുന്നത് ഈ കച്ചവടക്കാർക്ക് ക്ഷീണമാണെന്നു പറയേണ്ടതില്ലല്ലോ? ഈ അടുത്ത കാലത്തായി ഈ വ്യവസായം നിരോധിച്ചിരിക്കുകയാണ്. വളരെ രസമുള്ള നിരോധനം. ഇത് ട്രാഫിക് തടസ്സപ്പെടുത്തലിനെ സഹായിക്കുന്നു എന്നതാണ് കാരണം. ദുർബ്ബല ഗർഭിണിയും കൂടിയായാലോ? നിരത്തുവക്കിൽ വാണിഭക്കാർ കാണും. അവർ കാറിൽപ്പോകുന്ന നിങ്ങളെ സാധനങ്ങളുമായി സമീപിക്കും. നിങ്ങൾ വാങ്ങുകയോ വാങ്ങിനോക്കുകയോ ചെയ്യുന്നതു ശിക്ഷാർഹമാണ്. കച്ചവടം പ്രോത്സാഹിപ്പിക്കാതിരിക്കുക അതാണു തത്വം. ലാഗോസ് ട്രാഫിക്കിന്റെ മറെറാരു പ്രത്യേകത. നിങ്ങൾ പുകവലിക്കുന്ന ആളാണോ? നിങ്ങൾക്കു കഴിയും. വണ്ടി ഓടിക്കുന്നയാളിന് യാത്രാസമയം പുകവലിയരുത്. ഇനിയുമുണ്ട്. നിങ്ങളുടെ വണ്ടി കേടാകാൻ നിങ്ങളാഗ്രഹിക്കുന്നില്ല. ഉറുമ്പുകൾ ഇടതൂർന്നു പോകുന്നതുപോലുള്ള ട്രാഫിക്കിൽ ഒരെണ്ണം കേടായാലോ? വഴിനിറഞ്ഞ് പല ലെയിനുകളിലായി

*Best Compliments*

**JEEVAN PHOTOS**
**MONIPPALLY.**

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

**കമനീയമായ വസ്ത്രങ്ങൾ
മനസിനിണങ്ങിയ രീതിയിൽ
തിരഞ്ഞെടുക്കുവാൻ
മോനിപ്പള്ളിയിൽ ഒരു പുതിയ
വസ്ത്രക്കട!**

സന്ദർശിക്കുക!

# സാലി ഫേബ്രിക്സ്

**കളപ്പുരക്കൽ ബിൽഡിംഗ്സ്**
(ഇലഞ്ഞി റോഡ്)

**മോനിപ്പള്ളി**

വിമൽ, മഫത്‌ലാൽ തുടങ്ങിയ
പ്രശസ്ത മില്ലുകളുടെ സാരികൾ, ഷർട്ടിംഗ്,
സ്യൂട്ടിംഗ്സ് തുടങ്ങിയ എല്ലാവിധ
തുണിത്തരങ്ങളും മിതമായ വിലയ്ക്ക്!!

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

വണ്ടി കേടുവന്നാൽ ഒതുക്കിയിടാൻ സൈഡില്ലല്ലോ. അപ്പോഴും വണ്ടി അവിടെത്തന്നെയിട്ടിട്ടുവേണം മെക്കാനിക്കിനെ വിളിക്കാൻ. ഈ സമയം കേടായ വണ്ടിയുടെ ഏതാനും അടി മുമ്പിലും പിമ്പിലും റോഡിൽ വയ്ക്കാൻ ആക്സിഡന്റ് ട്രയാങ്കിൾ ഇല്ലെങ്കിൽ നിങ്ങൾ കഷ്ടത്തിലാണ്.

ഈ കാറുകളുടെ നഗരത്തിൽ സന്ദർശകശ്രദ്ധയാകർഷിക്കുന്ന പലതുമുണ്ട്. നഗരത്തിലേക്ക് പ്രവേശിക്കുമ്പോഴേ വളരെ അകലെനിന്നേ കാണാം ആ ബഹുനിലക്കെട്ടിടം— Nigeria External Telecommunications— നെറ്റ് – വിദേശവാർത്താവിനിമയം നടത്തുന്ന സ്ഥാപനം. ബോംബെയിലെ ഓവർസീസ് കമ്യൂണിക്കേഷൻ ടവർപോലെ. ഉപഗ്രഹങ്ങളിൽ നിന്ന് ടെലിവിഷൻ പ്രക്ഷേപണങ്ങൾ സ്വീകരിച്ച് രാജ്യത്തെ ടെലിവിഷൻ പ്രസരണികളിൽ എത്തിക്കുന്ന പണിയും ഈ സ്ഥാപനം നടത്തുന്നു.

അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ നാഷണൽ തിയേറ്ററും, വിശാലമായ നാഷണൽ സ്റ്റേഡിയവും ഏതു സന്ദർശകനേയും ആകർഷിക്കാൻ പോരുന്നതാണ്.

നാഷണൽ അസംബ്ലി കെട്ടിടത്തിനടുത്താണ് തഫാവാ ബലേവാ സ്ക്വയർ. നൈജീരിയൻ സ്വാതന്ത്ര്യദിനച്ചടങ്ങുകൾ ഭരണത്തലവൻ ഇവിടെയാണ് നടത്തുക. അല്‌ഹാജി സർ അബൂബക്കർ തഫാവാ ബലേവാ സ്വതന്ത്ര നൈജീരിയായുടെ ആദ്യത്തെ പ്രധാന മന്ത്രിയായിരുന്നു 1960 മുതൽ 1966 വരെ. '66ലെ പട്ടാളവിപ്ലവത്തിൽ ഏതോ അജ്ഞാത സങ്കേതത്തിലേയ്ക്കു കൊണ്ടുപോകപ്പെട്ട അദ്ദേഹം വധിക്കപ്പെടുകയാണുണ്ടായത്.

രാജ്യത്തെ പല ഹൈക്കമ്മീഷനുകളും എംബസികളും ഇക്കോയി ഐലൻഡിലാണ്; ഇൻഡ്യൻ ഹൈക്കമ്മീഷൻ ഉൾപ്പെടെ. നൈജീരിയായിലെ 'ചാണക്യപുരി' എന്നോർത്തുപോകും. ഡൽഹിയിലെ ചാണക്യപുരി ഓർക്കുമല്ലോ? ഇൻഡ്യയിലെ എംബസികൾ സ്ഥിതിചെയ്യുന്ന സ്ഥലം. ചന്ദ്രഗുപ്ത മൗര്യന്റെ മന്ത്രിയായ ചാണക്യന്റെ ഓർമ്മക്കായി നല്കിയ പേര്. എത്ര അർത്ഥസമ്പുഷ്ടിയുള്ള പേര്. പുരാതന ഇൻഡ്യയിലെ പ്രഗത്ഭനായ അംബാസഡർ ആയിരുന്നല്ലോ ചാണക്യൻ.

ലാഗോസിലെത്തുന്ന ഒരു എക്സ്പ്രസ് റോഡിലെ ട്രാഫിക് ബോർഡ് ശ്രദ്ധിച്ചുപോകും.

No U turn
No learner
Minimum speed 100 KMPh.

മിനിമം സ്പീഡ് നൂറുകിലോമീറ്റർ. മാക്സിമം 100 കി. മീ. യിൽ പോകാൻ പറ്റാത്ത നമ്മുടെ റോഡുകളെപ്പറ്റി എങ്ങനെ ഓർക്കാതിരിക്കും.

ലാഗോസ് മെയിൻ ലാൻഡിൽ ആരുടേയും ശ്രദ്ധ പിടിച്ചുപറ്റുന്ന പടുകൂറ്റൻ അത്യാധുനിക സൗധം വളരെ അകലെനിന്നേ കാണാം. ആഫ്രിക്കയിലെ ഏറ്റവും വലിയ എയർപോർട്ട് — മുർത്താലാമുഹമ്മദ് ഇന്റർനാഷണൽ എയർപോർട്ട്. എല്ലാവിധ ആധുനിക സജ്ജീകരണങ്ങളുമുണ്ടിതിൽ. ഡച്ച് ആർക്കിടെക്ചറിലുള്ള ഇതിന്റെ നിർമ്മാണം നെയ്റോബിയിലെ ജോമോ കെനിയാററാ എയർ പോർട്ടിനെ രണ്ടാം സ്ഥാനത്തേക്ക് പിൻതള്ളി. ആയിരക്കണക്കിനു കോടി രൂപാ ചെലവുവരുന്ന ഈ സ്ഥാപനം; നൈജീരിയായുടെ ഭരണചരിത്രത്തിൽ— 14 വർഷത്തെ പട്ടാളഭരണവും 10 വർഷത്തെ സിവിലിയൻ ഭരണവും ഏറ്റം കുറഞ്ഞകാലം (6മാസം) പട്ടാളഭരണത്തലവനായിരുന്ന ജനറൽ മുർത്താലാ മുഹമ്മദിന്റെ സ്മരണക്കായി രാജ്യത്തുള്ള സ്മാരകങ്ങളിൽ ഒന്നാണ്. അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കാനോയിൽ മുർത്താലാ മുഹമ്മദ് സ്ട്രീറ്റ് തന്നെയുണ്ട്. രാജ്യത്തെ ഏറ്റവും വിലകൂടിയ കറൻസി നോട്ടിൽ അദ്ദേഹത്തിന്റെ പടമുണ്ട്. വളരെ പ്രഗത്ഭനായിരുന്ന അദ്ദേഹത്തിന്റെ ഭരണകാലം നൈജീരിയാ

യുടെ സുവർണ്ണകാലമെന്നാണ് പറയുക. ജാതിമത വർഗ്ഗ ഭേദമെന്യേ ആളുകൾക്ക് അദ്ദേഹത്തോടു ബഹുമാനമുണ്ട്. (പരാജയപ്പെട്ട ഒരു പട്ടാളവിപ്ലവത്തിൽ, ലാഗോസിലെ ടാഫിക് ജാമിൽ, അദ്ദേഹം വെടിവെച്ചുകൊല്ലപ്പെടുകയാണുണ്ടായതു്.) ഇത്ര ചുരുങ്ങിയ കാലംകൊണ്ടു് ഇത്ര മറക്കപ്പെടാൻ വയ്യാത്തതു ആളാണെങ്കിൽ; ആശാന്റെ 'വീണപൂവി'ലെ 'ലോലജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലികാദ്യം' എന്നവരി ഓർമ്മിച്ചുപോകുന്നു.

എയർ പോർട്ടിൽനിന്നു് തിരക്കുള്ള റോഡിലൂടെ കിലോമീറ്ററുകൾ പിന്നിടുമ്പോൾ, ലോകത്തിലെ ഏറ്റം ജീവിതച്ചെലവു കൂടിയ, ഫ്ളൈഓവറുകളുടെ, കാറുകളുടെ നഗരം വിട്ടിരിക്കും. അപ്പോൾ മനസ്സിൽ പൊന്തിവരിക പ്രസിദ്ധ ഇംഗ്ലീഷ് നോവലിസ്റ്റ് സ്റ്റീവൻസണിന്റെ ''ആദ്യത്തെ പ്രേമം, ആദ്യത്തെ സൂര്യോദയം, തെക്കൻ സമുദ്രദ്വീപുകളുടെ ആദ്യദർശനം ഇവയെപ്പററിയുള്ള സ്മരണകൾ മനസ്സിൽ ചേർന്നിരുന്നു വിലസിക്കൊണ്ടിരിക്കുന്നു. കന്യകാത്വം കലർന്ന അനുഭൂതിയുടെ ആവിഷ്കരണങ്ങളാണു് ഇവ മൂന്നും'' എന്ന വാചകങ്ങളായിരിക്കും: ഒരു ചെറിയ തിരുത്തലോടെ.

* * *

"Happiness is a by-product of an effort to make some one else happy"

*—Greeta Palmer*

*

"Remember there can be no happiness for any one, unless it is won for all"

*—Sir Jagadish Chandra Bose*

*

"Success is the child of two very plain parents — punctuality and accuracy"

*—Longfellow*

*

"Observation more than books, experience rather than persons, are the prime educators"

*—A. B. Alcott*

* * *


*Visit*

# VRINDAVAN BOOK HOUSE

**Thalayolaparampu**

**Near Panchayath Office**

*For*

**College text books, guides, library books and allied stationaries.**

**Authorised dealers of**

**Murphy Radio & Taperecorder**

# SHAILA RADIO COMPANY

**Main Road**
**Thalayolapparambu**
**686 605**

**Dealers in all Electrical goods, Steel Furniture, Home appliances, Watch, Clock and Radios.**

# WORLD IS A MIRROR

**BABU JOSEPH**
**III B. A. Eng. Lit.**

I went on thinking with an ardent wish
To remain in childhood forever
I know the World above me
The World of stubborn creatures,
Whoever enters shall
Become an addict to the ruined world.

But a plant has to grow
As time passes;
Now, I am one among them
In life's noisy fray.

I find with a shudder
Freedom is denied to the poor.
It is solid in black-market
Bought by the wealthy few.

Let Hamurabi's era come with his severe code,
'Eye for an eye' 'tooth for a tooth'
It was so harsh and good —
But that would never come again!

You learn to practice good
Before you try to make others learn;
Do good to others
You shall be returned the same.

The World is a mirror indeed
And there reflects everything we do.

എല്ലാവിധ

ഹോർബോമിനാൽ മരുന്നുകൾക്കും

ആയുർവേദ ഔഷധങ്ങൾക്കും-

**CIVILSON MEDICALS**

**KURAVILANGAD 686 633**

പ്രവർത്തനം മൂലം T. C. P. ഡയോക്സിൻ എന്ന ഉഗ്ര വിഷമായി മാറി. തലമുറകളിലേക്ക് ബാധിക്കുന്ന ഒരു വിഷമാണ് ഡയോക്സിൻ. ഒരു പരിധിയിലധികം വിഷമേററ മൃഗങ്ങളേയും ചെടികളേയും നശിപ്പിച്ചുകളയേണ്ടിവന്നു. അപകടമുണ്ടായ സ്ഥലത്തെ കെട്ടിടങ്ങളും കല്ലും മണ്ണും വരെ വളരെയധികം വിഷലിപ്തമാവുകയും തൻമൂലം നീക്കം ചെയ്യേണ്ടി വരികയും ചെയ്തു. അമേരിക്ക വിയററ്നാം ജനതയുടെ മേൽ പ്രയോഗിച്ച രാസായുധം (chemical weapon) ഇതായിരുന്നു എന്നതുംകൂടി ഈ അവസരത്തിൽ നാം ഓർക്കേണ്ടതുണ്ട്.

1979 മാർച്ച് 28-ാം തീയതി വെളുപ്പിന് നാലുമണിക്ക് 880 മെഗാവാട്ട് ശക്തിയുള്ള അണുശക്തി റിയാക്ടറിന്റെ സ്ഫോടനത്തിൽ അവസാനിച്ച ത്രീമൈൽ ഐലൻറിലെ ദുരന്തം അരങ്ങേറിയത്. അതും ഒരു വാൽവ് തകരാറായിരുന്നു. അണുശക്തി യുദ്ധാവശ്യത്തിനെന്നതുപോലെ സമാധാന ആവശ്യത്തിന് ഉപയോഗിക്കാമെന്നതും ഫലത്തിൽ ഒരു വ്യാമോഹമാകുമെന്നു തെളിയിച്ച സംഭവമായി ത്രീമൈൽ ഐലൻറ് ദുരന്തം. 1968-ൽ ഒരു ബ്രിട്ടീഷ് കെമിക്കൽ ഫാക്ടറിയും 1963-ൽ ഒരു ഡച്ച് കെമിക്കൽ ഫാക്ടറിയും ദുരന്തത്തിന്റെ വാഹകരായി മാറി.

1978-ലും 81-ലും 82-ലും യൂണിയൻ കാർബൈഡിൽ അപകടം ഉണ്ടാവുകയുണ്ടായി. 1982 ഒക്ടോബറിൽ ഒരു തൊഴിലാളി മരണമടയുകയും ചെയ്തു. അമിതമായി ഏതോ വാതകം ശ്വസിക്കേണ്ടി വന്നതിനാലാണത്രേ അയാൾ കൊല്ലപ്പെട്ടത്. ഫാക്ടറിക്കകത്ത് അപകടം ഒരു നിത്യസംഭവമെന്നപോലെയായിട്ടും വലിയ തോതിലുള്ള അപകടസാദ്ധ്യത അന്വേഷിച്ച് ശക്തമായ സുരക്ഷിതത്വനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. അതിന്റെ പരിണിതഫലമാണ് ഈ കൂട്ടമരണത്തിൽ അവസാനിച്ച ദുരന്തം.

കാര്യം പറയുന്നതല്ലോ. 1978 ഏപ്രിലിൽ ഇൻഡ്യൻ പാർലമെൻറിൽ വായു മലിനീകരണനിയന്ത്രണബിൽ കൊണ്ടുവരികയുണ്ടായി. ബില്ല് സെലക്ററ് കമ്മററിയുടെ മുമ്പിലാണത്രെ. ബില്ലിലെ ചില വ്യവസ്ഥകളാകട്ടെ ബഹുവിചിത്രവുമാണ്. ഉദാഹരണമായി ഈ ബില്ലിലെ നിയമമനുസരിച്ച് കുററം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഫാക്ടറിയെ ശിക്ഷിക്കണമെങ്കിൽ തുടർച്ചയായി ഒരു വർഷത്തേക്ക് ആ ഫാക്ടറി വായു മലിനീകരണം നടത്തിയെന്ന് പ്രോസിക്യൂഷൻ തെളിയിക്കണം, അതായത്, ഒരു വർഷംവരെ സുഗമമായി വായു മലിനീകരണം നടത്താമെന്നർത്ഥം. അല്ലെങ്കിലെന്ത്? 1974-ൽ ജലമലിനീകരണ നിവാരണ നിയന്ത്രണ ആക്ട് പാസ്സാക്കി. മലിനീകരണ സാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് മുന്നറിവോ ആശങ്കയോ ഉള്ള പക്ഷം കോടതിയെ സമീപിച്ച് ആ വക പ്രവൃത്തികൾ തടയുന്നതിന് നിയമം ജലമലിനീകരണ നിയന്ത്രണ ബോർഡിന് അധികാരം നൽകുന്നുണ്ട്. പക്ഷേ ചാലിയാർപുഴ വിഷവാഹിയായപ്പോൾ നിയമങ്ങൾ പുസ്തകങ്ങളിൽ ഉറങ്ങുക മാത്രമായിരുന്നു എന്നതാണ് സത്യം.

അതുകൊണ്ട് ഈ മണ്ണും വിണ്ണും വായുവും ജലവും തങ്ങൾക്കുമാത്രം എങ്ങനെയെങ്കിലും അനുഭവിച്ചു തീർക്കുവാനുള്ളതല്ല എന്നും വരുംതലമുറകൾക്കുംകൂടി വേണ്ടിയുള്ള പ്രകൃതിയുടെ സംഭാവനയാണ് എന്നും ഈ രാജ്യത്ത് ജനങ്ങൾ തന്നെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

1854-ൽ സിയാററിൽ എന്ന അമേരിക്കൻ മൂപ്പൻ അന്നത്തെ അമേരിക്കൻ പ്രസിഡൻറിനയച്ച കത്തിൽനിന്നും ചില ഭാഗങ്ങൾ ഞാനിവിടെ ഉദ്ധരിക്കട്ടെ.

''നിങ്ങളെങ്ങനെ ആകാശത്തെ, മണ്ണിന്റെ ഊഷ്മളതയെ വാങ്ങുകയും വിൽക്കുകയും ചെയ്യും?

ഭോപ്പാൽ ദുരന്തം ഒരാഴ്ചക്കാലത്തേയ്ക്ക് പത്രങ്ങൾക്കൊരു വാർത്തയായിരുന്നു. എന്തൊരു ദുരന്തമെന്നതുപോലെ കരേപ്പിർത്തിച്ചു. അയ്യായിരത്തോളം, പതിനായിരത്തോളം, ഗവൺമെന്റിന്റെ കണക്കനുസരിച്ച് രണ്ടായിരത്തോളം; അങ്ങനെ കറെ ''കീട''ങ്ങൾകൂടി മരിച്ചുവീണു. പക്ഷേ മനുഷ്യത്വം മരവിച്ചുപോയ നമ്മൾ സംഖ്യയുടെ വലിപ്പം സൃഷ്ടിച്ച ഒരു ചെറിയ ഞെട്ടൽ ഒഴിച്ച് ഒന്നും കാര്യമായി സംഭവിച്ചു മട്ടില്ല.

കൂട്ടമരണത്തെ ക്ഷണിച്ചുവരുത്തുന്ന ക്രൂരതയാണ് നമ്മൾ. 1984 ഡിസംബർ 2-ാം തീയതി സുന്ദരമായ സ്വപ്നങ്ങളും തങ്ങളുടെ നിദ്രയെ അലങ്കരിക്കും എന്ന കരുതിയാണ് ഭോപ്പാലിലെ ചേരികളിലെ ജനങ്ങളുംപോലും ഉറങ്ങുവാൻകിടന്നത്. അന്ന് മരണത്തിന്റെ കറുത്ത പുകപടലം ആയിരങ്ങളെ തന്റെ ഇരയാക്കി. അപകടം ഉണ്ടായി നാലു ദിവസങ്ങൾ കഴിഞ്ഞപ്പോൾ തന്നെ 5000 പേർ മരിച്ചുകഴിഞ്ഞിരുന്നു. ഒരു നഗരം മുഴുവൻ ശ്മശാന തുല്യമായി മാറി. എന്തുകൊണ്ടിതു സംഭവിച്ചു. ഏറ്റവും സാങ്കേതികമായി പറഞ്ഞാൽ methyl isocyanate (MIC) വാതക ടാങ്കിന്റെ വാൽവിന് ലീക്ക സംഭവിച്ചു. വിദഗ്ദ്ധന്മാരുടെ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്. അതു വായിച്ചു കഴിഞ്ഞാൽ ഈ അപകടം എന്തുകൊണ്ടു സംഭവിച്ചു എന്ന് നമുക്ക് ബോദ്ധ്യമാകും.

"The plant represents either a higher potential for an accident or more serious consequences if an accident shoul d occur." ഇതാ മറ്റൊരു ഭാഗം. "Leaking valves have been fairly common." ഇവിടെ ഈ ദുരന്തത്തിനു വഴിയൊരുക്കിയത് വാൽവിന്റെ leakage ആയിരുന്നുവെന്നത് അപ്പോൾ ഒരുത്തതല്ലാതാകുന്നു. നാം കരുതുന്ന മറ്റൊരു കാര്യമുണ്ട്. വലിയ കമ്പനികളിലെ ഉപകരണങ്ങൾ വളരെ കൃത്യമായി അളവുകൾ കാണിക്കുന്നവയായിരിക്കുമെന്ന്. "The pressure gauge of phosgene tank was bad showing no pressure eventank was in service." Phosgene ശക്തമായ ഒരു വിഷവാതകമാണ്. അത് ശ്വസിക്കുന്ന നിമിഷം അപായമുണ്ടാകും. എന്നിട്ടും ഫോസ്ജീൻ ടാങ്കിലെ വാതകത്തിന്റെ മർദ്ദം അറിയുവാനുള്ള ഉപകരണം പ്രവർത്തനക്ഷമമല്ലായിരുന്നു എന്നു പറയുമ്പോൾ പിന്നെ എന്തു സുരക്ഷിതത്വമാണ് അവിടെ ഉണ്ടായിരുന്നതെന്ന് നമുക്ക് വ്യക്തമാകും. ഇതായിരുന്നു യൂണിയൻ കാർബൈഡ് കമ്പനിയുടെ അവസ്ഥ.

# മണി മുഴങ്ങുന്നതാർക്കുവേണ്ടി....?

*എബി ജോർജ്ജ്* 3-ാം വർഷ ഫിസിക്സ്

ഇത്രമാത്രം. എത്രമാത്രം പേരാണ് മരിച്ചത്? 5000-ൽ കൂടുതൽ പേർ മരിച്ചു എന്നല്ലാതെ കൃത്യമായി ആർക്കും മരണസംഖ്യ കണ്ടെത്തുവാൻ കഴിയില്ല.

ഭോപ്പാലിലെ ഒരു ജേർണലിസ്റ്റ് 'Saptahik report' എന്ന ഹിന്ദി ആഴ്ചപ്പതിപ്പിന്റെ മൂന്നു ലക്കങ്ങളിൽ ഈ കമ്പനിയെക്കുറിച്ചും അപകടം ഉണ്ടാകാവുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ചും എഴുതിയിരുന്നു. അവയുടെ തലവാചകം ഇങ്ങനെയായിരുന്നു. Save, plase save this city; Bhopal is on the mouth of a volcanno; If you don't understand you will be wiped out. അതേ, ആ അഗ്നിപർവ്വതം പൊട്ടി. മരണത്തിൽനിന്നും ആയിരങ്ങളെ രക്ഷിക്കാൻ ആർക്കും ആയില്ല. കമ്പനിയിലെ സുരക്ഷിതത്വ ഏർപ്പാടുകളുടെയും മററും അപര്യാപ്തതയും ഉപയോഗശൂന്യതയും അപകടത്തിനു ശേഷം മാത്രമേ ഗവൺമെന്റിനും കമ്പനി അധികാരികൾക്കും ബോദ്ധ്യമായുള്ളൂ. പക്ഷേ 1982 മദ്ധ്യത്തോടെ കമ്പനിയിലെ സുരക്ഷിതത്വ ഏർപ്പാടുകൾ പരിശോധിച്ച

ഭോപ്പാലിൽ മരിച്ചവർ എത്രയോ ഭാഗ്യവാന്മാർ. ജീവിച്ചിരിക്കുന്നവർ ഇഞ്ചിഞ്ചായി മരിക്കുവാൻ ശപിക്കപ്പെട്ടിരിക്കുന്നു. അന്ധതയിലേക്ക് നയിക്കുന്നതടക്കമുള്ള മാരകമായ രോഗങ്ങൾ വരും തലമുറകൾപോലും വഹിക്കേണ്ടിവരും. ഇതുപോലുള്ള ദുരന്തം നടക്കുമ്പോൾ പലപ്പോഴും മരിച്ച മനുഷ്യരുടെ എണ്ണത്തെക്കുറിച്ച് മാത്രമേ ചർച്ച ചെയ്യപ്പെടാറുള്ളൂ. ഭോപ്പാലിൽ കന്നുകാലികളെയും മററു മൃഗങ്ങളെയും മറവുചെയ്യാൻ പത്തടി താഴ്ചയും ഒരേക്കറിലധികം വിസ്തീർണ്ണവുമുള്ള കുഴിയാണത്രെ തയ്യാറാക്കിയത്. അതിന് തന്നെ പന്ത്രണ്ട് ബുൾഡോസറുകൾ വേണ്ടിവന്നു. സസ്യജാലങ്ങൾക്കുണ്ടായ നാശം ഊഹിക്കാവുന്നതിനപ്പോലും അപ്പുറത്താണ്.

1976 ജൂലൈ 10-ന് ഇറ്റലിയിലെ സെവേസോ നഗര പാർശ്വത്തിലുള്ള ട്രൈക്ലോറോ ഫിനോൾ (T. C. P.) ഫാക്ടറിയിലെ വാൽവ് തകരാറ് അനേകം പേരുടെ മരണത്തിനിടയാക്കി. ശക്തമായ രാസ

ഞങ്ങൾക്കപരിചിതമാണ് അത്തരം ചിന്ത. വായുവിന്റെ നവചൈതന്യവും വെള്ളത്തിന്റെ തിളക്കവും ഞങ്ങളുടെ വകയല്ലാതിരിക്കെ ഞങ്ങളോട് നിങ്ങളവ വാങ്ങുന്നതെങ്ങനെ?

ഈ ഭൂമിയുടെ ഓരോ ഇടവും എന്റെ ജനങ്ങൾക്ക് പരിശുദ്ധമാണ്. മിന്നുന്ന ഓരോ പൈൻ സൂചിയിലയും ഓരോ മൺതിട്ടയും ഇരുണ്ട കാട്ടിലെ ഓരോ പുകമഞ്ഞിൻ പരപ്പും ഓരോ തുറസ്സുസ്ഥലവും ഓരോ മൂളുന്ന ഷഡ്പദവും എന്റെ ജനങ്ങളുടെ സ്മൃതിയിലും അനുഭവത്തിലും വിശുദ്ധമായിരുന്നവയാണ്. മരങ്ങളിലൂടെ കുതിക്കുന്ന ജീവസത്ത ചുവന്ന മനുഷ്യന്റെ ഓർമകളെ വഹിക്കുന്നു.

ആറുകളിലും തോടുകളിലും തിളങ്ങുന്ന വെള്ളം വെറും വെള്ളമല്ല. ഞങ്ങളുടെ പൂർവ്വികരുടെ രക്തമാണ്. ഞങ്ങൾ നിങ്ങൾക്കു ഭൂമി വിറ്റാൽ നിങ്ങൾ ഈ ജലം പരിശുദ്ധമാണെന്ന് ഓർമ്മിക്കണം. ഇതു പരിശുദ്ധമാണെന്നു മാത്രമല്ല, തടാകങ്ങളുടെ സ്ഫടികജലത്തിലെ ഓരോ അഭൗമിക പ്രതിഛായയും എന്റെ ജനങ്ങളുടെ ജീവിത സംഭവങ്ങളെയും ജീവന സ്മരണകളെയും കുറിക്കുന്നതാണെന്നും നിങ്ങളുടെ കുഞ്ഞുങ്ങളെ മനസ്സിലാക്കണം. വെള്ളത്തിന്റെ മർമ്മരം എന്റെ അച്ഛന്റെ അച്ഛന്റെ ശബ്ദമാണ്.

വെളുത്ത മനുഷ്യൻ ഞങ്ങളുടെ രീതികൾ മനസ്സിലാക്കുന്നില്ല എന്ന് ഞങ്ങൾക്കറിയാം. അയാൾക്ക് ഭൂമിയുടെ ഏതൊരിടവും മറ്റേതിടവും പോലെയാണ്; കാരണം ഭൂമിയിൽനിന്ന് തനിക്കാവശ്യമുള്ളതൊക്കെ രാത്രിയിൽ വന്നെടുത്തുകൊണ്ടുപോകുന്ന അന്യനാണ് അയാൾ. ഭൂമി അയാളുടെ സഹോദരനല്ല, ശത്രുവാണ്; അതിനെ ഒരിടത്ത് കീഴ്പ്പെടുത്തിക്കഴിയുമ്പോൾ അയാൾ അടുത്തയിടത്തേയ്ക്ക് നീങ്ങുന്നു. സ്വന്തം പിതാവിന്റെ കുഴിമാടം പിന്നിൽ തള്ളി അയാൾ പോവുന്നു; അതിലയാൾക്കൊന്നുമില്ല. അച്ഛന്റെ കുഴിമാടവും കുഞ്ഞുങ്ങളുടെ ജന്മാവകാശങ്ങളും മറക്കപ്പെടുന്നു. അമ്മയായ ഭൂമിയെയും സഹോദരനായ ആകാശത്തെയും അയാൾ കാണുന്നത് കന്നുകാലികളെയോ കുന്നിമണികളെയോ പോലെ വാങ്ങാനും കൊള്ളയടിക്കാനും വില്ക്കാനുമുള്ളവയായാണ്. അയാളുടെ വിശപ്പ് ഭൂമിയെ വിഴുങ്ങി ഒരു മരുഭൂമി മാത്രം അവശേഷിപ്പിക്കും.

ഇതു ഞങ്ങൾക്കറിയാം; ഭൂമി മനുഷ്യന്റെയല്ല; മനുഷ്യൻ ഭൂമിയുടെയാണ്. ഇതു ഞങ്ങൾക്കറിയാം: ഒരേ കുടുംബത്തെ ഏകീകരിക്കുന്ന രക്തത്തെപ്പോലെ എല്ലാം തമ്മിൽ ചേർക്കപ്പെട്ടവയാണ്. ഭൂമിക്കു സംഭവിക്കുന്നതെല്ലാം ഭൂമിയുടെ മക്കൾക്കും സംഭവിക്കും. ജീവിതമെന്ന ഈ വൻവല നെയ്യുന്നത് മനുഷ്യനല്ല. അവനതിൽ ഒരിഴമാത്രമാണ്. ആ വലയോട് അവൻ ചെയ്യുന്നതെല്ലാം തന്നോടുതന്നെയാണ് ചെയ്യുന്നത്.''

അതുകൊണ്ട് നമുക്ക് ഈ മണ്ണിനെയും വിണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്ന ഒരു തലമുറ വളർന്നുവരേണ്ടിയിരിക്കുന്നു. വരും തലമുറകൾക്കുവേണ്ടി ബഹുരാഷ്ട്ര കമ്പനികളുടെയും രാഷ്ട്രീയ മുതലാളിമാരുടെയും കോൺട്രാക്ടർമാരുടെയും ലാഭക്കൊതിയിൽനിന്ന് ഈ പവിത്രമായ ഭൂമിയെ രക്ഷിക്കുവാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു.

ജനങ്ങളുടെ ഇച്ഛാശക്തിക്കു മാത്രമേ ഇത്തരം വ്യാപകമായ തലമുറകളെ ബാധിക്കുന്ന കുറ്റകൃത്യങ്ങൾക്ക് കടിഞ്ഞാണിടുവാൻ സാധിക്കുകയുള്ളൂ.

ഗോവയിലെ സുന്ദരമായ കടൽത്തീരം സുവാരി അഗ്രോകെമിക്കൽസ് എന്ന സ്ഥാപനം മലിനപ്പെടുത്തിയപ്പോൾ ജനശക്തി അതിനെതിരെ തിരിയുകയും മലിനീകരണ പ്രവർത്തനങ്ങൾക്ക് ശക്തമായ തിരിച്ചടി നൽകുവാൻ സാധിക്കുകയും ചെയ്തു.

'മണിമുഴങ്ങുന്നത് ആർക്കുവേണ്ടിയാണ്'' എന്ന ചോദ്യത്തിന് അർത്ഥമില്ല. ഇന്നലെകളിൽ അത് ത്രീമൈൽ ഐലൻഡിലെയോ, സെവാസോയിലെയോ ജനങ്ങൾക്കുവേണ്ടിയായിരുന്നു. ഇന്നത് ഭോപാലിലെ ജനങ്ങൾക്കുവേണ്ടിയാണ്. നാളെ? അതേ, നാളെ ആലുവായിലെ ഫാക്ടറിയിൽനിന്ന്, അമ്പലമുകളിലെ എണ്ണശുദ്ധീകരണശാലയിൽനിന്ന്, വെള്ളൂർ H P C യിൽനിന്ന്, ടാവൻകൂർ ടൈറ്റാനിയത്തിൽനിന്ന് അല്ലെങ്കിൽ ഈ കുറിപ്പ്, ഞാൻ എഴുതുന്നതിനും നിങ്ങൾ വായിക്കുന്നതിനും ഇടക്കുള്ള സമയംകൊണ്ട് സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന ഭൂതത്താൻകെട്ടിലെ ആണവ വൈദ്യുത നിലയത്തിൽനിന്ന്, മരണത്തിന്റെ മണിമുഴക്കം കേൾക്കേണ്ടിവരും, ഇന്നു നാം പ്രവർത്തിക്കുവാൻ തയ്യാറായില്ലെങ്കിൽ.

**അവലംബം**

1. രാജ്കുമാർ കെ സ്വാമി — സപ്താഹിക് റിപ്പോർട്ട് ലേഖകൻ
2. ജോൺ ജി Fuller — റീഡേഴ്സ് ഡൈജസ്റ്റ് ബുക്ക് സപ്ലിമെന്റ് ''Poison that fell from the Sky''
3. കലാകൗമുദി — സക്കറിയായുടെ വിവർത്തനത്തിൽനിന്ന്

# BOARD OF EDITORS



Sri. Thomas Sebastian M.A. M.Com. *(Editor - in - Chief)*
Prof. K. M. Chacko M. A.
Rev. Fr. E. J. Thomas M.Sc. (Principal)
Prof. C. P. Kurian M. A.
Miss. M. A. Marykutty M. A.
Joseph Mathew. I.
Sunil Jose
Mohan Sebastian
Jose Joseph
James V. Palackel *(Student Editor)*









*Our Bursar*
Rev. Fr. M. M. Mathew M.Sc.

Staff Advisor
**Prof. Mathew Sebastian M. A.**

*Treasurer*
Sri C. P. Joy M. Sc.

*Arts Club Director*
Sri. Mathew Elanji M.A.B.Ed.

## ജൂൺ 21 ന് പ്രദർശനമാരംഭിക്കുന്നു !



## LETTER FROM THE EXECUTIVE STAFF EDITOR



Personal Greetings to you,

This academic year has the special significance of ushering in the International year for the youth. Commencing life as a helpless infant, individual makes his way though carefree childhood and stormy adolescence to reach the destination of responsible adulthood. The latter part of the adolescence and the former part of the adulthood are known as the period of youth.

We have to set our aims high and cherish a glittering future for the coming generation of young men and women. Students require special stress at the college level, from where, they are to stepout into the wider world with greater responsibilities of their own. So our colleges and universities should place the highest premium on training the youth for their future roles. We have to inculcate in them a deep sense of social awarness and building up their cultural and academic standards.

The need of the hour, on the eve of the 21st century, is to think and listen to the voice of India's young people who will one day pass judgement on the deeds of today's generation.

The young men and women are destined to lead a stupendous role in the re-generation of the society. They are the architects of the future nation. Let them awake, arise, face the challenge of the day and serve the society truly and devotedly.

This magazine would give you an idea of what Deva Matha's role was, in the great work of preparing young people to fight the battle of life.

With Best Wishes
The Executive Staff Editor






Dramatic Club — by Sri S. P. Pillai



Film Club — by T. G. Ravi


FILM STAR

# SUB EDITORS


Jose Joseph


Sunil Jose


Rajeev K. R.


Joy George


Xavier Thomas


Sheena M. Job

**TRUE FRIEND**

A true friend...
unbosoms freely,
advises justly,
assists readily,
adventures boldly,
takes all patiently,
defends courageously,
continues a friend
unchangeably.

# SCHOLARSHIP HOLDERS


Reena C. T.


Sherly K. B.


Lizamma Mathew


Sheeba M. Job


Ushakumari P. G.



ABEY GEORGE III D C (Phy)
Secretary Oratory Club
Best Orator of the College
Essay I Prize
Winner-Nehru Trophy Debate (T V M)
Y M C A Trophy Tiruvalla
Deepika Trophy
St. Thomas Centenary Trophy
Silver medal (Palai), Lions
Club Bward, 2nd Intelectual
Giant Award (Chalakudi), 2nd
Gandhiji Varsity N S S Elocution

SREEKUMAR N. III D C (Phy)
Secretary, Quiz Club
College Arts Champion
N. S. S. & A I C U F Quiz
Champion, Winner of
Various Intercollegiate Arts &
Quiz competitions & gifted
Kathakali dancer and a talented
Writer



# A TOUCH OF LIFE

When I was born
I cried
I felt afraid to be born
To this wicked world.
So I cried and cried
Closing my fist tighter
And that was the time
Of my birth

I felt lonely
To be an alien to this world.
Still with my innocent cry
I answered those around me.
Time passed on
And I was no more melancholy
The cry on my face disappeared
And with it all my innocence.

The ideals I had
Kept up till that time
Lost their value
As I opened my soft hands.
I then started to smile
That meant
The world gained
Another friend.

This world is the land of the dying.
The next, that
Of the living.
We must all appear before
His Judgement seat
And each one may receive good or evil
According to what he has
Done in the body.

When I die happy am I
For I escape from this world;
But those around me then
Cry, as they lose a wicked soul
And that is the time
Of my death.
Death is the golden key that opens
The place of enternity.

**Mathew Kanekattil**
III DC. English

നിരത്തിൽ കുതിരക്കുളമ്പടികൾ...അതാ ജഗദീശിനെ തേടിപ്പിടിക്കാനിറങ്ങിയ ആരതിയുടെ വീട്ടുകാരാവും...കുളമ്പടിയൊപ്പം മിടിയ്ക്കുന്നഹൃദയം... ജഗദീശിവിടെയില്ലെന്നറിഞ്ഞാവും അവർ മടങ്ങിയെന്നു തോന്നുന്നു.

...ദൂരെ, മലനിരകൾക്കിടയിൽ ... ചന്ദ്രൻ... അകലെയതാ മരണത്തിന്റെ താഴ്‌വര തെളിഞ്ഞു വരുന്നു. കന്യകളുടെ റാണിയുടെ ഏറ്റം ഭീതിദമായ സ്ഥലം....എല്ലാവരും കയറുവാൻ ഭയപ്പെടുന്ന കൊടുമുടി... ഒരു കാൽവയ്പ്പ് പിഴച്ചാൽ ചുവടെ വ്യാളികൾ കാത്തുനില്പുണ്ടാവും.....അതാ അവിടെയ്ക്കാണോ ഓടിക്കയറുന്നതു്... അതാരാണ്? ഇന്ദ്രധനുസ്സുപോലെ പടരുന്ന മുടി...ചുവന്ന മുഖത്തു്.....,അവൾ ഇങ്ങോട്ട് എന്റെ നേരെയാണ് നോക്കുന്നതു്....രക്തം പോലുള്ള കണ്ണുകൾ...എന്തോ എന്റെനേരെ ചൂണ്ടിപ്പറയുകയാണ്..... അതാ ശാപം മിന്നൽപോലെ വരുന്നു...എന്നെ ചുഴ്ന്നു നില്ക്കുന്ന വായുപോലും കത്തുന്നു. ആരതിയുടെ ചിലമ്പുകളുടെ ശബ്ദം... "ഇതുവരെയുള്ളവർ ഈ അപമാനം സഹിച്ചു. എനിക്കതാവില്ല" ആരതിയുടെ ശബ്ദം താഴ്‌വര മുഴുവൻ മുഴങ്ങുന്നു. ഈശ്വരാ...ഇല്ല. അവൾ കരയുകയാണ്...ഓ... തേങ്ങലാണൊഴുകിവരുന്നതു്. ആരതി മുന്നോട്ടോടുകയാണ്... ഞാനലറിപ്പോയി...അതാ ഒരു മഞ്ഞുതുവൽ പോലെ ആരതി അഗാധതയിലേയ്ക്കു്... മഞ്ഞു താഴ്‌വരയിൽ രക്തപുഷ്പങ്ങൾ ചിതറുന്നു.

മണികൾ മുഴങ്ങുകയാണ്... മരണം... വിരൂപിണിയായി ഇരുളിന്റെ മറവിൽ നിന്നിറങ്ങി വന്നു. ശവഘോഷം പുറകെയാവും... നായ്ക്കളുടെ ആരവം... അതാ മൃത്യു താഴ്‌വരയിലൂടെ ഊർന്നിറങ്ങിവരുന്നു... കരിമേഘം പോലെ... പിന്നാലെ ജനങ്ങളും... ആരതിയുടെ ശവമാണ്... അയ്യോ അവരിങ്ങോട്ടാണ് വരുന്നതു്... ചുവന്ന തീക്കണ്ണുകൾ എങ്ങും... എല്ലാവരും എന്നെയാണ് വിളിക്കുന്നത്.... "ഹേയ്" വരാം... ഇങ്ങുവരൂ..." മരണത്തിന്റെ ചുണ്ടിൽ നിന്ന് രക്തം ചിതറുന്നു.

ശിരസ്സിനുള്ളിൽ സ്ഫോടനം പോലെ... ഇന്ദ്രിയങ്ങൾ മരവിക്കുന്നു... നരച്ച ശിരസ്സുകളാണ് എവിടെയും... ചുറ്റും കാതടപ്പിക്കുന്ന ശാപവചനങ്ങൾ... ജഗദീശിന്റെ മൃതദേഹമാണ് മുന്നിൽ... നരച്ച മേഘങ്ങൾ പോലെ കഴുകന്മാർ. പിന്നിൽ നിന്ന് ആരതി സിന്ദൂരം വിതറുന്നു... ഇല്ല... എനിക്കിനി വയ്യ... കൊടുമുടികൾ എന്റെ നേർക്ക് ഓടിയടുക്കുന്നു... പതഞ്ഞ മേഘങ്ങൾ ചുറ്റും... ശ്വാസം മുട്ടുന്നു...

... ഇതാ...ഞാനീ കൊടുമുടിക്കു മുകളിലാണ്... ചുറ്റും മരണം പൂത്ത താഴ്‌വര... മഞ്ഞുപുഷ്പങ്ങൾ തിങ്ങി നില്ക്കുന്നു... എല്ലാം നിശ്ചലമാണ്...അകലെ കരിനീലമലകൾ...അവയ്ക്കു പിന്നിൽ മരണം പൂണ്ട മേഘങ്ങൾ...ദൂരെ നീലക്കുളത്തിൻ കരയിലെ പുൽത്തകിടിയിൽ ജഗദീശും ആരതിയും ...ഞാൻ ഒറ്റയ്ക്കു്... അല്ല. എന്റെ ഉള്ളിൽ ഒരു കുഞ്ഞു് ജഗദീശുംകൂടിയുണ്ട്....പഴയ എന്റെ കാൽച്ചിലമ്പണിഞ്ഞു് ഞാൻ നൃത്തവേഷത്തിലാണ്...... താഴെ സിന്ദൂരം പാറി നടക്കുന്നു...സന്ധ്യ മയങ്ങിയുണരുന്നു... എന്റെ മരണഗാഥ ഈണത്തിൽ മുഴങ്ങുന്നു...മംഗളമാണ് കേൾക്കുന്നതു്. അവസാനത്തെച്ചുവടുവരെ ഞാൻ കേകിയായി...ചുവടുകൾ പിഴക്കുന്നു...ദൂരെ ചിലങ്കകൾ പൊട്ടിച്ചിതറുന്ന ശബ്ദം.....ഞാൻ അഗാധതയിലേയ്ക്കു്......

*Compliments from :-*

# CHIT CHAT

## Hotel and Restaurant

KURAVILANGAD

# മൃതനിശീഥം

ശ്രീകുമാർ എൻ. മൂന്നാം വർഷം ഫിസിക്സ്

ഉദ്യാനത്തിൽ പെട്ടെന്ന് തനിയെ ആയതു പോലെ.... ആരതി എപ്പോഴോ പോയിരുന്നു.... എവിടേയ്ക്കാവും? എല്ലാം പെട്ടെന്ന് നിശ്ചലമായിപ്പോയോ? ശബ്ദങ്ങൾ നിലച്ചു; അല്ല, എല്ലാവരും എന്റെനേരെ തുറിച്ചുനോക്കുന്നു. ആരതി കഥകളെല്ലാം പറഞ്ഞുപരത്തിയോ?

..ഹേയ് വരൂ...'' ആരോ വിളിച്ചതുപോലെ. ജഗദീശിന്റെ ശബ്ദമല്ല. ഞെട്ടി എഴുന്നേറ്റു. ഇല്ല. ആരേയും കാണുന്നില്ല. ''ഉം, വീട്ടിലേയ്ക്കു പൊയ്ക്കോളൂ.... ആരതി ഇപ്പോൾ ആത്മഹത്യ ചെയ്തു കാണും. ജനമറിയുംമുമ്പേ... എഴുന്നേൽക്കൂ...'' വീണ്ടും അതേ ശബ്ദം ഇടിനാദം പോലെ. ആകാശത്ത് കാർമേഘം ഉരുണ്ടുകൂടുകയാണെന്നു തോന്നുന്നു. നിമിഷംകൊണ്ട് ഇരുൾ പരന്നതുപോലെ.

...ഗെയ്റ്റ് കടക്കുമ്പോഴേക്കും കിതപ്പടക്കാൻ വല്ലാതെ പണിപ്പെട്ടു. ആരോ തന്നെ പിൻതുടരുന്നുണ്ട്, ചിലപ്പോൾ ആരതിയുടെ ചിലങ്കയുടെ ശബ്ദം. ചിലപ്പോൾ കുറേപ്പേരുടെ ഓടിയടുക്കുന്ന കാലൊച്ച.. ഒടുവിൽ ഓടേണ്ടിവന്നു. ആരേയും ഉള്ളിൽ കടത്തരുതെന്നു പറഞ്ഞപ്പോൾ ഗെയ്റ്റ് കീപ്പർ അന്തംവിട്ടു പുറത്തേക്കു നോക്കി. അയാളുടെ വയസൻ ചെവിയിൽ ഇതൊന്നും എത്തുന്നില്ലായിരിക്കും....

...മുറിക്കുള്ളിൽ കടന്നപ്പോൾ ആകെ സുരക്ഷിതയായതുപോലെ... സന്ധ്യ മൗനമായി നിൽക്കുന്നു. മലയോരത്തു മഞ്ഞു പരക്കുവാൻ തുടങ്ങി... താഴ്വരയിൽ വഴിവിളക്കുകൾ തെളിഞ്ഞുവരുന്നു. സൂര്യബിംബം പഴുത്തു ചുവന്ന്...

...മുറിക്കുള്ളിൽ ഹീറ്റർ ചുവന്ന മുഖവുമായി. എങ്കിലും മനസ്സ് ഒരു നനഞ്ഞ പക്ഷിക്കുഞ്ഞിനെപ്പോലെ വിറച്ചുകൊണ്ടിരുന്നു. ജഗദീശ് യാത്ര പോയിരിക്കയാണ്. കോടക്കാറ്റിൽ ചൂളമരങ്ങൾ ഉലയുന്ന ശബ്ദം ചീവീടുകളുടെ അസ്വസ്ഥതയ്ക്കൊപ്പം പടർന്നു വരുന്നു.

...അതാ... ആരതി വീണ്ടും വരുന്നു. ഉലയുന്ന മുടി ഇരുളിനെപോലെ പടർന്നുകിടക്കുന്നു....കരിവാളിച്ച കൺതടങ്ങൾ... ചുവന്ന മുഖത്തിന്റെ തിളക്കം... ആകെ രക്തവർണ്ണം... വെള്ളസാരിയാണ്... ചിലങ്കയുടെ ശബ്ദം ഏതോ കുടമണികളുടെ നാദംപോലെ...അവൾ ഗെയ്റ്റിനു പുറത്തുനിന്ന് എന്നെ നോക്കിച്ചിരിക്കുന്നു. കണ്ണുകളിൽ തീക്ഷ്ണതയേറിവരുന്നു. വയ്യ. എനിക്കിതു താങ്ങാൻ വയ്യ...ചില്ലുജാലകം വലിച്ചടച്ചു. ആരതിയുടെ പൊട്ടിച്ചിരി... ''ഹേയ് വരൂ ജഗദീശ്...'' അവൾ പൊട്ടിപ്പൊട്ടി ചിരിക്കയാണ്... ''എന്താ ഭയന്നുപോയോ? ഞാൻ മരിച്ചുകഴിഞ്ഞു. ഇനി എന്തിനെന്നെ ഭയക്കണം? എന്നിൽ വളർന്നുവന്ന കുഞ്ഞ് ജഗദീശിനെ അച്ഛാ എന്നു വിളിക്കില്ല. കാരണം അവനും എന്റെകൂടെ പോരുന്നു. പിന്നെ ജഗദീശിനോടു പറയണം ആരതിയും മരിച്ചിട്ടേ ഉള്ളൂ എന്ന്...''

കണ്ണുകൾ ഇറുക്കിയടച്ചു. ചെവിയടച്ചുപിടിച്ചു. ആരതിയുടെ ചിലങ്ക ഉണരുന്നതുപോലുള്ള ചിരി വലയം ചെയ്യുന്നതുപോലെ... മിഴി തുറന്നപ്പോൾ... ഭാഗ്യം! ആരതി പൊയ്ക്കഴിഞ്ഞു. എത്ര നിസ്സംഗതയോടെയാണ് അവൾ പാർക്കിൽവച്ചു കഥകളെല്ലാം പറഞ്ഞത്. ശിലപോലെയായ എന്നെ തരിമ്പും വകവയ്ക്കാതെ മുഴുവൻ പറഞ്ഞുനിറുത്തി. മന്ദഹസിച്ചു. കരിവാളിച്ച കൺതടങ്ങൾക്കു കീഴെ നുണക്കുഴികൾ തെളിഞ്ഞു. അവിടെയെങ്ങോ ജഗദീശിന്റെ നഖങ്ങൾ നൃത്തംവച്ച രേഖകൾ. ഭർത്താവ് ചെയ്ത ചതിക്ക്, ഒരു ക്ഷമയാചിക്കാനെനിക്കിടം തരാതെ ഇനി മരിക്കാൻ പോകുന്നുവെന്ന് പറഞ്ഞ് അവൾ നടന്നു നീങ്ങി. തിരിഞ്ഞുനിന്ന് ഒന്നുകൂടിപ്പറഞ്ഞു ''ഞാനാവട്ടെ അവസാനത്തെ ആൾ...ഇനിയും ജഗദീശിനെ നിയന്ത്രിച്ചില്ലെങ്കിൽ...''

ജഗദീശിന്റെ കാന്തിയുള്ള കൺതടങ്ങൾ അവസാനം വഴിതെറ്റിച്ചതെന്നെയാണ്. നാടും വീടും യഥാർത്ഥജീവിതവുമുപേക്ഷിച്ച് മലയോരനഗരത്തിലേക്കെന്നെ യാത്രയാക്കിയപ്പോൾ എല്ലാവർക്കും ജഗദീശിന്റെ കരവലയത്തിൽ ഞാൻ സുരക്ഷിതയാണെന്ന വ്യാമോഹമുണ്ടായിരുന്നു. പാനവും അന്നമായ കവിതകളും ജീവനായ നൃത്തവുമെല്ലാം ഉപേക്ഷിച്ച്, ഇവിടെ...

# COLLEGE LIFE

**AUGUSTINE K. S.**
**II B. Com.**

College life is supposed to be one of the most exciting periods in one's life. It is something all of us looked forward to eagerly, enjoy thoroughly and hate to part with. The undying friendships, radiant happiness, unfettered liberty, uncontrollable tears and irresponsible gossip of college life are things that cannot be expressed in mere words.

There are many people who think that the only purpose of going to college is to study. The college life of these miserable creatures is confined to their text-books and note-books. They are immersed in the sea of books. They find no time for extracurricular activities. These people grow up into irretable and moody individuals and end up as total misfits in the society.

All work and no play makes Jack a dull boy. But what many people don't realize is that all play and no works makes Jack an absolutely useless boy. The freedom that comes with college life is often misused by some, who forget their responsibilities, with no teacher or parents to keep an eye on them. They resort to harmful pursuits and gradually get caught in the whirlpool of self destruction. These people are worse off than the book worms described above. For they find themselves left behind in the race of life.

The best thing is to strike a balance between work and play, fun and seriousness, dreams and realities. If these ingredients are mixed to the right pitch, one's college life will be rewarding and enjoyable.

*

"Shallow men speak of the past, wise men of the present and fools of the future"

*—Mme. Du. Deffand*

*

*

"Fear less, hope more; eat less, chew more; whine less, breathe more; talk less, say more; hate less, love more; and all good things are yours"

*—Lord Fischer*

*

*Best Compliments from:*

Manjoor Ksheera Vyavasaya Sahakarana Sangham

**Ltd., No. K. 29 (D)**

**MANJOOR P. O. KURUPPANTHARA KAVALA**

*President:*

***V. L. Thomas, Valakulathil***

*Secretary:*

***M. V. Joseph Manjakalayil***

# the role of the youth in shaping the destiny of india

Youth are the creative force in any society. They possess the ability to formulate and implement measures for the progress and prosperity of the society. Power of dedication and determination are found superior in them. On the other side, if their powers are ill-used, they can spoil the whole society.

A large section of the Indian population consists of young people. The future of our nation depends on them. Our future scientists, researchers and intellectuals should come up from them. It is only a truth that our present set up is not capable of providing equal opportunities of development for everybody. We have our own limitations and shortages. The present set up cannot educate all the youth and those who are provided education are not getting it in the proper way. Our educational set up is completely outdated and is insufficient to meet our needs.

Any way, we have to cope with the present situation and at the same time, we should try to remove the defects in it. In order that we have a rational approach to various problems, we should try to acquire maximum knowledge. from various sources. We should study and analyse the principles of great philosophers and check their validity in our nation's present-day-situations.

India is a nation which is unique in many respects. People here speak different languages, and practise different religions. Different races and tribes of people reside here. Considering the peculiarities in our socio-political fields, we should have our own ways and means of development. We cannot implement a total industrial revolution as in U. S. A. or Britain as we have only our own resources. We ourselves have to pave our way forward. It is the duty of the youth to discuss and chalk out plans for the speedy recovery of our nation from the wounds of the cruel colonial exploitation which we suffered for more than two centuries. Through extensive discussions and debates a general suggestion so as what is to be done here should turn up.

Forces of destabilisation are at work at every part of our country even now. Those countries which do not want to see us developed provide all sorts of support to such forces. They sow the seeds of disintegration and disunity among the people. They try to keep our people divided on the basis of religion, caste, language etc. As the youth are the energetic and active section in any society, these forces do everything to attract the youth towards their doctrines. It is the foremost responsibility of the youth of India to keep away from such forces. We cannot achive any good from divided or destabilised India.

Majority of our people are below the poverty line and are illiterate. They are prisoners of superstitions and are even now ignorant of the advancements in science and technology. It is only an obligation of the educated youth here to work for the uplift of the poor and down trodden. Clouds of ignorance and superstitious beliefs should be thrown away from their minds. It is the time for determined work. It is not the time for exhibiting the glory and strength of our religion or language. We should remember that Gandhiji, Nethaji, Panditji and Bhagat Singh fought for a united India and not for pieces of India. So, all disruptive tendencies should be wiped out from among us.

Our nation's tomorrow is entrusted in our hands. We are not islands. We cannot afford to have a peaceful life when our nation is being crushed by our enemies — poverty, ignorance, superstitions etc. Only the youth can contribute anything substantial in this regard. Our corrupt administrative machinery has failed to tackle our problems. To set this machinery in the right path is the need of the hour. United and determined efforts only can solve such problems. The youth should rise above all narrow mindness and stand united for the construction of a strong united India where social justice prevails. If the youth of India fail to do this in this critical juncture of our nation's history, our nation's existence will be in danger tomorrow. We should not allow the capitalist forces to dominate our economic and social fields once again. Equality and fraternity which are even now hesitating to come to our sacred land should be fetched here and only the youth can do it. Dedicated and determined work of today's youth will make a better tomorrow.

**ROY ABRAHAM** II P. D. C.

# LOVE HARD WORK AND HATE LAZINESS

SAJU CYRIAC
I B. A.

We have learned that sloth has ruined more nations than the sword, that the noblest men that live on earth, are men whose hands are brown with toil and that the idle man's mind is the workshop of devil, but we have learned nothing from them. We wish for luxury and happiness but we are not prepared for hard work. We are ready to make money rather to earn it. We want as many holidays as possible and strikes, and at the same time we are expecting high marks in the examination, ignoring the fact that it is possible only by hard work.

Here I try to make a list of the causes of laziness. I do not think that this list of mine is complete, but I think it can do a lot to open our eyes towards the danger impending upon us if we are not industrious.

The first evil that affects the overall development of India is unnecessary holidays. The government is very generous in giving holidays for anything and everything. When we get holidays we are extremely delighted. A dignitary only needs to pass through the town, the entire town will come to a standstill. The schools will remain closed. Government offices will be given holidays. I hope that the government is not aware of the harm they are doing to the students by giving holidays. The students are losing a day which can be never compensated by anything.

I may be criticised for writing so, because it may appear to them that I am dishonouring the deceased dignitary. But it is not so; I have always respect for them. But to me, the best way we can honour a person is not by remaining idle but by doing our duties and responsibilities in the best way that we can do.

It is a custom to mourn the death of great dignitaries, by enjoying holidays. The death of great men is always a loss to the world and society, but this loss can be compensated, not by enjoying holidays but by additional work. The best way we can express our love towards a person is by making our contribution to the society in his name.

The second cause of laziness is strikes. It has become a part and parcel of Indian culture. It has become a profession to the trade unions and students. Neither trade unions nor the students are aware of the harm they do to the society. Time and tide will wait for none. The loss we suffer when all the workers in India strike one day is unimaginable. Take the example of our college. When 2,000 students in our college strike for one day, it is equel to 20 students remaining idle for 100 days. This is not the only way to show our opposition to the certain governmental policies or express our needs. We have to try to solve our problems by negotiations, and peacefull methods. In fact, strike has become an allergy to many students. Let us not love strike but work hard for uplifting our country.

I hope to see an India where all people work hard towards perfection. My dream of India is, of a country where there is no unnecessary strikes, no laziness but all men and women, children and old people work hard with their limited capabilities. Then we will be able to sing with Tagore;

> "Where tireless striving stretches its
> arms towards perfection;
> Into that heaven of freedom, my
> Father, let my country awoke."

Then there will be less crime and poverty in India. In two decades we will be witnessing the rise of a third power in the world. However we do not know what is there in the womb of future. Therefore let us be optimistic and not pessimistic.

# ജനാധിപത്യം പുലരണമെങ്കിൽ....

പ്രൊഫ. എം. വി. പീറ്റർ

ഭാരതീയർ ഭാവനാശാലികളാണ്. യാഥാർത്ഥ്യരംഗത്തെ പരാജയങ്ങൾക്കു മീതെ ഭാവനയിൽ നെയ്ത നേട്ടങ്ങളുടെ പട്ടുപരവതാനി വിരിച്ച് സ്വയം കബളിപ്പിക്കുവാൻ നമുക്ക് സാമർത്ഥ്യമേറും. അടിയന്തിരാവസ്ഥയെന്ന ദുഃസ്വപ്നത്തിൽനിന്ന് ഞെട്ടിയുണർന്ന ഉടനെ വിജ്ഞാനികൾ വിധിയെഴുതി. കേരളത്തിനുമുള്ള വിധിതന്നെ:— ഇൻഡ്യൻ മണ്ണിൽ സ്വേച്ഛാധിപത്യം നിലനില്ക്കില്ല. സ്വേച്ഛാധിപത്യത്തെ മാടിവിളിക്കുന്ന സാക്ഷാത്തായ പ്രവണതകൾ ഇൻഡ്യൻ ജനതയുടെ മനഃശാസ്ത്രത്തിൽ സജീവമായി നിലനില്ക്കുന്നു എന്ന പരമാർത്ഥം എത്ര എളുപ്പം നമുക്ക് വിസ്മരിക്കാൻ കഴിഞ്ഞു. 1947*-ലെ ആഗസ്റ്റ് പതിനഞ്ചിനെ സ്വാതന്ത്ര്യദിനമെന്നു വിളിക്കുന്നതും ഇതുപോലൊരു സ്വർണ്ണ സങ്കല്പത്തിന്റെ മറയിലാണ്. ഇംഗ്ലീഷുകാർ വന്നു നമ്മെ അടിമത്തത്തിലാക്കിയെന്നും അവർ പോയപ്പോൾ നാം സ്വാതന്ത്ര്യത്തിലെത്തിയെന്നുമാണല്ലോ ഈ സങ്കല്പത്തിലെ വിവക്ഷ. വിദേശികൾ ഇൻഡ്യൻ മണ്ണിൽ കാലുകുത്തുന്നതിനേറെനാൾ മുൻപുതന്നെ നാം അടിമത്തത്തിലായിരുന്നുവെന്നും അജ്ഞതയും, അന്ധവിശ്വാസങ്ങളും, ജന്മിത്വവും കൂച്ചിക്കെട്ടിയിട്ട ഭാരതീയനെ കീഴ്പ്പെടുത്തുകയും ഭരിക്കുകയും ചെയ്യുക എന്ന ജോലി അവർക്ക് അനായാസമായിരുന്നുവെന്നുമുള്ള പരമാർത്ഥം അംഗീകരിക്കാൻ നമുക്കിഷ്ടമില്ല. സായിപ്പ് പോയിട്ടും സ്വന്തം അജ്ഞതയും അന്ധവിശ്വാസങ്ങളും ജീർണ്ണപ്രായമായ സാമൂഹിക ഘടനകളും സൃഷ്ടിക്കുന്ന അടിമത്തത്തിൽനിന്ന് മോചനം നേടാൻ കഴിയാത്ത ഭാരതീയൻ സ്വാതന്ത്ര്യദിനവും റിപ്പബ്ലിക്ക് ദിനവും കൊണ്ടാടി നിർവൃതി കൊള്ളുന്നതിലെ വൈരുദ്ധ്യം ലജ്ജാകരമാണ്.

യാഥാർത്ഥ്യങ്ങൾ എക്കാലവും നമ്മുടെ സ്വപ്നങ്ങളിൽനിന്നകന്നുതന്നെ നിന്നു. സോഷ്യലിസത്തിന്റെ മംഗളമന്ത്രങ്ങൾ ഉയർന്നു പൊങ്ങുമ്പോഴും ഇവിടെ കുത്തകകൾ വളരുകയും, സമ്പന്നർ കൂടുതൽ സമ്പന്നരാവുകയും ദരിദ്രൻ പരമദരിദ്രനാവുകയും ചെയ്തു. തന്ത്രവൈദഗ്ദ്ധ്യവും അനുഭവജ്ഞാനവുമുള്ള രാഷ്ട്രീയ മേലാളന്മാരുടെ പിൻതുണയോടെതന്നെ മുതലാളിവർഗ്ഗം തങ്ങളുടെ സമ്പത്തും സാമൂഹിക ശേഷിയും അനുക്രമം വർദ്ധിപ്പിച്ചു. സാംസ്കാരികമായി അധഃസ്ഥിതവും, സംഘടനാപരമായി ദുർബ്ബലവും, രാഷ്ട്രീയപ്രബുദ്ധതയിൽ പിന്നോക്കവുമായിരുന്ന അവശവിഭാഗം വീണിടത്തുനിന്നു എഴുന്നേല്ക്കാനാവാതെ

* ഈ തെറ്റു ക്ഷമിക്കുക. ആഗസ്റ്റ് പതിനഞ്ചുകളോരോന്നും നമുക്ക് സ്വാതന്ത്ര്യദിനംതന്നെ.

വളർത്തിച്ചവർ അവരാണല്ലോ. വിദ്യാഭ്യാസവും ആരോഗ്യ പോഷണവും നേടിയ അവർ ഇന്നെവിടെ?

ഇന്നത്തെ ബുദ്ധിജീവി നിരാശനാണു്. തനിക്കു ലഭിച്ച മെച്ചപ്പെട്ട വിദ്യാഭ്യാസവും ഉയർന്ന സിദ്ധികളും ദേശീയ ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുത്തുവാൻ കഴിയാതെ പോവുന്നതിൽ ആദർശശാലിയായ അഭ്യസ്തവിദ്യൻ അസംതൃപ്തനാണു്. കാത്തുസൂക്ഷിച്ച ആദർശങ്ങൾ സാമൂഹ്യയാഥാർത്ഥ്യത്തിന്റെ ഊടുവഴികളിൽ ഉടഞ്ഞുതകരുമ്പോൾ അവനിൽ ദുഃഖവും അമർഷവും ജനിക്കുന്നു. പലപ്പോഴും സിദ്ധിച്ച ശിക്ഷണത്തോടു പൊരുത്തപ്പെടാത്ത തൊഴിൽ മേഖലകളിലാണവർ ചെന്നുപെടുക. തിയേറ്ററുടമയോ, ഷാപ്പുമാനേജരോ, കച്ചവടക്കാരനോ ആയി മാറുന്ന ബിരുദധാരികൾ ഇവിടെ കുറവല്ല. വിദ്യാഭ്യാസത്തെ അതിന്റെ മൗലികാർത്ഥത്തിൽ സ്വീകരിച്ച ഒരു ആദർശശാലി സ്വയം വീക്ഷിക്കുന്നതാവട്ടെ സാമൂഹ്യപുനഃസൃഷ്ടിയിലെ ശക്തനായ പങ്കാളിയായിട്ടും. ഒരു ബിസിനസ്സുകാരനോ, കോൺട്രാക്ടറോ, രാഷ്ട്രീയജീവിയോ, കയ്യാളുന്ന സ്വാധീനം കാണുമ്പോൾ അവനു് അമർഷവും പരാജയബോധവുമാണുണ്ടാവുക. രാഷ്ട്രീയത്തിൽ പ്രകടമായി കാണുന്ന വഞ്ചനയും തത്വരാഹിത്യവും, ആത്മാർത്ഥതയില്ലായ്മയും അവനെ കൂടുതൽ ദുഃഖിതനാക്കുന്നു. ഇതിന്റെയൊക്കെ ഫലമെന്നോണം തൻകാര്യമെന്ന കാലഘട്ടത്തിന്റെ വേദാന്തത്തിലേക്കുതന്നെ അവനും നീങ്ങുന്നു. നിലവിലുള്ള അഴിമതിയും മുൻതലമുറയുടെ ദുർമ്മാതൃകയും ഇതിനു വളംവച്ചു. സാമൂഹ്യവേദനകളെ നിർദ്ദയം അവഗണിക്കാൻ മതിയായ ഹൃദയരാഹിത്യം അവൻ കൈപ്പേറുന്നതു് ഇത്തരം ദുരനുഭവങ്ങളിലൂടെയാണു്. പന്തലിനു വെളിയിലെ ആർത്തിപൂണ്ട ചെററകളുടെ ചേരിയിൽ നിന്നു്, പന്തലിനുള്ളിലെ സമൃദ്ധസദ്യയുടെ പന്തികളിൽ ഇടംകണ്ടെത്താനാണു് അവനും ശ്രമിക്കുക. ഇങ്ങനെ കൈവരുന്ന വികലവ്യക്തിത്വത്തെ ഒളിച്ചു പിടിക്കുന്ന മേനിയുള്ള പുറം കുപ്പായമായിട്ടാണു്, ഉയർന്ന വിദ്യാഭ്യാസവും ഉന്നത സംസ്കാരവും അവനുപകരിക്കുക. കനത്ത കൈക്കൂലി പററുന്ന എൻജിനീയർ, ഡോക്ടർ തുടങ്ങിയ ഉന്നതന്മാർ ഇന്നു് ഈ ചേരിയിലാണു്. 'സ്റ്റാററസ്കോ'യുടെ ശക്തരായ സംരക്ഷകരായിട്ടാണു് അവർ സമൂഹത്തിൽ നിലകൊള്ളുന്നതു്. രാഷ്ട്രീയം സമൂഹത്തിലെ മൂന്നാംതരക്കാരന്റെ തൊഴിലായി തരംതാണിരിക്കുന്നു. ഇവിടെ സാമൂഹികവിപ്ലവം പാളം തെററിയെങ്കിൽ അതിൽ തെല്ലും അതിശയിക്കേണ്ടതില്ല.

തെരഞ്ഞെടുപ്പു് എന്ന ഉത്സവമേളകൾക്കപ്പുറം— പാർലമെന്ററി സമ്പ്രദായത്തിന്റെ പുറംചട്ടയിലുപരി ഭാരതീയ സാമൂഹ്യജീവിതത്തിന്റെ സ്വാധീനധാരയായി ജനാധിപത്യം ഇവിടെ കരുത്താർജ്ജിക്കാതെ പോയതിനു് ഉപരിപ്ലവവീക്ഷണത്തിൽ നിന്നൊളിഞ്ഞുനില്ക്കുന്ന ചില കാരണങ്ങളുണ്ടു്. പടിഞ്ഞാറൻരാജ്യങ്ങളിലെ വ്യവസായിക പുരോഗതിയിൽ കണ്ണഞ്ചിപ്പോയ നമ്മുടെ നേതാക്കൾ അവിടെ കണ്ട ജനാധിപത്യസംവിധാനത്തിൽ മൂല്യപൂർത്തീകരണമാണു് ദർശിച്ചതു്. ആ ഭരണസംവിധാനത്തെ ഇൻഡ്യൻ മണ്ണിൽ പറിച്ചുനട്ടാൽമതി അതിവിടെ വളർന്നു പന്തലിച്ചുകൊള്ളുമെന്നു് അവർ കരുതിയിരിക്കണം. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു കേവലമൂല്യം ആരോപിക്കാൻമാത്രം വിഭ്രാമകമായ വിജയങ്ങളാണു് അവർ ഇംഗ്ലണ്ടിലും അമേരിക്കയിലും ദർശിച്ചതു്. എന്നാൽ ജീവിതവീക്ഷണത്തിലും പ്രകൃതിയോടുള്ള സമീപനത്തിലും, പാശ്ചാത്യരും, പൗരസ്ത്യരും തമ്മിലുള്ള മൗലികമായ വൈജാത്യങ്ങൾ ശ്രദ്ധിക്കപ്പെട്ടില്ല. യജമാനന്റേതായ സമീപനമല്ല ഭാരതീയനു് പ്രകൃതിയോടുള്ളതു്. കീഴ്പ്പെടുത്തേണ്ട ഒരു ശത്രുവായോ തന്നിൽനിന്നും വേറിട്ടുനില്ക്കുന്ന, അന്യമായ ഒന്നായോ പ്രകൃതിയെ വീക്ഷിക്കുവാൻ അവനു സാധ്യമല്ല. പ്രകൃതിയോടുള്ള അവന്റെ സമീപനത്തെ സ്വാധീനിക്കുന്ന വികാരം വിസ്മയവും, ഭക്തിയും,


എല്ലാവിധ
ഫാഷൻ തയ്യൽ ജോലികൾക്കും
സമീപിക്കുക!

# സൂപ്പർ സ്റ്റിച്ച് ഡ്രസ് മേക്കേഴ്സ്

മരങ്ങാട്ടുപള്ളി

കൂടാതെ
ഡ്രൈക്ലീനിംഗ്
ഡൈയിംഗ്
പോളീഷിംഗ്
എന്നിവയും

ഉത്തരവാദിത്വത്തോടും
കൃത്യനിഷ്ഠയോടുംകൂടി ചെയ്തുകിട്ടുവാൻ
സമീപിക്കുക...

**Super Stitch Dress Makers**
MARANGATTUPALLY

വീണ്ടും വീണ്ടും ചവിട്ടി മെതിക്കപ്പെടുന്നതാണ് 'സ്വാതന്ത്ര്യത്തിന്റെ' വർഷങ്ങളിലും ഇവിടെ കാണാൻ കഴിഞ്ഞത്. ഇൻഡ്യയിൽ ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന രാഷ്ട്രീയ പ്രവണതകൾ ഏവയെന്നും അവ എങ്ങോട്ടാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കാൻ മതിയായവയാണ് ഈ സാഹചര്യങ്ങൾ. നാടുനന്നാക്കാൻ പ്രതിജ്ഞാബദ്ധമായ രാഷ്ട്രീയപാർട്ടികളുടെ അഭാവംകൊണ്ടല്ല ഇതൊക്കെ സംഭവിക്കുന്നത്. പാർട്ടികളും ഇസങ്ങളും ഇവിടെ ധാരാളമാണ്. വിഭിന്ന പാർട്ടികൾ മുഴക്കുന്ന മുദ്രാവാക്യങ്ങൾ വ്യത്യസ്തങ്ങളുമല്ല. എന്നാൽ അടിസ്ഥാന വെല്ലുവിളികളായ, ദാരിദ്ര്യം, നിരക്ഷരത, സാമ്പത്തികാസമത്വം മുതലായവയെ നേരിടുന്നതിൽ സഹകരിച്ചു പ്രവർത്തിക്കാൻ അവർ തയ്യാറല്ല. ആ ലക്ഷ്യങ്ങൾ എന്നേ വിസ്മരിക്കപ്പെട്ടുകഴിഞ്ഞു. സ്വാതന്ത്ര്യസമരത്തിന്റെ ക്ലേശകരമായ ഘട്ടത്തിൽ അവക്ക് അർത്ഥവും അംഗീകാരവുമുണ്ടായിരുന്നു. പങ്കിടാൻ അധികാരമില്ലാതിരുന്ന നാളുകളിൽ ആദർശങ്ങൾക്ക് മാധുര്യവും വർണ്ണപ്പൊലിമയുമുണ്ടായിരുന്നു. ഇന്നത്തെ ലക്ഷ്യങ്ങൾ വേറെ, അധികാരം കൈയടക്കിയവർക്ക് അതു നിലനിറുത്തണം. അധികാരത്തിനു വെളിയിൽ നില്ക്കുന്നവർക്ക് അവിടെ കയറിപ്പറ്റണം. ഇരുകൂട്ടർക്കും ഉപയോഗിക്കാനുള്ള മന്ത്രങ്ങളും ക്രിയാവിധികളും ഒന്നാണെങ്കിൽകൂടി, ലക്ഷ്യങ്ങൾ പരസ്പരവിരുദ്ധം തന്നെ.

ജനാധിപത്യത്തിന് പ്രസക്തിയും, സാധൂകരണവും ലഭിക്കുന്നത് പൗരന്റെ അവകാശങ്ങളെ നിഷേധിക്കാതെതന്നെ അവന്റെ സ്വാതന്ത്ര്യത്തെയും, വ്യക്തിത്വത്തെയും മാനിച്ചുകൊണ്ട് രാഷ്ട്ര പുനർനിർമ്മിതി സാധിക്കാനുള്ള ഉപകരണമെന്ന നിലക്കാണ്. ഈ ജോലിക്ക് നേതൃത്വം കൊടുക്കേണ്ട ഭരണകൂടം നിലനില്പുറപ്പിക്കുക എന്ന കേവലലക്ഷ്യത്തെ മുൻനിറുത്തി ശേഷിയും ശ്രദ്ധയും വിനിയോഗിക്കുമ്പോൾ ജനാധിപത്യം അർത്ഥശൂന്യമാകുന്നു—പാഴ്‌വേലയായിത്തീരുന്നു. പാർട്ടികളിലായാലും ഭരണതലത്തിലായാലും ഇന്ന് സജീവമായിക്കാണുന്നത് വ്യക്തികളും അവരുടെ താല്പര്യങ്ങളുമാണ്—ആദർശങ്ങളല്ല. ഇവിടെ സ്വാതന്ത്ര്യം ജന്മാവകാശമായിട്ടനുഭവപ്പെടുക ജനസാമാന്യത്തിനല്ല. ചൂഷണവ്യഗ്രനായ രാഷ്ട്രീയക്കാരനും അയാളെ പിന്തുണക്കുന്ന സമ്പന്നവിഭാഗത്തിനുമാണ്. എല്ലാം താങ്ങാനും സഹിക്കാനും പറ്റിയ സമൂഹം. അക്ഷരം വായിക്കാനറിയാവുന്നവർ തന്നെ വിരളം. പിന്നല്ലേ ചിന്തിക്കാൻ കഴിയുന്നവർ. അപ്പോൾ ബുദ്ധിജീവികളോ? സ്വാതന്ത്ര്യസമ്പാദനത്തിൽ ക്രിയാത്മകശക്തിയായി


# അനശ്വര മെററൽസ്

Rs: 200/-

അ
ന
ശ്വ
ര

പള്ളിക്കവല
കുറവിലങ്ങാട്ട്

ഹാർഡു വെയർ
പെയിൻറ്സ്
അന്ന അലുമിനിയം
കെട്ടിടനിർമ്മാണ സാമഗ്രികൾ
കാർഷികോപകരണങ്ങൾ

എന്നിവ കമ്പനി വിലയ്ക്ക് ലഭിക്കുന്നു

*Best Compliments from:*



**VAZHUTHANAPILLIL**

**JEWELLERS**

**KURAVILANGAD**

സാഹ്യവും ചേർന്നിണങ്ങിയ ഒന്നാണ്. വ്യവസായിക സംസ്കാരത്തിന്റെ തനി ഭൗതികമായ ആർത്തിയും ഭാരതീയന്റെ വിശാലമനസ്കതയ്ക്ക് തപിക്കാത്തതല്ല. വിദേശങ്ങളെ പൂജനം ചെയ്യുക എന്ന പ്രയോഗംതന്നെ പാശ്ചാത്യത്തിലും അന്തസത്തയിലും ഭാരതീയവീക്ഷണത്തിന് കടകവിരുദ്ധമാണ്.

ജനാധിപത്യം ഭാരതീയ മണ്ണിനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായി ഉണ്ടായിപ്പോവുന്നതല്ലായിരുന്നു. അടിമത്വത്തെ അതിന്റെ വിഭിന്നരൂപങ്ങളിൽ അനുഭവിക്കുകയും, സാമൂഹ്യജീവിതത്തിന്റെ അവിച്ഛിന്ന ഭാഗമായി അംഗീകരിക്കുകയും ചെയ്യുവനാണ് ഭാരതീയൻ. അടിമത്തം വൈദേശികാധിപത്യത്തിന്റെ സൃഷ്ടിയാവാം. അല്ലെങ്കിൽ ജന്മിത്വവും വർണ്ണവ്യവസ്ഥയും അയിത്താചാരങ്ങളും നിലനിന്നുപോന്ന സാമൂഹ്യഘടനയുടെ സൃഷ്ടിയാവാം. എങ്ങനെയായിരുന്നാലും അടിമത്തം അനുഭവിക്കുന്നവരിൽ സ്ഥായിയായ അപകർഷതാബോധവും ആത്മവിശ്വാസരാഹിത്യവും ബാഹ്യവും അന്യവുമായതിനെ അമിതബഹുമാനത്തോടെ വീക്ഷിക്കുന്ന ശീലവും വളർത്തിയെടുക്കുന്നു. ജനാധിപത്യത്തിന്റെ വളർച്ചക്ക് വിലങ്ങായി നില്ക്കുന്നവയാണീ സാഹചര്യങ്ങൾ.

രാജാവിനെക്കൊണ്ട് മാഗ്നാകാർട്ടയിലൊപ്പുവെപ്പിച്ച ഇംഗ്ലീഷുകാരന്റെ ലക്ഷ്യോന്മുഖമായ നിശ്ചയദാർഢ്യം, 'ബിൽ ഓഫ് റൈറ്റ്സ്' അംഗീകരിക്കുന്നതിന്റെ പിന്നിൽ അമേരിക്കൻ പൗരന്മാരായിരുന്ന ഉത്തമബോധ്യം (Conviction); സോവ്യറ്റ് വിപ്ലവത്തിന്റെയും റഷ്യൻ ഭരണഘടനയുടെയും പിന്നിൽ വർത്തിച്ച ദർശന സമഗ്രത — ഇവയൊന്നും ഇൻഡ്യൻ റിപ്പബ്ലിക് സംസ്ഥാപനത്തിന്റെ പിന്നിലുണ്ടായിരുന്നില്ല. സ്വാതന്ത്ര്യസമര നേതാക്കൾക്ക് സ്വാതന്ത്ര്യം അതിൽതന്നെ വലിയ നേട്ടമായിട്ടാണ് തോന്നിയത്. ഈ സ്വാതന്ത്ര്യത്തിന്റെ സ്വഭാവമെന്തായിരിക്കണമെന്നതിലും അതെങ്ങനെ വിനിയോഗിക്കപ്പെടണമെന്ന കാര്യത്തിലും ആർക്കും വലിയ നിശ്ചയമുണ്ടായിരുന്നില്ല. [ഗാന്ധിജിയെ മറന്നുകൊണ്ടല്ല ഇതു പറയുന്നത്. സ്വാതന്ത്ര്യപ്രാപ്തിയോടെ ഗാന്ധിജി ഒരനാവശ്യവും അസൗകര്യവുമായി മാറി എന്നോർമ്മിക്കുക]. അമേരിക്ക-ഇംഗ്ലണ്ട്-റഷ്യ മാതൃകകളെ ഏറെക്കുറെ 'സ്കോളാസ്റ്റിക്' തലത്തിൽ വീക്ഷിച്ചുകൊണ്ട് ഒരു പുതിയ ഭരണഘടന രൂപീകരിക്കുകയെന്ന ജോലി, പണ്ഡിതോചിതമായി നിർവ്വഹിക്കുക മാത്രമാണ് നാം ചെയ്തത്. അനുഭവങ്ങളിലൂറിത്തെളിഞ്ഞ നമ്മുടെ സംസ്കാര-പാരമ്പര്യങ്ങളുടെ സ്വാഭാവിക തുടർച്ചയായ ഒന്നായി ഈ

ചോരിയിലെത്തി നില്ക്കുന്നു. അഴിമതിക്കും വെട്ടിപ്പിനും ഒരു സംഘടിത പ്രവർത്തന ശൈലിതന്നെ ഇവിടെ രൂപംകൊണ്ടിരിക്കുന്നു. നാടിനെയും നാട്ടാരെയും കൊള്ളയടിക്കാനുള്ള സുസംഘടിത സംവിധാനങ്ങൾ ഇവിടെ ഭീമരൂപം പൂണ്ടിരിക്കുകയാണ്. നിയമമോ ഭരണകൂടമോ ഇവർക്ക് ഒരു തടസ്സമായെണ്ണപ്പെടുന്നില്ല. കോൺട്രാക്ടുകൾ ഉറപ്പിക്കപ്പെടുമ്പോഴും, സ്കൂളുകളും കോളേജുകളും അനുവദിക്കപ്പെടുമ്പോഴും, ലൈസൻസുകൾ തീരുമാനിക്കപ്പെടുമ്പോഴും, വിവിധ ഉദ്യോഗങ്ങളിൽ നിയമനങ്ങൾ നടക്കുമ്പോഴും, സേനാവിഭാഗങ്ങളിലേക്ക് റിക്രൂട്ട്മെന്റുകൾ നടക്കുമ്പോഴും, പണം ഗൂഢമായ ചാനലുകളിലൂടെ ഒഴുകി ചെല്ലേണ്ടിടത്തു ചെല്ലുന്നു.—വെള്ളം താഴോട്ടൊഴുകുന്നതുപോലെ സുനിശ്ചിതമായും സ്വാഭാവികമായും ഇതു സംഭവിക്കുന്നു.

വ്യക്തിതാല്പര്യങ്ങളുടെ മുന്നേറ്റത്തിൽ സാമൂഹിക ലക്ഷ്യങ്ങൾ പിൻതള്ളപ്പെടുന്നു. മുതലാളിത്ത വ്യവസ്ഥിതിയുടെ പിറവിദോഷമായ മത്സരമാണ് ഇവിടെ സാർവ്വത്രികമായി ആദരിക്കപ്പെടുന്ന മൂല്യം. എല്ലാവരും സ്വകാര്യനേട്ടങ്ങൾക്കായുള്ള നെട്ടോട്ടത്തിലാണ്. മാർക്കറ്റിലെ ചുമട്ടുതൊഴിലാളിമുതൽ കേന്ദ്രസംസ്ഥാന കാബിനറ്റുകളിലെ മന്ത്രിമാർവരെ സ്വാതന്ത്ര്യം എന്ന കൂത്ത ജ്വരത്തിനടിമപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ, കശാപ്പുശാലയിൽ കടന്നുകയറിയ ശ്വാനന്മാരുടെ ശൗര്യവും ഏകാഗ്രതയും അവർ പ്രദർശിപ്പിക്കുന്നു. ദേശീയ ലക്ഷ്യങ്ങളുരുവിടുന്ന നാവ് അപ്രകാരം ചെയ്യുന്നത് സ്വാർത്ഥസാഫല്യത്തിനുള്ള അവശ്യക്രിയ എന്ന കണക്കാണ്. മന്ത്രിക്കസേരകളുടെ ചെയർ നിലനിറുത്തുവാനും വർദ്ധിപ്പിക്കുവാനുംവേണ്ടി ന്യായമെങ്കിൽ ന്യായം, അന്യായമെങ്കിൽ അന്യായം, എന്തും വച്ചുമാറാനും മാറ്റിയെഴുതാനും, തിരെഴുതാനുമൊക്കെ തയ്യാറാവുന്ന അഖിലേന്ത്യാ പാർട്ടികൾ ഇവിടെയുണ്ട്. അധികാരം പണത്തിനുവേണ്ടിയും പണം അധികാരത്തിനുവേണ്ടിയും ഉപയോഗിക്കപ്പെടുന്നു. ഇതിൽ കലയും ബിസിനസ്സുമുണ്ട്. പൊതുപ്രവർത്തനമെന്ന പേരിൽ നടക്കുന്നത് ഈ ഭീമമായ ജനവഞ്ചനയാണ്. അറിയപ്പെടുന്നതോ ജനസേവനമെന്ന്.

തെറ്റിനെ ചോദ്യം ചെയ്യേക്കാവുന്ന ചെറുപ്പക്കാരനെയും, വിദ്യാർത്ഥിയേയും പ്രലോഭിപ്പിക്കാനും ഇണക്കിനിറുത്താനും ആദർശതലത്തിൽ നിഷ്ക്രിയനായി സൂക്ഷിക്കാനുമൊക്കെ ഉപകരിക്കുന്ന അനുസാരികൾ ധാരാളം. നേതാവാകാനും മേനിചമയാനും ധാരാളം വിദ്യാർത്ഥിപാർട്ടികളും കട്ടിസംഘടനകളും.



ഭരണഘടനയെ കരുപ്പിടിപ്പിക്കുവാൻ നമുക്കു കഴിയാത്ത പോരായ്മതന്നെയാണ്. പ്രശ്നം സൂക്ഷ്മമായി പരിശോധിക്കുന്നവർ അതിന്റെ എല്ലാ വശങ്ങളും കണ്ടറിയുന്നു. മററുള്ളവർ കണ്ടുപിടിച്ച സൂത്രവാക്യങ്ങളിലൂടെ പ്രശ്നപരിഹാരം തേടുന്നവന് പ്രശ്നത്തിന്റെ അന്തഃസത്ത അപരിചിതമായിരിക്കും. ജനസമൂഹത്തിന്റെ നിത്യജീവിതരംഗങ്ങളിൽ ആഞ്ഞുവീശിയ സ്വാതന്ത്ര്യബോധത്തിന്റെ സ്വാഭാവിക പരിണാമം എന്ന നിലയിലാണ് ഇംഗ്ലണ്ടിൽ ജനാധിപത്യ ഭരണക്രമം രൂപംകൊണ്ടത്. ജനാധിപത്യത്തെ ഭരണതലപ്പത്തുനിന്നും താഴോട്ട് പടർത്താനാണ് ഇവിടെ ശ്രമിക്കപ്പെട്ടത്. കടംവാങ്ങിയ കണ്ഠാഭരണംപോലെ അത് സാമാന്യ ജനജീവിതത്തിൽ ലയിച്ചുചേരാനാകാതെ മുഴച്ചുനില്ക്കുകയും ചെയ്തു.

പണ്ഡിത വീക്ഷണത്തിൽ മുദ്രകുത്തപ്പെടുന്ന ഭരണഘടനയോ, സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കിനെക്കുറിച്ചുള്ള ഉദാത്തസങ്കല്പങ്ങളോ സാമൂഹ്യ ജീവിതത്തിൽ പരിവർത്തനം സൃഷ്ടിക്കുവാൻ മതിയാവുകയില്ലെന്ന തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. [illegible] ആദർശശാലിയുടെ [illegible]യായും ചൂഷണപ്രിയനായ രാഷ്ട്രീയജീവിക്ക് ആദർശപരിവേഷമാർജ്ജിക്കാനുതകുന്ന വിപ്ലവ പ്രസംഗങ്ങൾക്കുപാധിയായും മാത്രമാണ് ഇവ ഉപകാരപ്പെടുന്നത്. ജനതയുടെ മാനസിക ഘടനയിൽ അലിഞ്ഞുചേർന്ന അടിമത്തം പുതിയ വേദികളിൽ പുത്തൻ രൂപങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നു. ധനസ്വത്തിന്റെയും, കുലശ്രേഷ്ഠതയുടെയും ആനുകൂല്യം പററിയിരുന്നവരുടെ സ്ഥാനത്ത് അധികാരത്തിന്റെയും, രാഷ്ട്രീയ സ്വാധീനത്തിന്റെയും, കറുത്ത പണത്തിന്റെയും ശക്തമായ പിൻതുണയുള്ള പുതിയ ചൂഷകർ; പുതിയ ലേബലുകളിൽ, പുതിയ അടവുകളോടെ രംഗം കൈയടക്കിയിരിക്കുന്നു. ചൂഷണത്തിനായുള്ള ഒരു കൂട്ടായ്മയാണ് ഇന്നിവിടെ പ്രവർത്തിക്കുന്നത്. നാലുലക്ഷം രൂപാ മുടക്കിൽ പണിതീരാവുന്ന ഒരു പാലം പൂർത്തിയാവുമ്പോൾ സർക്കാർ ഖജനാവിൽനിന്ന് എട്ടുലക്ഷം രൂപയെങ്കിലും മാറിയിട്ടുണ്ടാവും. കോൺട്രാക്ടറും, എൻജിനീയറും, തൊഴിലാളിനേതാവും അധികൃതരുടെ പ്രയോക്താക്കളിൽപ്പെടുന്നു. ഖജനാവ് കൊള്ളയടിക്കുന്നതിലേക്ക് മുതലാളിയും, ഉദ്യോഗസ്ഥനും, രാഷ്ട്രീയനേതാവും, ട്രേഡ് യൂണിയൻ നേതാക്കളും സംഘടിതമായി പാരസ്പര്യ ധാരണയോടെ നീങ്ങുന്നു. ഇവിടെ 'പ്രത്യയശാസ്ത്രങ്ങൾ ഒന്നിക്കുന്നു.' ജന്മിയും, പുരോഹിതനും, വർഗ്ഗസമരത്തിന്റെ വാചാലനായ വക്താവും ചൂഷണപ്രക്രിയയുടെ പ്രയോക്താക്കൾ എന്ന നിലയിൽ ഒരു


# ദീപ്തി

## ഫിനാൻഷ്യൽ എൻറർപ്രൈസസ്

**കുറവിലങ്ങാട്**

**എല്ലായിനം നിക്ഷേപങ്ങൾക്കും**

**അത്യാകർഷകമായ**

**പലിശനിരക്കുകൾ**

| | |
|---|---|
| സേവിംഗ്സ് ബാങ്ക് നിക്ഷേപം | 9% |
| 15 ദിവസ നോട്ടീസ് | 10 ,, |
| 30 ,, ,, | 11 ,, |
| 60 ,, ,, | 12 ,, |
| 90 ,, ,, | 13 ,, |
| 6 മാസ സ്ഥിര നിക്ഷേപം | 14 ,, |
| 12 ,, ,, | 15 ,, |
| 24 ,, ,, | 16 ,, |
| 36 ,, ,, | 18 ,, |
| 48 ,, ,, | 19 ,, |
| 60 ,, ,, | 20 ,, |
| 72 മാസ ക്യാഷ് സർട്ടിഫിക്കററ് | 25 ,, |

ഇതിനുപുറമെ 72 മാസ കാലാവധിക്ക് പ്രതിമാസം 100 രൂപാവീതം നിക്ഷേപിച്ചാൽ 11000 രൂപ തിരികെ ലഭിക്കുന്നു.

ജനങ്ങളെ സഹായിക്കുവാൻ

ഞങ്ങളെ സഹായിക്കുക

തൊമ്മച്ചൻ പെട്ടക്കാട്ട്

മാനേജിംഗ് പാർട്ട്ണർ

ഇവയിലൊക്കെ പിടിച്ചുപററാൻ സ്ഥാനമാനങ്ങളെ ... രാഷ്ട്രസേവനത്തിനു് സ്ഥിരം ടിക്കററു വാങ്ങി ...നാചാരിതാർത്ഥ്യം, മദ്യശാപ്പു്, സിഗററ്, കള്ളു ചാരായം, വിദേശമദ്യം ഇവയൊക്കെ ആവോളം സൗകര്യങ്ങൾ. നഗരത്തിലും ഗ്രാമത്തിലും 'അഡൾട്ട്സ് ഓൺലി' എന്നു വിളിക്കപ്പെടുന്ന കൂത്തമ്പലങ്ങൾക്കിണങ്ങുന്ന വിനോദോപാധികൾ. ജനാർജ്ജിത സൗകര്യങ്ങൾ കൂടുതലുള്ളവരെങ്കിൽ, പഞ്ചനക്ഷത്ര ഹോട്ടലുകളിലെ മെത്തപീഠങ്ങളിൽ, സാക്ഷാൽ കാബറയും നഗ്നനൃത്തവും. എല്ലാം വേണ്ടവിധം ഇണങ്ങിയിരിക്കുന്നു. ചിന്തിക്കാനാരും മെനക്കെടുകയില്ല. ആദർശമുള്ളവരാകുന്ന അസ്വാസ്ഥ്യങ്ങൾ ആരിലുമുണരുകയില്ല. യാതൊരുവക ശീലവും ഇവിടെ നാണപ്പെടുകില്ല. 'സ്റ്റാററസ്കോ' സർവ്വത്ര ഭദ്രം. ദീർഘപൂർവ്വം സംഘടിപ്പിക്കപ്പെട്ടതാണിവയെന്നു പറഞ്ഞാൽ കഷ്ടമായി തോന്നാം. പക്ഷെ അങ്ങനെയല്ലെന്നു പറഞ്ഞാൽ വിശ്വസിക്കാനെളുപ്പമല്ല. എടുത്തെറിഞ്ഞാലും പൂച്ചയെപ്പോലെ നാലുകാലിൽ വീണു് ചുവടുറപ്പിച്ചു നിൽക്കുന്ന പാവയുണ്ടു്. ഊർജ്ജതന്ത്രത്തിലെ ഗുരുത്വകേന്ദ്രനിയമാണിതിനാധാരം. മുതലാളിത്തത്തിനും അതിന്റെ നിലനില്പിനുള്ള സ്വാഭാവിക സംവിധാനങ്ങളും നിയമങ്ങളുമുണ്ടു്. എഴുതിവച്ചവയല്ല. പ്രയോഗംകൊണ്ടു് യാഥാർത്ഥ്യമായി അഷ്ടബന്ധദാർഢ്യത്തോടെ ഒട്ടിച്ചേർന്നവ. അവയും പ്രകൃതിനിയമങ്ങൾപോലെ വീഴ്ചകൂടാതെ പ്രവർത്തിക്കുന്നു.

സാമ്പത്തിക പുരോഗതിയെ സംബന്ധിച്ചിടത്തോളം മുതൽമുടക്കുപോലെതന്നെ പ്രധാനമാണ് സമൂഹത്തിന്റെ കർമ്മശേഷി. ഒരേ ഭാഗധേയങ്ങൾ പങ്കിടുന്നവരെന്ന, അടിസ്ഥാന ധാരണയാണു് ഈ കർമ്മശേഷിയുടെ ഉറവിടം. പക്ഷെ ഇന്നത്തെ ചുററുപാടുകളിൽ സമൂഹത്തിന്റെ പ്രവർത്തനശേഷിയിൽ ഭീമമായ ശോഷണമാണു് സംഭവിച്ചിരിക്കുന്നതു്. പുരോഗതിയെ പിന്നോക്കം പിടിക്കുവാൻ മാത്രമല്ല ജനാധിപത്യത്തിലുള്ള വിശ്വാസം ക്ഷയിപ്പിക്കുവാനും ഇതു കാരണമാവുന്നു. പൊതു സ്ഥാപനങ്ങൾ പൊതുസേവനത്തിനുള്ളവയായിട്ടല്ല, കണക്കാക്കപ്പെടുന്നതു്. അവ വീക്ഷിക്കപ്പെടുന്നതും, ഉപയോഗിക്കപ്പെടുന്നതും സ്വകാര്യ നേട്ടങ്ങൾ ചോദിച്ചുപററുന്നതിനുള്ള വേദിയായിട്ടാണു്. കൈക്കൂലി കൊടുക്കുന്നതും ചോദിച്ചു വാങ്ങുന്നതും അവഗണിക്കപ്പെടുന്നുവെന്നു മാത്രമല്ല അതിൽ എന്തെങ്കിലും അസ്വാഭാവികത ദർശിക്കാൻപോലും നമുക്കു കഴിയാതായിരിക്കുന്നു. അഴിമതി അത്രമാത്രം സാധാരണ ജീവിതത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു. കർത്തവ്യചിന്തയും, ഉത്തരവാദിത്വബോധവും, സത്യസന്ധതയും കാലഹരണപ്പെട്ട മൂല്യങ്ങളായി കണക്കാക്കപ്പെടുന്നു. 'ശക്തനായ സർവ്വാധിപതി' എന്ന വികലചിന്ത ശുദ്ധമനസ്സുകളിൽ വല്ലപ്പോഴുമെങ്കിലും കടന്നുകൂടുന്നുവെങ്കിൽ, അതു് സമൃദ്ധിയുടെ മട്ടുപ്പാവിലേക്കുള്ള എളുപ്പവഴി എന്ന മട്ടിലല്ല. പിന്നെയോ, സാമൂഹ്യജീവിതത്തിലെ അഴിമതിയുടെ അഴുക്കുചാലുകളെ ദൂരീകരിച്ചേക്കും എന്ന മോഹത്തിലാണു്.

തെററുകളെ ശിക്ഷിക്കുവാനും, വമ്പന്മാരായ കുററവാളികളെ നിയമത്തിന്റെ പിടിയിലൊതുക്കുവാനും ജനാധിപത്യം ഉപകരിച്ചിരുന്നുവെങ്കിൽ നഷ്ടപ്പെടുന്ന വിശ്വാസം ഏറെക്കുറെ വീണ്ടെടുക്കപ്പെടുമായിരുന്നു. എന്നാൽ 'അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ അലമാരകളിലിരുന്നു പൊടിപിടിക്കുമ്പോൾ' തെററുകാരെന്നു് സംശയരഹിതമായി വിധിക്കപ്പെട്ടവർതന്നെ വീണ്ടും ഭരണാധികാരം കയ്യാളുമ്പോൾ ജനാധിപത്യം അർത്ഥശൂന്യമെന്നു പരക്കെ വിധിക്കപ്പെട്ടുപോവുന്നു. കാളിയെപ്പോലെ രൗദ്രംപൂണ്ട ഭരണകൂടത്തിന്റെ കാടത്തം മുററിയ സമ്മർദ്ദത്തിനുമുന്നിൽ അടിമയെപ്പോലെ പഞ്ചപുച്ഛമടക്കിനില്ക്കുവാനും നാവടക്കി പണിയെടുക്കുവാനും നാം തയ്യാറായി. ജനാധിപത്യം കൈവരുത്തുന്ന സ്വാതന്ത്ര്യത്തിൽ, അതു കൂസലെന്യേ ദുരുപയോഗിക്കുവാനും, സ്വകാര്യ ലാഭ


□–□–□–□–□–□–□–□–□–□–□–□–

# നാഷണൽ ടാക്സിഹൗസ്

പള്ളിക്കവല

**കുറവിലങ്ങാട്**

Rs. 125/-

**മേശ, കസേര, പട്ടത, പാത്രങ്ങൾ**

**മുതലായവ**

**വാടകയ്ക്ക് കൊടുക്കുന്നു.**

കൂടാതെ

**ഡെക്കറേഷൻ, പന്തൽ**

**എന്നിവ ഓർഡർ അനുസരിച്ച്**

**കൃത്യമായും ഭംഗിയായും**

**ചെയ്തുകൊടുക്കുന്ന**

**കുറവിലങ്ങാട്ടെ ഏക സ്ഥാപനം**

ഫോൺ : 85

## THE LORD IS MY EVERYTHING

The Lord is my everything.
The Lord is my everything.
He gave his life for me,
Made everything new,
Like honey in the rock,
Sweet honey in the rock.
'O' taste and see that the Lord is good,
For He tastes like honey in the rock.

SAJU V. T.
II P. D. C.

## AN OLD FABLE FROM ARABIA

*(From Prof: V. V. John's address at the college)*

A traveller was crossing the desert during a night on a camel. During the course of the journey, a voice reached him asking him to get down from the camel. So he got down. The voice said, "Bend down, and feel what you find on the ground". He did so and felt pebbles on the ground. The voice again said, "Pick up the pebbles and put them in your pouch". He did so. The voice continued, "Get on your camel and ride away. And when the day breaks, open your pouch and see what is there in it. Whatever is in it, you will feel glad that there are so many and sorry that there are so few".

As the day dawned, he opened his pouch and saw that the 'pebbles' he had picked up were all diamonds. He was glad that he had picked up so many. But he felt sorry that he hadn't picked up some more.

This is a parable of education as the Arab sages put it. You are here for a short while. You are picking up pebbles. You perhaps have no awareness that this is your only chance. And as you leave the college and examine the equipment you have collected, the mental resources that you have built up, you are glad that you have made fairly good use of your time and your facilities. You will also feel sorry that you missed so many opportunities for doing a better job.

ങ്ങൾക്കായി കണക്കുപറയുവാനല്ലാതെ, കർത്തവ്യങ്ങളോടു നീതിപാലിക്കുവാനോ, സഹജീവികളോടു മര്യാദയായി പെരുമാറാനോ നാം തയ്യാറല്ല. ഇതിന്റെ സൂചനകൾ ദുഃഖകരമാണ്. നാം ശരിയായ അർത്ഥത്തിൽ അടിമകൾതന്നെ. നാം അർഹിക്കുന്നത് ജനാധിപത്യമോ സ്വാതന്ത്ര്യമോ അല്ല, മറിച്ച് ഏകാധിപത്യവും അടിമത്തവുമാണ്. ഒരു ജനത അർഹിക്കുന്ന ഭരണക്രമംതന്നെ നേടിയെടുക്കുന്നു എന്നു പറഞ്ഞ മഹാൻ വിവേകിയെങ്കിൽ, ഇന്നത്തെ പറ്റുപാടുകൾ ആശങ്കാജനകമാണ്.

ജനാധിപത്യത്തിന്റെ നിലനില്പിന് ഭീഷണിയായി വർത്തിക്കുന്നത് ഈ സാഹചര്യങ്ങളാണ്. രാഷ്ട്രീയവും പൊതുജീവിതവും ഇന്ന ചെന്നുപെട്ടിരിക്കുന്ന ചെളിക്കുണ്ടിൽനിന്ന് അവയെ ഉദ്ധരിച്ചുയർത്തുവാൻ അജ്ഞരും ദരിദ്രരുമായ ഭൂരിപക്ഷം വരുന്ന സാധാരണ ജനത അശക്തരായിരിക്കുന്നു എന്ന യാഥാർത്ഥ്യം അവഗണിക്കപ്പെട്ടുകൂടാ. പൊതുപ്രസ്ഥാനങ്ങൾക്ക് ശക്തിപകരുന്നത് പൊതുജന പിന്തുണയാണ്. തെറ്റായ പ്രവണതകൾക്ക് പിന്തുണ ലഭിക്കാതിരിക്കണമെങ്കിൽ ജനങ്ങൾ ബുദ്ധിപരമായും ചിന്താപരമായും വളരേണ്ടിയിരിക്കുന്നു. നേതാവിനു പിന്നാലെ സ്വയം മറന്നോടുന്ന ഒരുപറ്റം ആടുകളെ സ്വന്തം വ്യക്തിത്വവും ആത്മാഭിമാനവും പരിരക്ഷിക്കാൻ പ്രാപ്തിയുള്ള പ്രബുദ്ധരായ ഒരു ജനസമൂഹമാക്കുക എന്നത് ലഘുവായ ജോലിയല്ല. പക്ഷേ ഇത്തരത്തിലുള്ള ഒരു നവോത്ഥാനത്തിലൂടെ മാത്രമേ ജനായത്തത്തിന് ഇൻഡ്യൻമണ്ണിൽ വേരുറപ്പിച്ചുനില്ലാൻ മതിയായ സാഹചര്യങ്ങൾ സംജാതമാവുകയുള്ളു. സാംസ്കാരികവിപ്ലവം നിർദ്ദേശിച്ച ഗാന്ധിജിയും സമ്പൂർണ്ണ വിപ്ലവം മുന്നിൽക്കണ്ട ജയപ്രകാശും ഉന്നംവച്ചത് ഈ നവോത്ഥാനത്തിലാണ്. ഇനിയും അത് പ്രാവർത്തികമാക്കപ്പെടേണ്ടതായി അവശേഷിക്കുന്നു. ഇന്നത്തെ സാമൂഹ്യ കാലാവസ്ഥയിൽ നിലവിലുള്ള രാഷ്ട്രീയ പാർട്ടികളിലൂടെ ഈ വിപ്ലവം അസാദ്ധ്യമാണ്. സ്വന്തം നേട്ടങ്ങൾ കാംക്ഷിക്കാത്ത, രാജ്യത്തിനായി സ്വയം അർപ്പിക്കാൻ തയ്യാറായ, ആദർശത്തിന്റെ തീച്ചൂളയിൽ രൂപംകൊണ്ട ഒരുപറ്റം കർമ്മധീരർക്കുമാത്രം സാദ്ധ്യമായ ജോലിയാണത്. ശരിയായ ഒരു നേതൃത്വത്തിന് ഇൻഡ്യയിലെ ഇന്നത്തെ ചെറുപ്പക്കാരിൽനിന്ന് ഇത്തരം സന്നദ്ധ ഭടൻമാരെ അടർത്തിയെടുക്കാൻ കഴിയും. അത്തരത്തിലൊരു നേതൃത്വം—ഗാന്ധിജിക്കു സമാനനായ ഒരു കർമ്മയോഗി—അതാണ് നാടിന്റെ ഇന്നത്തെ ആവശ്യം.

* * *

What greater ornament to a son than a father's glory, or to a father than a son's honourable conduct?

*—Sophocles*

*

More things are wrought by prayer than this world dreams of.

*—Tennyson*

*

Example is the school of mankind, and they will learn at no other

*—Burke*

* * *

The journey of a thousand miles begins with one step.

*—Lao-Tse*

*

The happiness of your life depends upon the quality of your thoughts.

*—Marcus Aurelius*

*

Rules make the learner's path long, examples make it short and successful

*—Seneca*

* *

# What Makes a Woman Unforgettable ?

**SIBI SEBASTIAN**
II B. A.

What makes a woman unforgettable ?

Her charm and grace ? Intelligence ? Hospitality ?

No doubt, beauty matters a lot. Most of the memorable women of history were well known for their beauty. They succeeded in sustaining men's attention on them. However, some of the most intriguing women were not beautiful at all.

An unforgettable woman is one who is deeply concerned about you. Her mind is hospitable to your ideas. She is concerned about your joys and sorrows. She is wise and intelligent. Your contact with such a woman will certainly remain unforgettable.

The unforgettable woman is one who finds out the good in you. Instead of trying to attract you to her, she takes an active interest in you for what you are. When you are with her you feel like a man; you feel at home.

No woman can succeed in impressing herself upon the minds of all men. But every woman can become unforgettable to the man who has loved and chosen her. The woman whom a man remembers in the end, is the woman whom he needs, the one who comforts and pleases him, gives him security and fruitful experience. And the more a woman seeks to live by the best of herself, the more she loves, the more gentle she is in her behaviour, the richer in her inward life, the warmer her responsiveness, the more will she be the woman needed and, therefore, the woman unforgettable.

RASAHELECTRICALSRASAHELECTRICALS RASAHELECTRICALSRASAHELECTRICALSRASAHEL

Phone: 82

**RASAH ELECTRICALS**

KURAVILANGAD

Authorised Dealers of **ANCHOR** Brand Electrical Goods,

**VIJAY** Brand Electrical Appliances.

**Khaitan, Ravi, Polar Fans**

**Motor Pump Sets, Wet grinders etc.**

dealers of BIO GAS stoves and appliances

RASAHELECTRICALS RASAHELECTRICALSRASAHELECTRICALSRASAHELECTRICALS RASAHEL

# Contributors



Abey George



P. Sreekumar



Joy K.M.



Reni Anna Joseph



Anie Jose



George Kurian



Sajann A.R.



Ignatius Joseph



Vasavan N.




Peter Joseph



Alex V.C.



Babu Joseph



Augustine K.S.




Sibi Sebastian



Gopinath N.




Roy Abraham



AJITHKUMAR V.N.



Dominic John



Saji George




Baby J. Valavath



K.M. GEORGE



Mathew Joseph N.



Rajeev K.R.



Mathew Kanakattil



Raju V.




Radhakrishnan P.K.



Shajan Jose

നിങ്ങൾക്ക് നിങ്ങളുടേതായ കവിത ഉണ്ടാ
വണം; നിങ്ങളുടേതായ പാട്ടും പദ്യവുമെ
ല്ലാം. അവയിലാണ് നിങ്ങളുടെ സ്വന്തം
ദുഃഖവും പ്രത്യാശകളും പ്രതീക്ഷകളും ക
ണ്ടെത്തേണ്ടത്.




COLLEGE UNION CABINET

1. Joseph Mathew I — *Chairman*
2. Saly George — *Vice-Chairman*
3. Mohan Sebastian — *General Secretary*
4. John Joseph V. — *Arts Club Secretary*
5. Joseph George K — *U. U. Councillor*
6. Morley Mathew — *U. U. Councillor*

ഓഫീസിൽനിന്നിറങ്ങുമ്പോൾ സന്ധ്യയായിരുന്നു. മരിക്കുന്ന പകലിന്റെ അവസാനതുള്ളി കണ്ണീരും ഉരുമ്പാൻ വിതുമ്പിനിന്നു. നിരത്തുവക്കിലെ ചോലമരങ്ങളുടെ തണലിലൂടെ വെള്ളാരം കല്ലുകൾ തട്ടിനടക്കുമ്പോൾ അന്നുണ്ടാകാൻ പോകുന്ന വഴക്കിനെപ്പററിയാണു് ഓർത്തതു്.

അന്നു നേരത്തെ പോരണമെന്നാണു് അയാൾ ഉദ്ദേശിച്ചിരുന്നതു്. എന്നും കരുതുന്നതുപോലെതന്നെ. പക്ഷെ മാനേജർ കയർക്കുകയാണുണ്ടായതു്. സിനിമയ്ക്കുപോകാൻ മൂന്നുമണിയാവുമ്പോളെത്താമെന്നായിരുന്നു ഏററിരുന്നതു്. പക്ഷെ 'നല്ല പകുതി'ക്കു് ഇന്നും നിരാശ മാത്രം നൽകാനേ കഴിഞ്ഞുള്ളൂ.

വീട്ടിലെത്തിയപ്പോൾ പ്രശ്നം സങ്കീർണ്ണമാണെന്നുതോന്നി. മഴക്കാറുള്ള സന്ധ്യയെപ്പോലെ അവളുടെ തുടുത്ത മുഖത്തു് ദുഃഖത്തിന്റെ കരിനിഴലുമുണ്ടായിരുന്നു. കാപ്പികൊണ്ടുവന്നപ്പോൾ ചോദിച്ചു. ''എന്താ ഒന്നും മിണ്ടാത്തതു്?'' മറുപടി കരച്ചിലായിരുന്നു. ''അല്ലെങ്കിലും എനിക്കറിയാം നിങ്ങൾക്കെന്നോടു സ്നേഹമില്ലെന്നു്. മൂന്നുമണിമുതൽ ഞാൻ സിനിമയ്ക്കായി ഒരുങ്ങിയിരിക്കുന്നതാ'' ഇങ്ങനെപോയി അവളുടെ പരിവേദനം. ''എടീ ക്ഷമിക്കു്...അതു്...ഞാൻ''. ''വേണ്ട, വേണ്ട. നിങ്ങളൊന്നും പറയണ്ട. മാനേജർ നേരത്തെ പോരാനനുവദിച്ചില്ലായിരിക്കും. ഇതു നിങ്ങൾക്കെന്നുമുള്ള പല്ലവിയല്ലയോ?'' അയാൾക്കു് ഒന്നും പറയാനില്ലായിരുന്നു.

# ഒരു പിണക്കം

**GOPINATH N.**
**I DC Physics**

അവൾ അവളുടെ ആവശ്യങ്ങളും പരാതികളും പറഞ്ഞുകൊണ്ടു് കരയുന്നുണ്ടായിരുന്നു. അയാൾ അതു ശ്രദ്ധിച്ചുമില്ല. ''എടീ ഇന്നു നീ ക്ഷമിക്കു്... ഓഫീസിൽനിന്നു കയറിവരുമ്പോൾ നീ ഇങ്ങനെ ശല്യപ്പെടുത്താതെ'' അയാൾ ക്രുദ്ധനായി. ''ഓ, നിങ്ങൾക്കിപ്പോഴും പഴയ കാമുകിയെ മതിയായിരിക്കും. അവളാണെങ്കിൽ ഏതു സിനിമയ്ക്കും എന്തിനും പോകുമായിരുന്നല്ലോ.'' അവളുടെ ഏററവും ശക്തമായ ആക്രമണം അയാൾക്കു് സഹിക്കാൻ കഴിഞ്ഞില്ല. ''അതേടീ; ഞാൻ സൗകര്യമുള്ളതുചെയ്യും. നീയിനിയെന്നോടു മിണ്ടിപ്പോകരുതു്.....'' അയാൾ അലറി.

അടുത്തുള്ള കട്ടിലിൽകിടന്ന കൊച്ചുമോൻ ഉണർന്നുകഴിഞ്ഞിരുന്നു. അവൾ കരയുന്ന കുഞ്ഞിനെയുമെടുത്തു് അകത്തേക്കു പോയി.

വരാന്തയിലെ കസേരയിൽ കിടക്കുമ്പോൾ ആകപ്പാടെ ഒരസ്വാസ്ഥ്യംതോന്നി. കലുഷിതമായ മനസ്സു്...ചോറു വിളമ്പുന്നതെന്നറിഞ്ഞിട്ടും അയാൾ എഴുന്നേററില്ല. സമയംകുറെയായപ്പോൾ കുട്ടിയോടു് അവൾ പറയുന്നതുകേട്ടു. ''മോനെ, ചോറു വേണ്ടവർക്കു് വിളമ്പിവെച്ചിട്ടുണ്ടു്''. അതു് തന്നോടാണെന്നയാൾക്കു മനസ്സിലായി. ''എനിക്കാരോ ചോറു വിളമ്പാൻ പറഞ്ഞതു്.'' അയാൾ വിളിച്ചുചോദിച്ചു. ''ഞാൻ നിങ്ങളോടൊന്നും പറഞ്ഞില്ലല്ലോ.'' അയാൾക്കു് ഒന്നും പറയാനില്ലായിരുന്നു.

വിശന്നപ്പോൾ തനിയെ എഴുന്നേററുപോയി ഊണുകഴിച്ചു. അവൾ മിണ്ടാതെ മാറിനിൽപ്പുണ്ടായിരുന്നു. ആ മൗനം അയാൾക്കസഹ്യമായിത്തോന്നി. കൈകഴുകാൻ ചെന്നപ്പോൾ വെള്ളമില്ലായിരുന്നു. വെള്ളമെവിടെയെന്നു ചോദിക്കാൻ നാവുയർന്നതാണു്. ''മോനെ വെള്ളമില്ലല്ലോടാ''. അയാൾക്കും അതേ ബുദ്ധിതന്നെ തോന്നി.

''ഇന്നു് ആഫീസിൽ പോകേണ്ടേ? എഴുന്നേൽക്കെടാമോനെ'' എന്നതുകേട്ടാണു് ഉണർന്നതു്. അവൾ അടുത്തുകിടന്ന മോനെയെടുത്തുകൊണ്ടു് പോയി.

''മോനെ, ഷർട്ടും പാൻറ്സും തേയ്ക്കണമല്ലോടാ'' അയാൾ മോനോടു പറഞ്ഞു. ഓമനപ്പുത്രൻ ഒന്നും മനസ്സിലാകാതെ നിന്നു ചിരിച്ചു. പ്രഭാതചര്യകളെല്ലാം കഴിച്ചെന്നുവരുത്തി. ''മോനെ കാപ്പി വന്നു കുടിച്ചുകൊള്ളൂ'' എന്നുപറഞ്ഞിട്ടു് അവൾ കുട്ടിയെയും എടുത്തുകൊണ്ടുപോയി.

ഷർട്ടുധരിച്ചു് ഓഫീസിലേക്കിറങ്ങാൻ തുടങ്ങിയപ്പോൾ അവൾ കുട്ടിയെയുംകൊണ്ടു് വാതിൽപ്പടിയിലുണ്ടായിരുന്നു. അവളുടെ മുഖത്തെ ദുഃഖം മാഞ്ഞിട്ടില്ലയെന്നതു് അയാൾ ശ്രദ്ധിച്ചു.

അയാൾ മകനെ വാരിയെടുത്തുമ്മവച്ചു. ''മോനു വൈകുന്നേരം ഡാഡി ഒരു നല്ല സാരി കൊണ്ടുവരാം കേട്ടോ. മോൻ വിഷമിക്കണ്ടാ'' അവളുടെ മുഖത്തേക്കു് അയാൾ ഒളികണ്ണിട്ടുനോക്കി. അവളുടെ മുഖത്തു് സന്തോഷം ഇരച്ചുകയറുന്നതുകണ്ടു. അവൾ പൊട്ടിച്ചിരിച്ചുകൊണ്ടു് കുട്ടിയെ പിടിച്ചുവാങ്ങി. അയാൾക്കും ചിരിയടക്കാൻ കഴിഞ്ഞില്ല.

വീണ്ടും ഒരു പുതിയ ദിവസം ആരംഭിക്കയായിരുന്നു...

വെള്ളമില്ലാതെ ഞാനേറെ വലഞ്ഞോ-
മണൽകാട്ടതോറും മതപ്പിച്ചുതേടവേ
നീയെനിക്കേകി കുളിർ വെള്ളമെത്രയും
കത്തിയെരിഞ്ഞൊരെൻ ദാഹം കെടുത്തുവാൻ

എൻ ദുഃഖമാനസ്സമാം മരുഭൂമിയി-
ലെൻ സുഖമാകെ ഗ്രസിച്ച നിരാശകൾ
മുള്ളിൻ ചെടികളായ് പൊന്തി വളരവേ
പൊന്തിവളർന്നവയേറെ തഴച്ചവേ

അവയിലെ വിഷമുള്ളുകുത്തിയെൻ മാനസ്സം
ചോരയൊലിക്കവെ നീറി നിന്നീടവേ
വന്നെത്തി നീയെന്റെ പെൺകൊടിയിന്നലെ
കൊത്തിക്കളഞ്ഞു വിഷമുൾച്ചെടികളെ

ലേപംവെച്ചു നീ കെട്ടി മുറിവുക-
ളേകിയെനിക്ക നീയാത്മവിശ്വാസവും
എന്തിനീം ചൊല്ലേണ്ട നല്കിയെനിക്കു നീ
പുത്തൻപ്രതീക്ഷകൾ പുതുതായ ലോകവും

# പെൺകൊടി

എങ്കിലും പെൺകൊടി പോയല്ലോ നീയെന്റെ
ചാരത്തുനിന്നുമേയിത്രപെട്ടെന്നു താൻ
എങ്കിലും പെൺകൊടി പോയല്ലൊ നീയെന്റെ
ചാരത്തുനിന്നു ഞാൻ നിദ്രയുണരവേ

എന്റെ പൂന്തോപ്പിലെ പൂക്കളെല്ലാമിതാ
കൊഴിയുന്നു ചെടികളോ ജീർണ്ണിച്ചുപോകുന്നു
മരുവിലുഷ്ണക്കാററിലെൻ മേനി പൊള്ളുന്നു
നിൻകൊച്ചുനിശ്വാസമില്ലല്ലൊ വീശുവാൻ

കൊച്ചുപെൺകുട്ടി നീയെങ്ങുപോയെങ്ങുപോ-
യെന്നോടുമിണ്ടാതെ യെങ്ങുപോയെങ്ങുപോയ്
വെള്ളമില്ലാതെയെൻ നാവിതാവരളുന്നു
വന്നണഞ്ഞീടുമോ നീയിററുജലവുമായ്

കൊച്ചുപെൺകുട്ടി നീയെങ്ങുപോയെങ്ങുപോയ്
കൊച്ചുസ്വപ്നങ്ങളാം തൻ ചെപ്പെനിക്കേകി നീ
എന്നോടു മിണ്ടാതെ യെങ്ങുപോയെങ്ങുപോയ്
എൻ നെഞ്ചിൽ ദുഃഖത്തിൻ വിത്തും വിതറി നീ ?

**DOMINIC JOHN**
Final. M. Com.

കൊച്ചുപെൺകുട്ടി നീയെങ്ങുപോയെങ്ങുപോയ്
കൊച്ചുസ്വപ്നങ്ങളാം തൻ ചെപ്പെനിക്കേകി നീ
എന്നോടുമിണ്ടാതെയെങ്ങുപോയെങ്ങുപോയ്
എൻനെഞ്ചിൽ ദുഃഖത്തിൻ വിത്തും വിതറി നീ?

ഇല്ലെനിക്കാവില്ല ചിന്തിച്ചിടാൻ പോലും
നിന്നെപ്പിരിഞ്ഞുള്ള ജീവിതമൊന്നിനി
ഇന്നലെ കൊച്ചുസന്ധ്യക്കെൻ നിദ്രയിൽ
കൊഞ്ചും മനസ്സുമായെത്തിയെൻ ചാരെ നീ

പൂക്കളില്ലാതെ പൂവണ്ടുമില്ലാതെയെൻ
മാനസ്സംപോലെ വരണ്ട പൂവാടിയിൽ
ജീർണ്ണിച്ച പൂക്കളെ ചെടികളെ നോക്കി-
ഞാൻ ഖിന്നമാനസ്സനായിനിന്നീടവേ

നിൻെറ ചിലങ്കതൻ പൊട്ടിച്ചിരികളെൻ
കാതിൽ വന്നേതോ മൃദുഗീതമോതവേ
നിൻെറ കയ്യിലെ കുപ്പിവളകളും
കൊച്ചുകിന്നാരങ്ങളും തമ്മിൽ കൈമാറവേ

# കിനാവിലെ

എൻെറ ദുഃഖതപസ്യയിൽ നിന്നു ഞാൻ
മെല്ലെ മുഖമൊന്നുയർത്തി നോക്കീടവേ
കണ്ടു ഞാനാദ്യമായ് നിന്നെയെൻ പെൺകൊടി-
ഇല്ല മറക്കുവാൻ നിന്നെയൊരിക്കലും

നിൻെറ കൊച്ചിളം പൊട്ടിച്ചിരികളെൻ
കാതിൽ വന്നേതോ മൃദുഗീതമോതവേ
എൻെറ കാതിൽ മുഴങ്ങിയിരുന്നതാം
ദുഃഖഗാനത്തിൻെറയീരടി മാററി നീ

നിൻെറ കൊച്ചിളം നിശ്വാസമിന്നലെ തോ-
ന്നീയെനിക്കൊരു കൊച്ചിളം കാററതായ്
മരുവിലുഷ്ണക്കാററിലൊരു കൊച്ചുതെന്നലായ്
എൻമേനിതൊട്ടു തലോടികടന്നവരം

എൻെറ ദുഃഖങ്ങളെ കാററിൽ പറത്തി നീ
ഏകിയെനിക്കൊരു പുത്തൻ പുതുജീവൻ
പുഞ്ചിരിച്ചീടാൻ മറന്നുപോയെന്നെ നീ
പൊട്ടിച്ചിരിപ്പിച്ചു നിൻ കൊച്ചുമൊഴികളാൽ

പാസ്പോർട്ട്, വിസ, സർട്ടിഫിക്കറ്റ്, ഐഡൻറിറ്റി കാർഡുകൾ, ആധാരം, എൻജിനിയറിംഗ് വർക്ക്സ് മുതലായവയുടെ ശരിപ്പകർപ്പുകൾക്ക്

Rs: 150/=

**മാളിയേക്കൽ ഫോട്ടോസ്റ്റാറ്റ്**

ബോയ്സ് ഹൈസ്കൂളിനു മുൻവശം

കുറവിലങ്ങാട്

Prop : മാണി എമ്മാനുവൽ

കൃതികളും കർത്താക്കളും പെരുകുന്നുണ്ടെങ്കിലും സാഹിത്യത്തിന്റെ ശക്തിയും സ്വാധീനവും കുറയുകയും വിപരീതഫലമുണ്ടാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിൽ. പഴയതലമുറയിലുള്ളവർ സൃഷ്ടിച്ച വിരലിലെണ്ണാവുന്ന കൃതികളാണ് ഇന്നും നമ്മുടെ പ്രകാശഗോപുരങ്ങളായി നില്ക്കുന്നത്. പുതിയ തലമുറയിലെ സൃഷ്ടാക്കൾക്ക് സാഹിത്യലോകത്തിലെ നവചൈതന്യം പകർന്നുനല്കാൻ കഴിയുന്നില്ല. എന്നുമാത്രമല്ല അവർ അനുക്രമം വർദ്ധിക്കുന്ന ധർമ്മച്യുതിയുടെ കാവൽഭടന്മാരായി മാറുകയും ചെയ്യുന്നു. സാക്ഷരത കൂടുന്നതനുസരിച്ച് ദാഹികളായി മാറുന്ന വായനക്കാരെ തൃപ്തിപ്പെടുത്താൻ ഒരേഅച്ചിൽ വാർത്തെടുത്ത നോവലുകളും കഥകളും കുറ്റാന്വേഷണ നോവലുകളും മാത്രമാണുള്ളത്. ജീവിതത്തിന്റെ യാഥാർത്ഥ്യത്തിൽനിന്നകലുന്ന സാഹിത്യകാരൻ ചിന്താദാരിദ്ര്യവും നിഷ്ക്രിയത്വവും സ്വയം വരിക്കുന്നതോടൊപ്പം അവയിലേക്ക് നിരപരാധിയായ വായനക്കാരനെ തള്ളിവിടുകയും ചെയ്യുന്നു.

**സെക്സ്, ക്രൈം .....**

സമൂഹജീവിതം മാറ്റങ്ങളിലൂടെ പുതിയ പാതകൾ തേടുമ്പോൾ അവയിലെ മാലിന്യങ്ങളും ജീർണ്ണതകളും കലയിലും സാഹിത്യത്തിലും പ്രതിഫലിച്ചേക്കാം. ശ്ലീലത്തിന്റേയും അശ്ലീലത്തിന്റേയും അതിർവരമ്പുകളെക്കുറിച്ച് നാമിന്നും അജ്ഞരാണ്. സമൂഹത്തിന്റെ മൂല്യാവബോധമാണ് ഈ കാര്യത്തിൽ ഒരു സെൻസർ (censor) ആയി പ്രവർത്തിക്കേണ്ടത്. കുറ്റാന്വേഷണകഥകളും കൊച്ചുപുസ്തകങ്ങളും നഗ്നചിത്രങ്ങളും ആവോളമാസ്വദിച്ച് ജനത്തിന്റെ അഭിരുചികൾ പാടെ മാറിയിരിക്കുന്നു. ഗ്രീക്ക സാഹിത്യത്തിലോ, സംസ്കൃതത്തിലോ സെക്സ് നിഷിദ്ധമായിരുന്നില്ല. സോഫോക്ലീസിന്റെ ആന്റിഗണിയും ഈഡിപ്പസും രതിജാലത്തിന്റേയും ശൃംഗാരത്തിന്റേയും വിഹാരരംഗങ്ങളാണ്. റോമാക്കാരനായ ഒവിഡിന്റെ "Art of Love" ഇന്നത്തെ നിലയിൽ അശ്ലീലം കലർന്നതാണ്. മനുഷ്യന്റെ പ്രാകൃതചോദനകളെ ഉത്തേജിപ്പിക്കുന്ന കൃതികൾ എക്കാലത്തും

# കല ആഭാസമായി മാറുമ്പോൾ

നാളത്തെ തലമുറയ്ക്കു് മാർഗ്ഗദർശികളാകേണ്ടതു് ഇന്നത്തെ തലമുറയാണെന്നാണ് പൊതുവേയുള്ള ധാരണ. എന്നാൽ ഇരുളിൽ അലയുന്ന ഇന്നത്തെ തലമുറ മാർഗ്ഗദർശനം നല്കാൻ യോഗ്യമാണോ എന്ന ചോദ്യം ഉയരുന്നു. കലകളുടെ ലക്ഷ്യത്തെപ്പററി ഭിന്നാഭിപ്രായങ്ങളുണ്ടാകാമെങ്കിലും സാന്മാർഗ്ഗികമായ മാർഗ്ഗദർശനം പകർന്നു നല്കുക അതിന്റെ അടിസ്ഥാനധർമ്മമാണെന്ന കാര്യത്തിൽ എതിരഭിപ്രായമുണ്ടാകാൻ വഴിയില്ല. മനുഷ്യനെ മൂല്യങ്ങളെക്കുറിച്ചു ബോധവാനാക്കുക എന്നതു് കലയുടെ സ്ഥായിയായ ധർമ്മമാണ്. സമൂഹത്തിന്റേയും വ്യക്തിയുടേയും പരസ്പരബന്ധത്തിന്റെ ശൃംഖലയിലെ അവിഭാജ്യഘടകമായി കല പ്രവർത്തിക്കുന്നു. മുൻതലമുറകൾ നല്കുന്ന സന്മാർഗ്ഗബോധവും ജ്ഞാനസത്തയും ഈ മൂല്യങ്ങളിൽ ലയിച്ചുചേർന്ന് അവയ്ക്കു കൂടുതൽ ശക്തി പകരുന്നു. കാലദേശങ്ങൾക്കൊത്തു മൂല്യങ്ങളിൽ നേരിയ മാററം സംഭവിക്കാമെങ്കിലും വിശാലദർശനത്തിലെത്തിയ മാനവികതയുടെ ജീവചൈതന്യം ഈ സംസ്കാരബിന്ദുക്കളെ കൂട്ടിയിണക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ കേരളീയന്റേയും പഞ്ചാബിയുടേയും ഫ്രഞ്ചുകാരന്റേയും മൂല്യബോധത്തിന്റെ അടിസ്ഥാനപരമായ വേരുകൾ ഒന്നാണെന്നു വരുന്നു. ഈ മൂല്യങ്ങളുടെ ശക്തിചൈതന്യങ്ങൾ ദർശിക്കാനായി നമ്മുടെ സാഹിത്യത്തിലും സിനിമയിലും തിരയുമ്പോഴാണ് നമ്മുടെ സാംസ്കാരികജീവിതം ചെന്നെത്തിയിരിക്കുന്ന വന്യസങ്കേതങ്ങളെപ്പററിയും നാശഗർത്തങ്ങളെപ്പററിയും നാം ബോധവാന്മാരാകുന്നതു്.

### സാഹിത്യം

മൗലികമായ പ്രതിഭയുള്ളവരും, പുതുമയെ പുണരാനാഗ്രഹിക്കുന്നവരും, പാരമ്പര്യത്തിന്റെ സത്തയെ ഉൾക്കൊള്ളാൻ കഴിവുള്ളവരുമായ ഒരു പററം ഭാവനാസമ്പന്നരാണ് ഏതുഭാഷയിലേയും സാഹിത്യത്തെ സാംസ്കാരിക ജീവിതത്തിന്റെ ചൈതന്യധാരയാക്കി മാററുന്നതു്. അനുകരണത്തിന്റേയും ബാലിശമായ പരീക്ഷണങ്ങളുടേയും നടുവിൽ സ്വയം ഹോമിക്കുന്നവരാണധികം. സ്വകീയമായ ദർശനത്തിന്റെ കുറവു് അവരുടെ കൃതികളിൽ നിഴലിക്കുന്നു. അനുഭവദാരിദ്ര്യത്തിന്റെ വരൾച്ച അവയെ മുരടിപ്പിക്കുന്നു. ദന്തഗോപുരങ്ങളിലിരുന്നു ജീവിതത്തിന്റെ എല്ലാ സുഖസൗകര്യങ്ങളും ആനുകൂല്യങ്ങളും ആവോളമാസ്വദിച്ചു് ദാരിദ്ര്യദുഃഖത്തെക്കുറിച്ചു പാടുന്നവരും തരംതാഴ്ത്തപ്പെട്ടിരിക്കുന്ന സമൂഹത്തിൽ നടമാടുന്ന അനീതികൾക്കു നേരെ ചെറുവിരൽപോലുമനക്കാതെ നിശിതമായ ഭാഷയിൽ അതിനെ വിമർശിച്ചു് മഹാകാവ്യങ്ങളെഴുതുന്നവരും ഇല്ലാതില്ലല്ലോ. സ്വന്തം ദർശനങ്ങളും അനുഭവങ്ങളും തികഞ്ഞ ആത്മാർത്ഥതയോടും കലാസൗന്ദര്യത്തോടും ആവിഷ്കരിക്കാൻ കഴിയുന്ന പ്രതിഭാശാലികളുടെ അഭാവം വ്യക്തമായി നിഴലിക്കുന്നു. ജീവിതത്തെപ്പററിയുള്ള ഇടുങ്ങിയ വീക്ഷണം യാഥാർത്ഥ്യത്തിന്റെ മുള്ളുകൾക്കിടയിൽ നിന്നോടിയൊളിക്കാൻ സാഹിത്യകാരനെ പ്രേരിപ്പിക്കുന്നു.

വായനക്കാരനെ ആവോളം രസിപ്പിക്കുക, അവന്റെ മൂല്യവികാരങ്ങളെ ചൂഷണം ചെയ്യുക എന്നതു് സാഹിത്യകാരന്റെ ലക്ഷ്യമായിത്തീർന്നിരിക്കുന്നു, തന്റെ കൃതികളുടെ മാർക്കററുനിലവാരവുംകൂടി മുന്നിൽ കണ്ടുകൊണ്ടായിരിക്കാം അയാളീ സാഹസത്തിനൊരുമ്പെടുക. വായനക്കാരനെ രസിപ്പിക്കുക എന്നതു് തെററല്ല. സഹൃദയന് മാനസികോല്ലാസമരുളുക എന്നതു് കലാകാരന്റെ ധർമ്മവുമാണ്. എന്നാൽ ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നും വൈരുദ്ധ്യങ്ങളിൽ നിന്നും വേറിട്ടുകൊണ്ടുള്ള രസിപ്പിക്കൽ, ഇക്കിളിപ്പെടുത്തൽ സാഹിത്യകാരന്റെ സാംസ്കാരികാധഃപതനത്തിന്റെ മാർഗ്ഗരേഖയാണ്. കൂടുതൽ വായനക്കാരെ ലഭിക്കുമ്പോൾ, പതിന്മടങ്ങ് ആവേശത്തോടെ അയാൾ ഈ ക്രിയയിൽ വ്യാപരിക്കുകയാവും. ഫലം, സാഹിത്യകാരനും വായനക്കാരനും ഒരുപോലെ സാംസ്കാരികാധഃപതനത്തിലേക്കു് വഴുതി വീഴുന്നു. സംസ്കാരത്തിന്റെ വെളിച്ചത്തിൽനിന്നും മൂല്യശോഷണത്തിന്റെ ഇരുട്ടിൽ മുങ്ങുന്നു. ടോൾസ്റ്റോയിയും, ഡോസ്റ്റോവിസ്കിയും വിക്ടർ ഹ്യൂഗോയും വരച്ചുകാട്ടിയ ജീവിതത്തിന്റെ മുഖങ്ങൾ എത്ര ആഴത്തിലാണു് അനുവാചകഹൃദയങ്ങളിൽ പതിഞ്ഞതു്. അവ വായനക്കാരന്റെ വീക്ഷണങ്ങളേയും ചിന്തകളേയും ഉത്തേജിപ്പിക്കുന്നു. സങ്കീർണ്ണതകൾക്കിടയിലും തെളിയുന്ന ജീവചൈതന്യത്തിന്റെ പ്രകാശത്തിൽ അയാൾ പ്രദീപ്തമായ ലോകത്തെ ദർശിക്കുന്നു. ജീവിതത്തെ സ്നേഹിക്കുന്നു.

**രാജു വി.**
II B. Sc. Maths.

ുണ്ടായിട്ടുണ്ട്. അവ തികഞ്ഞ മൗലികതയോടും സൗന്ദര്യാവബോധത്തോടുംകൂടി സൃഷ്ടിക്കപ്പെട്ടപ്പോഴാണ് ആകർഷകത്വമേറുന്നത്. പ്രപഞ്ചസൗന്ദര്യത്തിന്റെ പ്രതീകമായി ചൈതന്യരൂപിണിയായ സ്ത്രീയെ സങ്കല്പിച്ചുകൊണ്ടുള്ള ഒരു സമീപനത്തിൽനിന്നു ഉരുത്തിരിഞ്ഞുവരുന്ന രതി വായനക്കാരനു ഹൃദയഹാരിയായി തോന്നുന്നു. മറിച്ചാവുമ്പോൾ അതവനിൽ അറപ്പും വെറുപ്പും ഉളവാക്കുന്നു. രണ്ടാമത്തെ വിഭാഗത്തിലുള്ള കൃതികളാണ് നമ്മുടെ നാട്ടിൽ പ്രചാരം നേടി പെരുകുന്നത്.

### *സിനിമ*

സാഹിത്യത്തെക്കാളും ഞെട്ടിപ്പിക്കുന്നതാണ് സിനിമയിലെ രതം. പ്രേക്ഷകന്റെ ആസ്വാദനമണ്ഡലത്തെപ്പറ്റി യാതൊരു ബോധവുമില്ലാത്ത, ധനലാഭംമാത്രം ലക്ഷ്യമാക്കുന്ന ഒരു നിർമ്മാതാവും, അയാൾക്കൊത്തു ചുവടുവയ്ക്കേണ്ടിവരുന്ന 'നിരപരാധി'യായ ഒരു സംവിധായകനും കൂടിയാവുമ്പോൾ കലാഭാസത്തിനു ജന്മം നല്കുകയായി. പ്രേക്ഷകന്റെ സംവേദനശക്തിയെക്കുറിച്ച് കേട്ടറിവുപോലുമില്ലാത്തവരായിരിക്കാം ഇവർ. വിശ്വസിനിമയിലെ ക്ലാസിക്കുകളെല്ലാം തികഞ്ഞ യാഥാർത്ഥ്യബോധത്തോടും, ശില്പസൗന്ദര്യത്തോടുംകൂടി ആവിഷ്കരിക്കപ്പെട്ടവയാണ്. നശിക്കാത്ത മാനവികതയുടെ പരിരംഭണവും കലയോടുള്ള ആത്മാർത്ഥതയും, ഉദാത്തമായ സാംസ്കാരികാവബോധവും അവയെ ശ്രദ്ധേയങ്ങളാക്കുന്നു. സിനിമ എന്ന മാദ്ധ്യമത്തിന്റെ അനന്തസാദ്ധ്യതകളെ ശരിക്കും ഉപയോഗപ്പെടുത്താനും അതിനു പുതിയ മാനങ്ങളും നല്കാനും ആത്മാർത്ഥമായി യത്നിക്കുന്ന എത്ര സംവിധായകർ നമുക്കുണ്ട്?

മലയാളചലച്ചിത്രങ്ങളുടെ കാര്യമെടുക്കുക. ഒരാണ്ടിൽ നൂറിലേറെ ചിത്രങ്ങൾ പുറത്തുവരുന്നു. രതി, കാമം, ബലാൽസംഗം, സംഘട്ടനം എന്നിവ അവയുടെ എല്ലാ ബീഭത്സതകളോടുംകൂടി അരങ്ങുതകർക്കുന്നവയാണ് ഭൂരിഭാഗം ചിത്രങ്ങളും. സാമ്പത്തികമായും അവ പരാജയപ്പെടുന്നു.

പ്രേക്ഷകന്റെ സഹൃദയത്വത്തെപ്പറ്റി തെറ്റായ ധാരണകളും വച്ചുപുലർത്തുന്നതാണ് ഈ പരാജയത്തിനു കാരണം. അമ്പതുമല്ലന്മാരെ ഒറ്റയ്ക്കു നേരിട്ട്, വിയർപ്പുകണംപോലും പൊടിയാതെ വിജയശ്രീലാളിതനായി മടങ്ങുന്ന നായകൻ; സുന്ദരനും സുമുഖനും അനശ്വരഗായകനും സദ്ഗുണസമ്പന്നനും ആരോഗ്യവാനുമായ 'അസാധാരണ' നായകൻ മുതലായ അപൂർവ്വഭാവനകളും നമ്മുടെ സിനിമയുടെ സവിശേഷതയാണ്. ലോകത്തിലൊരിടത്തും കാണാൻ കഴിയാത്ത 'സ്വർഗ്ഗീയമായ' പ്രേമരംഗങ്ങളും നമ്മുടെ ബുദ്ധിമണ്ഡലത്തെ പരീക്ഷിക്കുന്നവയാണ്.

ജീവിതത്തിൽനിന്നകന്നു മാറുന്ന സിനിമയും സാഹിത്യവും സാംസ്കാരികാധഃപ്പതനത്തിലേക്കു നിഷ്കളങ്കരായ ജനങ്ങളെ വലിച്ചിഴയ്ക്കുന്നു. ഇങ്ങനെ പരിചയിച്ച ഇരുട്ടിൽപ്പെട്ടു കരകയറാൻ കഴിയാതെ അവർ വലയുന്നു. ഈ വിനാശഗർത്തത്തിൽനിന്ന് അവരെ മോചിപ്പിക്കാൻ ആർക്കു കഴിയും? ഇന്നത്തെ തലമുറക്കുകൂടി മാർഗ്ഗദർശനം നല്കുന്ന പുതിയ തലമുറയെ നമുക്കു സ്വപ്നം കാണാനാകുമോ?


**നിങ്ങൾക്കൊരു ജോലി** അതിനു വിദ്യാഭ്യാസം മാത്രം പോരാ — തൊഴിൽ കൂടി പഠിച്ചിരിക്കണം.

***ലാബറട്ടറി ടെക്നീഷ്യൻ കോഴ്സിലും***

***ഫാർമസി ഡിപ്ലോമാ കോഴ്സിലും ചേർന്ന് പഠിച്ച്***

***ഡിപ്ലോമ കരസ്ഥമാക്കുക.*** കുറഞ്ഞ യോഗ്യത എസ്. എസ്. എൽ. സി. പാസ്സ്ഡ്

കഴിഞ്ഞ 12 വർഷത്തെ പരിചയമുള്ള

**സെൻറ് മേരീസിൽ ചേർന്നാൽ അതു കൂടുതൽ പ്രയോജനകരമായിരിക്കും.**

**വിശദവിവരങ്ങൾക്ക്**

**അന്വേഷിക്കുക.** **St. Mary's School of Medical Technology**

**Estd. 1972** **Ph: 65**

**KURAVILANGAD**











എല്ലാവരോടും സംസ്കാരത്തോടെ പെരുമാറുക, പലരുമായി ഇടപഴകുക, കുറച്ച് ആളുകളുമായി പരിചിതരായിരിക്കുക, ഒരാളുമായി മാത്രം അടുക്കുക, ആരോടും ശത്രുതയില്ലാതിരിക്കുക

—ബെഞ്ചമിൻ ഫ്രാങ്ക്ളിൻ




## Representatives

1. Jessy P. Mathew — Lady Rep.
2. Santhy S. — Lady Rep.
3. Roy A. Alanoly — II P. G.
4. George Philip K. — I P. G.
5. James P. J. — III D. C.
6. Shajan Jose — II D. C.
7. Tomy Joseph — I D. C.
8. Jiji George — II P. D. C
9. Boby Joseph — I P. D. C.
10. James J. Melvettom — Sports Sec.
11. Vijayan K.K — Union Exe. Member












*Best Compliments:*

Deva Matha College Employees' Co-operative Society

**Ltd. No. K. 384**

**KURAVILANGAD**

മദ്ധ്യപ്രദേശ് എന്നു കേൾക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിലുയരുക ചമ്പൽക്കാടുകളെപ്പറ്റിയുള്ള പേടിപ്പെടുത്തുന്ന ചിന്തകളായിരിക്കും. കൊള്ളക്കാരുടെ വിഹാരരംഗമായ ചമ്പൽത്താഴ്‌വര—ഈ പ്രദേശത്തിന്റെ ഭൂരിഭാഗവും മദ്ധ്യപ്രദേശിലെ മൊറേന ജില്ലയിലാണ്. കൊള്ളക്കാരുടെ കിരാത നടപടികൾകൊണ്ട് ശപിക്കപ്പെട്ട ചമ്പൽ അവരുടെ ആത്മസമർപ്പണത്തെ തുടർന്ന് ഇന്ന് ശാപവിമുക്തമായി വരികയാണ്. പകൽപോലും മനുഷ്യർ കടന്നുചെല്ലാൻ മടിച്ചിരുന്ന ആ പ്രദേശത്ത് ഇന്ന് ഗാന്ധി സേവാ ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്യാമ്പുകളിൽ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവജനങ്ങൾ അദ്ധ്വാനിച്ച് പാഴ്നിലങ്ങൾ കൃഷിയ്ക്ക് ഉപയുക്തമാക്കി പരിവർത്തനം ചെയ്യുന്നു. ഗ്രാമവികസനവും സമാധാനവും ലക്ഷ്യമാക്കിക്കൊണ്ട് രൂപവൽക്കരിച്ച ഒരു പദ്ധതിയാണ് സി. ആർ. ഡി. പി. (Cultural Rural Development Project) കേന്ദ്രഗവണ്മെന്റും പശ്ചിമ ജർമ്മനിയും ഇതിന് സാമ്പത്തിക സഹായം നല്കുന്നു. ഇപ്രകാരമുള്ള ഒരു വർക്ക് ക്യാമ്പിൽ സംബന്ധിച്ചുകൊണ്ട് ഏതാനും നാൾ മൊറേനയിൽ താമസിക്കാൻ എനിക്കവസരമുണ്ടായി. മദ്ധ്യപ്രദേശിലെ ജനജീവിതത്തിന്റെ മുഖം കേരളത്തിന്റേതിൽനിന്ന് വളരെയേറെ വ്യത്യസ്തമാണ്.

### സ്ഥലത്തിന്റെ പ്രത്യേകത

യമുന, ചമ്പൽ എന്നീ നദികളും ഉപനദികളും കൂടി ഒഴുക്കിക്കളഞ്ഞ 12 ലക്ഷത്തിൽപരം ഏക്കർ സ്ഥലങ്ങളാണ് തരിശായി കിടക്കുന്നത്. മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നീ സ്റ്റേറ്റുകളിലായിട്ടാണ് ഈ സ്ഥലമത്രയും വ്യാപിച്ചു കിടക്കുന്നത്. പരന്നൊഴുകുന്ന ചമ്പൽനദി, വേനൽക്കാലത്ത് സ്വച്ഛമാണെങ്കിലും വർഷകാലത്ത് കരകവിഞ്ഞ് ഭീകരരൂപം കൈക്കൊള്ളുന്ന നദി ചെറിയ കുന്നുകൾ ഇളക്കിയെടുത്ത് അഗാധഗർത്തങ്ങളും പുതിയ മൺകൂനകളും സൃഷ്ടിക്കുന്നു. പശയും വളവുമില്ലാതെ പൊടിഞ്ഞു പൊടിഞ്ഞു കിടക്കുന്നതാണ് മണ്ണ്. അതുകൊണ്ട് മൺതിട്ടകൾ ഇടിഞ്ഞും കൂടി പലയിടത്തും വിണ്ടുകീറിയുമാണ് കിടക്കുന്നത്. നദിയുടെ കരയിലുള്ള കൊടും കാടുകളിൽ ഇത്തരത്തിലുള്ള കുന്നുകളും അഗാധമായ വിള്ളലുകളും കാണാം. ഇവയ്ക്കുള്ളിൽ കൊള്ളക്കാർക്ക് ഒളിക്കാനുള്ള സൗകര്യങ്ങൾ ഉള്ളതുകൊണ്ട് പുറത്തുനിന്ന് എത്തുന്നവരെ സുരക്ഷിതമായിരുന്ന് നേരിടാൻ അവർക്ക് കഴിയുന്നു. അതുകൊണ്ടാണ് അത് കൊള്ളക്കാരുടെ താവളമായിത്തീർന്നത്. പോലീസിനും പട്ടാളത്തിനും സ്ഥല

ത്തെപ്പററി വലിയ ജ്ഞാനമുണ്ടായിരിക്കുകയില്ല. കൊള്ളക്കാർക്ക് എല്ലാ ഊടുവഴികളും നിശ്ചയമുണ്ടായിരിക്കുകയും ചെയ്യും. ഈ പ്രത്യേകതകൊണ്ടാണ് മാറിമാറിവന്ന ഒരു ഭരണകൂടത്തിനും കൊള്ളക്കാരുടെ ഉന്മൂലനാശം വരുത്താൻ കഴിയാത്തതു്.

നദിക്കരയിൽനിന്നു് അകലുന്തോറും കാടുകൾ കുറയുന്നു. അവിടങ്ങളിൽ വൃക്ഷങ്ങൾക്കുപകരം പുല്ലും മൂന്നടിയിൽ താഴെ പൊക്കമുള്ള മുൾച്ചെടികളും മാത്രമേയുള്ളൂ. അവിടങ്ങളിലെല്ലാം കുട്ടികൾ മണ്ണപ്പം ചുട്ടുവച്ചിരിക്കുന്നതുപോലെ അടുത്തടുത്തു് ധാരാളം കുന്നുകളുണ്ടു്. പുറന്തൊലിയിൽ നിറയെ മുള്ളുകൾ പൊതിഞ്ഞിരിക്കുന്ന കായ്കൾ ചിതറിക്കിടക്കുന്നതുകൊണ്ടു് ചെരിപ്പില്ലാതെ നടക്കാൻ സാദ്ധ്യമല്ല. കുന്നുകളുടെ ചെരിവിൽകൂടി ഓടിക്കയറാനും ചാടിയിറങ്ങാനും സൗകര്യപ്പെടുന്ന വിധത്തിലുള്ള ക്യാൻവാസ് ഷൂസുകളാണ് കൊള്ളക്കാർ ധരിക്കുക.

## ജനജീവിതം

മൊറേനാ ജില്ലയിൽ പത്തുലക്ഷം ജനങ്ങൾ അധിവസിക്കുന്നു. പത്തും ഇരുപതും കുടുംബങ്ങളടങ്ങിയ ഗ്രാമങ്ങളിലാണ് ജനങ്ങൾ വസിക്കുന്നതു്. ഒരു പിതാവിന്റെ സന്താനപരമ്പരകൾ പ്രത്യേകം പ്രത്യേകം വീടുകൾ വെച്ചു താമസിക്കുന്ന ഏകകുടുംബ ഗ്രാമങ്ങളുമുണ്ടു്. കൊള്ളക്കാരെ ഭയപ്പെടുന്നതുകൊണ്ടാണ് ഇങ്ങനെ കൂട്ടമായി താമസിക്കുന്നതു്. കൊള്ളക്കാരിൽനിന്നു് രക്ഷപെടുന്നതിനുവേണ്ടി 46000 തോക്കുകൾക്കു് ലൈസൻസ് കൊടുത്തിട്ടുണ്ടു്. ലൈസൻസില്ലാത്തതായി അതിലിരട്ടിയെങ്കിലും കാണും എന്നാണ് നാട്ടുകാരുടെ അഭിപ്രായം. ഗ്രാമീണരുടെ കൃഷിസ്ഥലങ്ങളെല്ലാം അടുത്തടുത്തു് സ്ഥിതിചെയ്യുന്നു. കേരളത്തിലേതുപോലെ ഇവിടെയും അതിരുകൾ മാന്തി വസ്തുവിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നവരുണ്ടു്. ഇതു് രക്തച്ചൊരിച്ചിലിനും കൊലപാതകത്തിനും കാരണമാകുന്നു. ശിക്ഷയിൽനിന്നു് രക്ഷപെടാൻവേണ്ടി കൊലപാതകി കാടുകയറുന്നു. അത്തരക്കാരെ ഏതെങ്കിലും കൊള്ളസംഘം സ്വീകരിച്ചുകൊള്ളും. കൊല്ലപ്പെട്ടവന്റെ പുത്രന്മാർക്കും സഹോദരന്മാർക്കും കുടിപ്പക ഉണ്ടാവുക സ്വാഭാവികമാണല്ലോ. അവർ പ്രതികാരം ചെയ്യും. കാട്ടിൽ അഭയം തേടേണ്ടതു് അവരുടെ ജീവരക്ഷയ്ക്കു് അത്യാവശ്യമാണ്. ഇങ്ങനെ കൊള്ളസംഘങ്ങൾ വളരുന്നു; പെരുകുന്നു.

## കൃഷി

കടുക്, തുവര, എള്ളു്, മല്ലി, നിലക്കടല, മണിക്കടല, കരിമ്പു്, ബജറ, ഉരുളക്കിഴങ്ങു്, മധുരക്കിഴങ്ങു്, മൂലി, ഉള്ളി, കാരട്ട്, സവോള, ഗോതമ്പു്, വഴുതിന, തക്കാളി, പേര, മാവു്, നെല്ലി, വാളൻപുളി തുടങ്ങിയവ സമൃദ്ധമായി അവിടെയുണ്ടു്. പേരിനുമാത്രം നെല്ലും റോബസ്റ്റവാഴയും കാണാം. കറിവേപ്പിലയ്ക്കുപകരം 'ധനിയ' എന്ന സസ്യം ഉപയോഗിക്കുന്നു. മല്ലിയില കറിയ്ക്കു സ്വാദുകൂട്ടാൻ ഉപയോഗിക്കാറുണ്ടു്. ചാഴിയുടെ ദുർഗന്ധമുള്ളതുകൊണ്ടു് അതു് മലയാളികൾക്കു് അത്ര ഇഷ്ടപ്പെട്ടെന്നുവരികയില്ല. ഗ്രാമങ്ങളിലെല്ലാം ആലും വേപ്പും ധാരാളമായി കാണാം. ആൽ ദിവ്യവൃക്ഷവും വേപ്പില കാലിത്തീറ്റയുമാണ്. വേപ്പിന്റെ കമ്പു് ചതച്ചു് പല്ലുതേക്കാനുപയോഗിക്കുന്നു. 'മൂലി' എന്ന വെളുത്ത കിഴങ്ങു് വളരെ പോഷകഗുണമുള്ളതാണ്. മിക്ക കുടുംബങ്ങൾക്കും കൃഷിയിൽനിന്നുള്ള ചെറിയ വരുമാനമേയുള്ളൂ. ഡോളർ വിളകളോ, വിദേശപ്പണമോ ഇവിടെയില്ലെന്നു് പറയാം.

## വീടുകൾ

ഗ്രാമങ്ങളിൽ ചെറുകിട ഗൃഹങ്ങളേ ഉള്ളൂ. ഭിത്തികളും മേൽക്കൂരയും കല്ലുകൊണ്ടു് നിർമ്മിക്കുന്നു. വീതിയുള്ള കൽപ്പാളികൾ മുകളിൽ നിരത്തിയിട്ടു് സിമിന്റുകൊണ്ടു് വിടവടയ്ക്കുന്നു. അതുകൊണ്ടു് കമ്പിയും സിമിന്റും ഉപയോഗിച്ചു് വാർക്കുന്നതിനേക്കാൾ ഉറപ്പും ബലവും കാണും. ചോർച്ച ഉണ്ടാവുകയുമില്ല. തീരെ സാധുക്കൾ ഗോതമ്പിന്റെ കച്ചിയും മറ്റും കൊണ്ടു് കുടിലിന്റെ വശങ്ങൾ മറയ്ക്കുകയും മുകൾ മേയുകയും ചെയ്യുന്നു.

ഓരോ വീടിനോടുംചേർന്നു് പശു, എരുമ, ആടു് എന്നിവയെ രാത്രിയിൽ കെട്ടിയിടുന്നു. അവയ്ക്കു് പ്രത്യേക തൊഴുത്തുകളും കൂടുകളും സമ്പന്നരുടെ പറമ്പുകളിൽപോലും വിരളമാണ്. കഴുത, പന്നി, ഒട്ടകം എന്നിവ ധാരാളമുണ്ടു്. അതുകൊണ്ടു് വീടിന്റെ പരിസരങ്ങൾ വൃത്തികേടായിരിക്കും. വർഷകാലം മുഴുവൻ അവിടെ ചെളികെട്ടികിടക്കും. വേനൽക്കാലത്തു പൊടിയുടെ ശല്യം അസഹനീയമാണ്. മനുഷ്യരോ കാലികളോ നടന്നാൽപോലും പൊടിപറക്കും. മാലിന്യം നിറഞ്ഞ ആ പൊടി ശ്വസിച്ചാൽ രോഗമുണ്ടാകുമെന്നു് ഭയന്നു് കേരളീയർ പലരും മൂക്കു പൊത്തിപ്പോകും. വർഷകാലത്തു് ഈ പൊടിമുഴുവൻ കുഴഞ്ഞു് ചെളിയാകും. അപ്പോൾ സഞ്ചരിച്ചാൽ ചെരിപ്പ് ചെളിയിൽനിന്നു് വലിച്ചൂരാൻ പ്രയാസമാകും. വീടുകളിൽനിന്നു് വഴിയിലേക്കു് ഇറക്കിവിട്ടിരിക്കുന്ന അഴുക്കുചാലുകൾ അറപ്പുണ്ടാക്കുന്നവയാണ്. മൂക്കു തുളച്ചുകയറുന്ന ഗന്ധമാണ് അതിൽനിന്നു് പുറപ്പെടുന്നതും.

മൊറേനാ എന്ന ജില്ലാതലസ്ഥാനംപോലും ഒട്ടും ഭംഗിയും വൃത്തിയുമില്ലാത്തതാണ്. മൂടാത്ത ഓടകൾ

*The One and only name in Post - Graduate Studies*

# SURYA ARTS COLLEGE PALAI

## COURSES OFFERED

| | |
|---|---|
| Pre-Degree (III & IV) | M. Com. |
| B. A. | M. A. (Econ.) |
| B. Com. | M. A. (Eng.) |
| | M. A. (Mal.) |

***Failed and College-going section:—***

Sept. batch:-

| | |
|---|---|
| Pre-Degree | English |
| B. A., B. Com. | English |

March batch:-

**S. S. L. C., Pre-Degree English & Subjects**

**COACHING AND GUIDANCE PROVIDED BY**

**EFFICIENT AND EXPERIENCED TEACHERS.**

**WELL-EQUIPPED LIBRARY.**

മാക്കാനും വരുത്തും. എവിടെ നോക്കിയാലും പൊടിയും കതിരച്ചാണകവും ചപ്പുചവറുകളും നിറഞ്ഞുകിടക്കുന്നു. ഭംഗിയുള്ള ഒരു കെട്ടിടംപോലും കാണാനില്ല. ഇടിഞ്ഞുപൊളിഞ്ഞ് വെള്ള പൂശാത്ത കെട്ടിടങ്ങളും വൃത്തികെട്ട പായക്കടകളും മാത്രം. വഴിയുടെ ഇരുവശങ്ങളിലും പൊളിഞ്ഞ കെട്ടിടങ്ങളുടെ വെട്ടുകല്ലുകൾ കൂട്ടിയിട്ടിരിക്കുന്നതു കാണാം. കേരളത്തിലെ ഏററവും വൃത്തികെട്ട പട്ടണംപോലും ഇതിനേക്കാൾ എത്രയോ ഭേദമാണ്. വഴിയിറമ്പുകളിൽ വില്പനക്ക് വെച്ചിരിക്കുന്ന പലഹാരങ്ങളിൽ ഈച്ച പൊതിഞ്ഞിരിക്കും. മാന്യമായി വേഷംധരിച്ച ആ നാട്ടുകാർ യാതൊരു സങ്കോചവും അറപ്പും കൂടാതെ അവ വാങ്ങി നടറോഡിൽനിന്ന് തിന്നിട്ട് കൈയ്യും വായും കഴുകാതെ പോകുന്നതു കാണാം. ഈച്ചപൊതിഞ്ഞ ഒന്നും തിന്നരുതെന്നാണല്ലോ നാം പഠിച്ചിരിക്കുന്നതു്. വാഴപ്പഴവും ഓറഞ്ചും ചൂടുള്ള പാനീയങ്ങളും മാത്രമേ നമുക്കു മനസ്സറിച്ച് കഴിക്കാൻ തോന്നുകയുള്ളൂ.

എല്ലാ ഗ്രാമത്തിലും ചെറിയ ഒരു ദേവതാ ക്ഷേത്രമുണ്ട്. അവ മിക്കവാറും വൃത്താകൃതിയിലായിരിക്കും. കുട്ടികളെ അക്ഷരം പഠിപ്പിക്കാനായി ഏകാധ്യാപക വിദ്യാലയങ്ങളും കാണാം. സ്കൂളുകൾ വളരെ അകലെയായിരിക്കും. അതുകൊണ്ട് ഹൈസ്കൂൾ വിദ്യാഭ്യാസമുള്ളവർ വളരെ ചുരുക്കമാണ്. വിദ്യാഭ്യാസത്തിൻെറ കുറവുകൊണ്ടും കൊള്ളക്കാരുടെ വീരകഥകൾകേട്ട് വളരുന്നതുകൊണ്ടും ചെറുപ്പക്കാർക്ക് കൊള്ളക്കാരോട്ട് മതിപ്പുണ്ട്.

## ജാതിവ്യവസ്ഥ, വിവാഹം

സിംഗ്, ഠാക്കൂർ (ക്ഷത്രിയർ), ബ്രാഹ്മണർ, ഹരിജൻ എന്നീ ജാതികൾ ഹിന്ദുക്കളിലുണ്ട്. ഹരിജനങ്ങൾ ഭൂമിയിൽ ഉടമസ്ഥാവകാശം ഇല്ലാത്തവരായിരുന്നു. ജനാധിപത്യം അവർക്ക് തുണ്ടുഭൂമികൾ നല്കിയിട്ടുണ്ട്. അവരിൽ ഭൂരിഭാഗവും കൂലിപ്പണിക്കാരാണ്. ശർമ, ദണ്ഡോത്തി, ദ്വിവേദി, ത്രിവേദി, ത്രിപാഠി, ചതുർവേദി, ശുക്ല, മിശ്ര, ദുബെ, ചൗബെ, ദീക്ഷിത്, പാണ്ഡെ, തുടങ്ങിയവർ ബ്രാഹ്മണരിൽ പെടുന്നു.

മിശ്രവിവാഹം തീരെ ഇല്ലെന്നു തന്നെ പറയാം. ആണിന് പത്തും പെണ്ണിന് എട്ടും വയസ്സുള്ളപ്പോൾ ആദ്യ വിവാഹം നടത്തും. പക്ഷെ, പെണ്ണിനെ ഭർത്താവിൻെറ കൂടെ അയക്കുകയില്ല. പതിനേഴ് വയസാകുമ്പോൾ രണ്ടാം വിവാഹം നടക്കും. അതിനു ശേഷമേ ഭാര്യാഭർത്തൃ ബന്ധത്തിന് അനുമതിയുള്ളൂ. ഇതു മധ്യപ്രദേശിലേയും ഉത്തർപ്രദേശിലേയും വ്യവസ്ഥിതിയാണ്. കഴിയുന്നതും അന്യഗ്രാമത്തിൽ നിന്നേ വിവാഹം ചെയ്യാറുള്ളൂ.

## ഭക്ഷണരീതി

ബീഡിയില പോലുള്ള പത്തോ പന്ത്രണ്ടോ ഇലകൾ ഏതോ മുള്ളുകൾ കൊണ്ട് വട്ടത്തിൽ തുന്നിച്ചേർത്താണ് ഭക്ഷണം വിളമ്പുന്നതു്. ചാറ് ഒഴിച്ചാൽ ചോർന്നുപോകും. വാഴയിലയുടെ ഭംഗിയും വൃത്തിയുമപ്പോഴാണ് ഓർമ്മ വന്നതു്. നാട്ടിൽ നമുക്ക് വാഴയിലയെപ്പററി വലിയ മതിപ്പില്ലെങ്കിലും പുറത്തേക്കു സഞ്ചരിക്കുമ്പോഴാണ് അതിൻെറ മഹത്വം മനസ്സിലാകുന്നതു്.

മധ്യപ്രദേശിലെ ഭക്ഷണത്തിന് കേരളത്തിലേതുപോലെ വലിയ വൈവിധ്യമില്ല. രാവിലെ ചായയോ, കാടയോ കുടിക്കുന്നു. പാലും വെള്ളവും ചുക്കും ഇട്ടുതിളപ്പിച്ച് പഞ്ചസാരയിട്ട് ഇളക്കിയെടുക്കുന്ന പാനീയമാണ് കാട. പ്രാതൽഭക്ഷണത്തിന് മിക്കപ്പോഴും അവലാണ് ഉപയോഗിക്കുന്നതു്. അവലിൽ ഉരുളക്കിഴങ്ങ്, സവോള, കടല, മഞ്ഞൾപ്പൊടി ഇവചേർത്തുചൂടാക്കും. അതു് അത്ര രുചിപ്രദമല്ല. മധുരമുണ്ടെങ്കിലേ കേരളീയർക്കിഷ്ടപ്പെടുകയുള്ളൂ.

ഉച്ചയ്ക്കും വൈകുന്നേരവും റൊട്ടി (ചപ്പാത്തി) ആണ് പ്രധാന ഭക്ഷണം. എട്ടും പത്തും ചപ്പാത്തി അവർ ഒരു നേരം കഴിക്കും. ചൂടോടെ തന്നെ കഴിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ട്. ഉരുളക്കിഴങ്ങ്, വഴുതനങ്ങാ എന്നിവകൊണ്ട് ഉണ്ടാക്കുന്ന എരിവുള്ള 'സബ്ജി' കറിയായിട്ടുണ്ടാവും. ചിലപ്പോൾ, അരി, പരിപ്പ്, മഞ്ഞൾ എന്നിവ ചേർത്തു പായസപാകത്തിൽ തയ്യാറാക്കുന്ന കിച്ചഡിയോ മല്ലിയിലകൊണ്ടുള്ള ചമന്തിയോ കാണും. തൈര് വേണ്ടവർക്ക് അതും ലഭിക്കും. ഭക്ഷണത്തോടുകൂടി മൂലി, ഉള്ളി, സവോള, കാരട്ട് തുടങ്ങിയവ പച്ചയ്ക്കു തിന്നുന്നു. വൃത്തിയായ സാഹചര്യങ്ങളിൽ നിന്നു കൊണ്ടുവന്നതല്ലെങ്കിൽ രോഗാണുക്കൾ ഉണ്ടാവാം. എങ്കിലും പാകം ചെയ്യാത്തതുകൊണ്ട് വൈററമിൻ സി നഷ്ടപ്പെടുന്നില്ല എന്ന ഗുണവുമുണ്ട്.

വിശേഷ ദിവസങ്ങളിൽ ഹൽവ, പൂരി, ലഡ്ഡു, ജിലേബി എന്നീ പലഹാരങ്ങൾ ഉപയോഗിക്കുന്നു. റവ, നെയ്യ്, തേങ്ങാ, പാല്, പഞ്ചസാര എന്നിവചേർത്താണ് ഹൽവാ ഉണ്ടാക്കുന്നതു്, അതിന് നാം കണ്ടുപരിചയിച്ച ഹൽവായുടെ ആകൃതിയല്ല. പുഡിംഗ് പോലെയിരിക്കും. അത്രസ്വാദുമില്ല.

പാലായിൽ

# ഹോം സയൻസ് ക്ളാസുകൾ

6 മാസത്തേയും 3 മാസത്തേയും
റഗുലർ കോഴ്സുകൾ;

ഏപ്രിൽ, മെയ് മാസങ്ങളിൽ
***സമ്മർ കോഴ്സ്***

കോൺവെൻറ് ഹോസ്റ്റൽ

പ്രോസ്പെക്ടസിനു Rs. 5/-

***പാചക ക്ളാസുകൾ***

ബുധൻ, വ്യാഴം രാവിലേയും

ശനി, ഞായർ ഉച്ചകഴിഞ്ഞശേഷവും

**ബ്രൈഡൽ മേക്കപ്പ്**

മണവാട്ടികളെ
അണിയിച്ചൊരുക്കുന്നു

ബൊക്കെ—ക്രൗൺ
ഉണ്ടാക്കികൊടുക്കുന്നു

Also,
**BEAUTY PARLOUR**
*—OPENING SHORTLY*

**Mrs. Leelamma Thomas M. A.**
**Directress**

## 'THE LADY' HOME SCIENCE INSTITUTE

**PALAI—686 575**

# നേഴ്സിംഗ്-ഫാർമസി-ലാബ്

## കോഴ്സുകൾ

ഒന്നരവർഷത്തെ നേഴ്സിംഗ്—മിഡ്വൈഫറി കോഴ്സ്;

ഫാർമസി—ലാബ് ടെക്നോളജി ഡിപ്ലോമാ കോഴ്സുകൾ.

പ്രശസ്ത മിഷനാശുപത്രികളിൽ പരിശീലനം—കോൺവെൻറ് ഹോസ്റ്റൽ

പ്രവേശനം വനിതകൾക്കും കന്യാസ്ത്രീകൾക്കും മാത്രം.

പ്രോസ്പെക്ടസിന് Rs. 5/—

**The Directress**
**Vimala School of Nursing**
**Church Junction, KURAVILANGAD—686 633**

ഹിന്ദുക്കൾ മത്സ്യമാംസാദികൾ കഴിക്കാറില്ല. മുസ്ലീങ്ങളും ക്രിസ്ത്യാനികളും. ചെറു സ്റ്റോറുകളിൽ നിന്നു ഹിന്ദുക്കളും മാത്രമേ ഉപയോഗിക്കാറുള്ളൂ. കടുകെണ്ണയും കടലയെണ്ണയുമാണ് പാചകത്തിന് ഉപയോഗിക്കുന്നത്. മേല്പറഞ്ഞ എണ്ണകൾ അവരെ വാതരോഗത്തിൽ നിന്ന് രക്ഷിക്കുന്ന എന്നു കരുതപ്പെടുന്നു. ഗോതമ്പ്, തണുപ്പിനെ അതിജീവിക്കാൻ ഏററവും പററിയ ആഹാരമാണ്. കേരളീയരുടെ ഭക്ഷണം വളരെ രുചികരവും വൈവിധ്യവും നിറഞ്ഞതുമാണെന്നാണ് കേരളം സന്ദർശിച്ചിട്ടുള്ള ഉത്തരേന്ത്യക്കാരുടെ അഭിപ്രായം.

**ശുചിത്വബോധം**

വീട്ടമ്മമാർ പാത്രങ്ങൾ കഴുകി പാത്തി ഉണക്കാൻ വെച്ചിട്ട്, ലേശം വെള്ളത്തിൽ കൈ കഴുകി എന്ന വരുത്തിയിട്ടാണ് ചപ്പാത്തിയുള്ള പൊടി കുഴയ്ക്കുന്നതും മററും. വൃത്തികെട്ട സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്തിട്ടും അതു ചൂടോടെ കഴിക്കുന്നതുകൊണ്ടാകണം ആർക്കും വലിയ രോഗമൊന്നും ഉണ്ടാകുന്നില്ല.

ദീപാവലി മുതൽ ഹോളി ഉത്സവം വരെ (നവംബർ മുതൽ മാർച്ചുവരെ) ഉള്ള കാലത്ത് രാത്രികാലം അതിശൈത്യമാണ്. ഒരു റജായി കിടക്കയുടെ മേലിട്ട് അതിൽ കിടന്ന് മറെറാരു റജായി കൊണ്ടുപുതച്ചെങ്കിലേ ഉറങ്ങാൻ പററൂ. കമ്പിളി വസ്ത്രങ്ങളണിയാതെ പുറത്തിറങ്ങാൻ വയ്യാ. അർദ്ധനഗ്നനായി ഒരു രാത്രി അങ്കണത്തിലിരുന്നാൽ അതൊരു കഠിന ശിക്ഷയാകുമല്ലോ എന്ന് എനിക്ക് തോന്നി. വിറച്ചുകൊണ്ടും പല്ലുകൂട്ടിയടിക്കുകയും ചെയ്യുന്ന ഈ ശൈത്യകാലത്ത് അവർ കുളിക്കുക സാധാരണമല്ല. ദീപാവലിക്ക് കുളിച്ചാൽ പിന്നെ ഹോളിക്കാണ് കുളിക്കുന്നതെന്ന് ഒരാൾ എന്നോട് പറഞ്ഞു. അപ്പോൾ ശുചിത്വം എങ്ങനെയിരിക്കുമെന്ന് ഊഹിക്കാമല്ലോ. മണ്ണിൽ പണിയുന്ന ചിലർ നട്ടുച്ചയ്ക്ക് വിറച്ചുകൊണ്ട് കുളിക്കും. കുളി ഒരു സാഹസികതയാണ്. കുളികഴിഞ്ഞാണ് അവർ മുടിയിൽ എണ്ണ പുരട്ടുന്നത്.

ധോത്തിയും ബനിയനും ഷർട്ടും സ്വെററും അതിന്റെ പുറമേ കോട്ടുമണിഞ്ഞതാണ് സാധാരണക്കാർവരെ സഞ്ചരിക്കുന്നത്. അത് മുഴുവൻ മുഷിഞ്ഞിരിക്കും. വിദ്യാഭ്യാസവും ധനശേഷിയുമുള്ളവർ മാത്രമേ വസ്ത്രങ്ങൾ കൂടെക്കൂടെ അലക്കാറുള്ളൂ. ഗ്രാമീണരായ ധനികർപോലും മുഷിഞ്ഞുനാറിയ വസ്ത്രങ്ങളാണ് ധരിക്കുന്നത്.

**ജീവിത നിലവാരം**

നമ്മുടെ ഗ്രാമങ്ങളിൽ കാണുന്നത്ര വൃത്തിയുള്ള ഹോട്ടലുകൾ അവിടെ കുറവാണ്. ഒരു സമോവറും രണ്ടു മൂന്ന് ഒഴിഞ്ഞ ബെഞ്ചുകളുമാണ് മിക്ക ചായക്കടകളിലും ഉള്ളത്. ആളുകൾ ചായയും പലഹാരങ്ങളും നിന്നുകൊണ്ടു തന്നെ കഴിച്ചുകൊള്ളും. ചിലർ ബെഞ്ചിലിരുന്ന് പാത്രം മടിയിൽ വെച്ച് ഭക്ഷണം കഴിക്കും. കുറച്ചുകൂടി സാമ്പത്തികശേഷിയുള്ള ചില ഹോട്ടലുകളിൽ കുറച്ചു പഴഞ്ചൻ ഡസ്കുകൾ കൂടി കാണും. പോളിഷ് ചെയ്ത കസേരകളോ ലാമിനേററഡ് ഷീററ് ഒട്ടിച്ച മേശകളോ ഒരിടത്തും കണ്ടില്ല. ഗ്ലാസ് ഒരു കൈകൊണ്ട് മൂടിപ്പിടിച്ചില്ലെങ്കിൽ ഈച്ചകൾ അതിൽ ചാടി ആത്മഹത്യ ചെയ്യും.

തോട്ടിപ്പണി ചെയ്യാനാണോ എന്ന തോന്നുമാറ് സൂകരങ്ങളെ വളർത്തുന്നു. അവ ഗ്രാമങ്ങളിലും പട്ടണങ്ങളിലും അലഞ്ഞുനടക്കുന്നത് വൃത്തികെട്ട കാഴ്ചയാണ്. അവയെ തദ്ദേശീയർ ഭക്ഷിക്കാറില്ല. അവ ചത്തുകിടന്നാൽ ആരും മറവ് ചെയ്യുകയുമില്ല. രണ്ടുമൂന്ന് ദിവസംകൊണ്ട് പട്ടിയും കാക്കയും തിന്നുതീർക്കുന്നതുവരെ അവ വഴിയിൽ കിടക്കും. ജനങ്ങൾ അതുവരെ ദുർഗന്ധം സഹിച്ചേ പററൂ.

''തേനൊലിപ്പഴങ്ങളും ഇളനീരും തുളുമ്പുന്ന
സൂനങ്ങൾതോറും തത്തിക്കളിക്കും കുളിർകാററും
മാനസം തെളിക്കുന്ന പക്ഷികളുടെ കള
ഗാനവും ചേരും ലീലാരാമങ്ങൾ''

നിറഞ്ഞ കേരളീയ ഗ്രാമങ്ങളുടെ മുഖമുദ്രയായ സ്വച്ഛതയും മനോഹാരിതയും മധ്യപ്രദേശ് ഗ്രാമങ്ങൾക്കില്ല. വടക്കേ ഇന്ത്യയിലെ മിക്ക ഗ്രാമങ്ങളും അജ്ഞതയുടേയും അന്ധവിശ്വാസത്തിന്റേയും സങ്കേതങ്ങളാണ്. ഹൈജീൻ ക്യാമ്പുകളും സാക്ഷരതാ ക്യാമ്പുകളും പ്രത്യേകം പ്രത്യേകം സംഘടിപ്പിച്ച് ഗ്രാമവാസികളെ ശുചിത്വവും അക്ഷരജ്ഞാനവും സംസ്കാരവുമുള്ളവരാക്കിത്തീർക്കാം. ഒരിക്കൽ ഗാന്ധിജി ഫിഷർ ദമ്പതികളോട് പറഞ്ഞു. ''ഗ്രാമങ്ങളാണ് ഇന്ത്യ. നിങ്ങൾ ഇന്ത്യയുടെ മുഖച്ഛായ മാററാൻ ആഗ്രഹിക്കുന്നവെങ്കിൽ ഗ്രാമങ്ങളിലേയ്ക്കു പോകുവിൻ.'' രാഷ്ട്രപിതാവിന്റെ മേല്പറഞ്ഞ വാക്കുകൾ ഇന്നും പ്രസക്തമാണ്.

# രാജ്ഘട്ട് മുതൽ പുരന്ദർ വരെ

1984 നവംബർ 20. കന്യാകുമാരി-ബോംബെ ജയന്തിജനത പതിവുപോലെ അല്പം താമസിച്ച് കോട്ടയം സ്റ്റേഷനിലെത്തി. അവിടെനിന്നും മഹാരാഷ്ട്രയിലെ പൂനായിൽവച്ചു നടക്കുന്ന ഒരു അഖിലേന്ത്യാ N. C. C. ക്യാമ്പിൽ പങ്കെടുക്കുവാൻ കേരളത്തിൽനിന്നും ഞാനുൾപ്പെടെ 52 കേഡറ്റുകളും രണ്ട് ഓഫീസർമാരും കയറി. 22-ാം തീയതി വെളുപ്പിന് 3 മണിക്ക് ഞങ്ങൾ പൂനാ റെയിൽവേസ്റ്റേഷനിലിറങ്ങി. പത്തുമണിയോടെ ഞങ്ങളെയും വഹിച്ചുകൊണ്ടുള്ള ട്രക്കുകൾ 60 കി. മീ. അകലെയുള്ള ബേസ് ക്യാമ്പിലേക്ക് യാത്രയായി. വിവിധ സംസ്ഥാനങ്ങളിൽനിന്നും വന്ന ധാരാളം കേഡറ്റുകൾ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. വളരെ ദുർഘടംപിടിച്ച ഒരു വഴിയെ യാത്രചെയ്ത് ഉച്ചയോടെ ഞങ്ങൾ ക്യാമ്പിലെത്തി. അത് 'അംബാവൻ' എന്ന ഗ്രാമത്തിലായിരുന്നു. അന്നു വൈകുന്നേരം ഞങ്ങളുടെ മേജർ ജെ. പാട്ടീൽ ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ചു വിശദീകരിച്ചു.

ശിവാജി തന്റെ സ്വപ്നമായിരുന്ന മറാത്ത രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുവേണ്ടി പല സാഹസിക യാത്രകളും ചെറുപ്പകാലത്തു നടത്തിയിരുന്നു. ശത്രുക്കളെ ഗറില്ലാ യുദ്ധമുറകളിലൂടെ പരാജയപ്പെടുത്തി ഛത്രപതിയായി. അദ്ദേഹം ഒളിപ്പോരുകൾ നടത്തിയ പ്രദേശങ്ങളിലൂടെ ഒരു സാഹസിക യാത്രയായിരുന്നു ഞങ്ങളുടെ ക്യാമ്പിന്റെ ഉദ്ദേശം. 23-ാം തീയതി ഞങ്ങൾക്ക് വിശ്രമദിവസമായിരുന്നു.

24-ാം തീയതി രാവിലെ പത്തുമണിക്ക് ഞങ്ങൾ യാത്രയാരംഭിച്ചു. രാവിലത്തെ ഭക്ഷണത്തിനുശേഷം ഉച്ചഭക്ഷണം മറ്റു ലഗേജിന്റെകൂടെ കെട്ടി പുറത്ത് തൂക്കിയിട്ടിരിക്കും. യാത്ര എളുപ്പമാക്കി തീർക്കുവാൻ ഓരോ വടിയും കരുതിയിരുന്നു. ഛത്രപതി ശിവാജിക്കും N. C. C. യ്ക്കും ജയ് വിളിച്ചുകൊണ്ട് വിവിധ സംസ്ഥാനങ്ങളിൽനിന്നും എത്തിയ കേഡറ്റുകൾ നടന്നുനീങ്ങി. വളരെ ദുർഘടംപിടിച്ച വഴിയെയായിരുന്നു ഞങ്ങൾക്ക് നടക്കേണ്ടിയിരുന്നത്. കുറ്റിക്കാടുകളും, തോടുകളും, മലകളും, പാടങ്ങളും, ഞങ്ങൾക്ക് മറികടക്കേണ്ടിയിരുന്നു. ചില സ്ഥലങ്ങൾ കണ്ടാൽ മരുഭൂമിയുടെ പ്രതീതി ജനിപ്പിക്കും. ഇടയ്ക്ക് നാടിനെ ഓർമ്മിക്കുവാനെന്നവണ്ണം പ്ലാവുകളും മാവുകളും അപൂർവ്വമായി തെങ്ങുകളും. ചില വിശാലമായ മൈതാനങ്ങളിൽ ചെമ്മരിയാടുകളെയും, കഴുത, കുതിര മുതലായവയെയും മേയുവാൻ വിട്ടിരിക്കുന്നു. ഒരു സ്ഥലത്ത് ചെന്നപ്പോൾ 'കാടിയ' 'കാടിയ' (പൈസ) എന്നുപറഞ്ഞ് ഒരു പറ്റം കുട്ടികൾ ഞങ്ങളെ വളഞ്ഞു. ഗ്രാമീണർ അത്ഭുതത്തോടെ ഞങ്ങളെ നോക്കിനിന്നു. ഞങ്ങളുടെ വാട്ടർബോട്ടിലിലെ വെള്ളം തീർന്നപ്പോൾ അവർ ഞങ്ങൾക്ക് കുടിക്കുവാൻ വെള്ളം തന്നു. മൂന്നുമണിയോടെ ഞങ്ങൾ രണ്ടാമത്തെ ക്യാമ്പിലെത്തി. 'സാകർ' എന്ന ഗ്രാമത്തിൽ ഒരു നദീതീരത്തായിരുന്നു ഞങ്ങളുടെ ടെന്റടിച്ചിരുന്നത്. അന്നുരാത്രി എട്ടുമണിയോടെ അപകട സൂചന നൽകുന്ന വിസിൽ ഉറക്കെ ഞങ്ങളുടെ ക്യാമ്പിൽ മുഴങ്ങി. ഒരു ഭയങ്കരൻ പാമ്പ് ക്യാമ്പ് സന്ദർശിച്ചതായിരുന്നു കാരണം. അതിനെ അപ്പോൾത്തന്നെ അടിച്ചുകൊന്നു. പിറ്റേന്നു വെളുപ്പിന് എന്റെയരികിൽ കിടന്നിരുന്ന കൂട്ടുകാരൻ റെജി തോമസ്സ് തന്റെ സാധനങ്ങൾ പായ്ക്കുചെയ്യുവാൻവേണ്ടി പുതച്ചിരുന്ന കമ്പിളിയെടുത്ത് കുടഞ്ഞപ്പോൾ അതിനകത്തുനിന്നും ഒരു പാമ്പിൻകുഞ്ഞ് പുറത്തുചാടി. അതു വളരെയേറെ വിഷമുള്ള ഒന്നായിരുന്നെന്ന് ചില ഗ്രാമീണർ പറഞ്ഞു.

25-ാം തീയതി 10 മണിക്ക് ഞങ്ങൾ യാത്രതുടങ്ങി. ഏതാനും ചെറിയ മലകൾ കയറി ഞങ്ങൾ ശിവാജിയുടെ ഒരു കോട്ട സ്ഥിതിചെയ്യുന്ന രാജ്ഘട്ടിനെ ലക്ഷ്യമാക്കി നീങ്ങി. 12 മണിയായപ്പോൾ 1376 മീറ്റർ ഉയരമുള്ള രാജ്ഘട്ട് കയറുവാൻ ഞങ്ങൾ ആരംഭിച്ചു. വളരെയേറെ അപകടം പിടിച്ച ഒരു യാത്രയായിരുന്നു അത്. ഇരുവശവും അഗാധ ഗർത്തങ്ങൾ. അതിനു നടുവിലുള്ള ഒരു ഇടവഴിയെ ഞങ്ങൾ കുത്തനെയുള്ള ആ മല കയറിക്കൊണ്ടിരുന്നു. ചില സ്ഥലങ്ങളിൽ പിടിച്ചുകയറുവാൻ കമ്പിയിട്ടിരുന്നു. ഒരു മണിക്കൂർകൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കി. പിന്നീടൊരു ഗുഹയ്ക്കകത്തുകൂടി കോട്ടയുടെ മുൻഭാഗത്തു പ്രവേശിച്ചു. അവിടെയൊരു വലിയ കുളമുണ്ടായിരുന്നു. വീണ്ടും നടകൾ കയറിച്ചെന്നപ്പോൾ കൽമതിലുകളാൽ പണിത കോട്ടയുടെ അവശിഷ്ടങ്ങൾ കണ്ടു. അവിടെയിരുന്ന് ഉച്ചഭക്ഷണം കഴിച്ച് ഞങ്ങളുടെ ലഗേജുകൾ അവിടെ വച്ചിട്ട് കോട്ടയുടെ മുകൾ ഭാഗത്തേക്ക് കയറി. പാറകളാൽ ചുറ്റപ്പെട്ട ആ കോട്ടയുടെ ചുറ്റും കുറ്റിക്കാടുകളായിരുന്നു. ഒരു കഴുകൻ പറന്നുവന്ന് അടുത്തുള്ള ഒരു മര

**വി. എൻ. അജിത്കുമാർ**

# Prize Winners

Mahesh P. Iyer
Light Music



Tomy Augustine
Break Dancer

Joy Antony
Kathaprasangam



I. Sirichen Thomas
Quiz

Komali T. N.
Classical Music



Sheily Jose Alappat
Smiling queen

Jalaja
Hair Style



Jagathamma
Aksharaslokam

Thankachan K.
Drawing & Painting



John K. C.
Instrumental Music
(Percussion)

P.P. Narayanan Namboothiri
Aksharaslokam



Sethu V. G.
Instrumental Music

Cicily Thomas
Light music



Rani Louis
Recitation (Hindi)

Tessy Cherian
Miss Devamatha



Beena Mathew
Elocution-Malayalam

Joseph K.J.
Instrumental Music
(string)



George Mathew
Smiling King

Roy Sebastian
Hair Style



Yacob Thomas
Light music

Jose P. J.
Recitation (Hindi)



Raja V.
Mr. Meesha

Saly P. Antony
Recitation-English



Radhakrishnan P. G.
Quiz

Mathew Cyriac
Elocution Ist place
Meenachil Circle
Co. op. Union & Y M C A
Trophy, Thiruvalla



Babu Krishnan
Classical Music



Sebastian [illegible]



[illegible] kumar M. R.
(Blind)
Instrumental [illegible]
[illegible]

K. K. Joseph
Quiz

ത്തിലായിരുന്നു. ബോംബെയിൽനിന്നും വന്ന ചില ടൂറിസ്റ്റുകൾ അതിനെ വെടിവച്ചിട്ടു. ആ കോട്ടയുടെ മുകൾഭാഗത്തേക്കു കയറുവാൻ യാതൊരു വഴിയും കണ്ടില്ല. രണ്ടു മണിക്കൂറോളം ഞങ്ങൾ കാട്ടുകളിൽക്കൂടി ചുറ്റിനടന്നു. അവസാനം കോട്ടയുടെ ഇടിഞ്ഞുകിടന്ന ഒരു ഭാഗത്തു് പാറയിൽ അള്ളിപ്പിടിച്ചു് മുകളിലേക്കു കയറി. വളരെ വിഷമിച്ചായിരുന്നു അതിന്റെ മുകളിൽ എത്തിയതു്. അതിന്റെ മുകളിൽ നിന്നും നോക്കിയാൽ രാജസ്ഥാന്റെ സൗന്ദര്യം ശരിക്കും ആസ്വദിക്കുവാൻ കഴിയുമായിരുന്നു. ഒരിക്കലും മറക്കുകയില്ലാത്ത പ്രകൃതിദൃശ്യങ്ങൾ ഇവിടെ കാണുവാൻ സാധിച്ചു. 4 മണിയോടെ ഞങ്ങൾ ഇറങ്ങുവാൻ ആരംഭിച്ചു. ഇറങ്ങിയതു വേറെ വഴിക്കായിരുന്നു. കോട്ടവാതിൽക്കൽ രണ്ടു പീരങ്കികൾ നഷ്ടസൗഭാഗ്യത്തിന്റെ ഓർമ്മകളായി കഴിഞ്ഞുകൂടുന്നു. കൂടാതെ കോട്ടയുടെ വിവിധ ഭാഗങ്ങളിൽ ഇതു സ്ഥാപിച്ചിരുന്നു. 5 മണിക്കു് ഞങ്ങൾ മൂന്നാമത്തെ ക്യാമ്പു സ്ഥിതിചെയ്യുന്ന 'ദസ്‌റത്ത്' ഗ്രാമത്തിലെത്തി. അവിടെയൊരു പ്രൈമറി സ്കൂളിലായിരുന്നു ഞങ്ങൾ ക്യാമ്പടിച്ചിരുന്നതു്. സ്കൂളും പരിസരവും പൂമാലകൾ കൊണ്ടലങ്കരിച്ചു് ഗ്രാമീണർ ഞങ്ങളെ സ്വീകരിക്കുവാനെത്തിയിരുന്നു.

26-ാം തീയതി രാവിലെ വീണ്ടും യാത്രതുടങ്ങി. ഉച്ചയോടുകൂടി 'വെൽഹാ' സ്കൂളിൽ എത്തി. അവിടെ ലഗേജുകൾ വച്ചശേഷം തോർനാമല കയറാൻ പോയി. 1403 മീറ്റർ ആയിരുന്നു ഇതിന്റെ ഉയരമെങ്കിലും, ലഗേജുകൾ ഇല്ലാത്തതിനാൽ ഞങ്ങളുടെ യാത്ര ആയാസരഹിതമായിരുന്നു. അതിന്റെ മുകളിൽ വളരെ പഴക്കമേറിയ ഒരു ക്ഷേത്രവും ഒരു മഠവും കാണുവാൻ സാധിച്ചു. വൈകുന്നേരത്തോടെ അവിടെനിന്നും മടങ്ങി.

27-ാം തീയതി ഞങ്ങൾക്കു് വിശ്രമദിവസമായിരുന്നു. ഇതിനിടയിൽ കാലാവസ്ഥയുടെ കാഠിന്യം ഞങ്ങളിൽ ചിലരെ രോഗികളാക്കി. അവർ ബേസ്സ് ക്യാമ്പിലേയ്ക്കു മടങ്ങി. കഠിനമായ തണുപ്പുമൂലം ഞങ്ങളുടെ ചുണ്ടുകൾ വരണ്ടുകീറി. രാവിലെ പത്തുമണിവരെ ഭയങ്കര തണുപ്പാണെങ്കിലും അതിനുശേഷം അതികഠിനമായ ചൂടാണു്. ഞങ്ങളുടെ ക്യാമ്പിൽ ആകെ 1150 കേഡറ്റുകളാണു് ഉണ്ടായിരുന്നതു്. അതിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ളവരെ കൂടാതെ 5 വിദേശ കേഡറ്റുകളും ഉൾപ്പെട്ടിരുന്നു. സീനിയർ ഡിവിഷൻ, ജൂനിയർ ഡിവിഷൻ, ഗേൾസ് ഡിവിഷൻ ഇങ്ങനെ മൂന്നു ബാച്ചുക


# ജിസ് ഫിനാൻസ് (ഇൻഡ്യ) പ്രൈ: ലി.

വൈപ്പനാ ബിൽഡിംഗ്സ്, പേട്ട റോഡ്
(പോലീസ് സ്റ്റേഷന സമീപം) AD: OFF: **പാലാ**

സ്വർണ്ണപ്പണയത്തിന്മേൽ പവനു് 1100 രൂപാ വരെ കൊടുക്കുന്നു.

ഒരു വർഷ സ്ഥിര നിക്ഷേപം 30% പലിശ

രണ്ടു വർഷം „ 32% പലിശ

കുറഞ്ഞ നിക്ഷേപ തുക: 500 രൂപ

നിക്ഷേപങ്ങൾക്കു് ഉയർന്ന സുരക്ഷിതത്വവും ഉറപ്പും പ്രദാനം ചെയ്യുന്നു

50,000 രൂപയ്ക്കു് മേൽ ഉള്ള സ്ഥിരനിക്ഷേപങ്ങൾക്കു് പ്രത്യേകം ആനുകൂല്യങ്ങൾ



Out going II M. Com. Students



Our Quiz Team



Mourning on the death of Mrs. Indira Gandhi



Out going B. Com. Students

കണിക്കുകയാണ്. കോട്ടയുടെ ഉൾവശത്തെ കല്പ്പടവുകൾ കയറിച്ചെന്നപ്പോൾ പൂനാ ടെലിവിഷൻ റിലേ കേന്ദ്രത്തിന്റെ ടവർ കാണുവാൻ സാധിച്ചു. അതിന് 5.25 അടി ഉയരമുണ്ടായിരുന്നു. വീണ്ടും ഉള്ളിലേക്കുചെന്നപ്പോൾ ശിവാജിയുടെ ആയുധപ്പുര കണ്ടു. അതിനിടുത്തുവശത്തായി വിശാലമായ ഒരു കുതിരലായം. അതിന്റെയുള്ളിലെ സജ്ജീകരണങ്ങൾ ആധുനിക ചിത്രപ്പണികളോട് കിടപിടിക്കുന്നതാണ്. പുറമേനിന്നു നോക്കിയാൽ അവിടെയൊരു കുതിരലായം ഉണ്ടെന്നു തോന്നില്ല. കാരണം അതിന്റെ മുകളിൽ ഒരു പൂന്തോട്ടമാണ്. അതിനപ്പുറത്തായിട്ട് ഒരു കുളത്തിൽ ധാരാളം മത്സ്യങ്ങളെ വളർത്തുന്നുണ്ട്. ഇടിഞ്ഞുപൊളിഞ്ഞ കൊട്ടാരത്തിന്റെ സമീപത്തായി ധാരാളം ഇരുട്ടറകൾ ഭൂമിക്കടിയിൽ കാണുവാൻ സാധിച്ചു. ഇവ കൂടാതെ പഴയ ഏതാനും ക്ഷേത്രങ്ങളും ഇവിടെയുണ്ട്. കോട്ടയുടെ ചുറ്റും അഗാധഗർത്തങ്ങളാണ്. കൂടാതെ മനോഹരമായ ഒരു പൂന്തോട്ടവും പാർക്കും ഇവിടെയുണ്ട്.

വൈകുന്നേരമായപ്പോൾ ഞങ്ങൾ തിരികെ പോരുവാൻതുടങ്ങി. അപ്പോഴാണ് ഒരു ശവകുടീരം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. കഴിഞ്ഞവർഷം ഇതുപോലൊരു ക്യാമ്പിനുവന്ന തമിഴ്നാട്ടുകാരനായ ഒരു N. C. C. കേഡറ്റ് ഒരു അപകടത്തിൽ അവിടെവച്ചു മരിച്ചിരുന്നു. അദ്ദേഹത്തിന്റെ ശവകുടീരമായിരുന്നു അത്.

2-ാം തീയതി ഉച്ചയായപ്പോൾ ഞങ്ങൾ നസ്രാപ്പൂർ ഗ്രാമത്തിൽ എത്തി. അവിടെ ഉച്ചഭക്ഷണത്തിനുശേഷം വീണ്ടും ''പുരന്ദർ'' എന്ന ഞങ്ങളുടെ അവസാന ക്യാമ്പു സ്ഥിതിചെയ്യുന്ന സ്ഥലത്തേക്കു നീങ്ങി. ഇവിടെയും ഒരു കോട്ട ഉണ്ടായിരുന്നു. അതിന്റെ ഉയരം 1390 മീറ്റർ ആയിരുന്നു. വൈകുന്നേരം 6 മണിയായപ്പോൾ ഞങ്ങൾ ക്യാമ്പിലെത്തി.

പിറ്റേന്നു രാവിലെ ഞങ്ങൾ ബേസ്സ് ക്യാമ്പിലേക്കു മടങ്ങി. 19 കിലോമീറ്റർ നടന്ന് ഉച്ചകഴിഞ്ഞപ്പോൾ ഞങ്ങൾ വിജയകരമായ ട്രക്കിങ്ങിനുശേഷം തിരിച്ചെത്തി.

4-ാം തീയതി രാവിലെ ഞങ്ങൾ അംബാവൻ ഗ്രാമത്തോട് യാത്രപറഞ്ഞ് പൂനയ്ക്കു യാത്രയായി. അന്നു പകൽ നാഷനൽ ഡിഫൻസ് അക്കാദമി സന്ദർശിക്കുവാനും ഞങ്ങൾക്ക് സൗകര്യമുണ്ടായിരുന്നു. രാത്രിയിൽ ജയന്തിജനതയ്ക്കു ഞങ്ങൾ നാട്ടിലേക്ക് മടങ്ങിപ്പോന്നു, ഒരിക്കലും മറക്കാത്ത കുറെ ഓർമ്മകളുമായി.


Rs: 200/-

ഒരു
സന്ദേശം
കൂടി

കുറവിലങ്ങാടിന്റെ ഹൃദയഭാഗത്ത് പാറാനി തിയേറ്ററിനു സമീപം
**ഒരു സാനിട്ടറി ഷോറൂം** പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**പൈപ്പുകൾ, ഫിററിംഗുകൾ, സിറാമിക് പൈപ്പുകൾ തുടങ്ങി എല്ലാവിധ, സാനിട്ടറി ഉപകരണങ്ങളും ന്യായമായ വിലയ്ക്ക് നിങ്ങൾക്ക് ലഭിക്കുന്നു.**

**MATTATHIL SANITARY HOUSE**

**KURAVILANGAD**

# ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ്

**അടുത്ത ബാച്ച് ഉടനെ ആരംഭിക്കുന്നു.**

പെൺകുട്ടികൾക്ക് മാത്രം പ്രവേശനം. മിനിമം യോഗ്യത S. S. L. C., Preferred P. D. C., ഹരിജൻ പിന്നോക്ക വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം. സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം. കോഴ്സ് പൂർത്തിയാക്കിയ കുട്ടികൾക്ക് പ്രാക്ടീസ് സൗകര്യം നൽകുന്നു. അപേക്ഷാ ഫോറത്തിനും പ്രോസ്പെക്ടസിനും 5 രൂ. M. O. സഹിതം അപേക്ഷിക്കുക.


ഡയറക്ടർ
സെന്റ് ജോസഫ്സ് സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി
(കാത്തലിക് സിറിയൻ ബാങ്കിനു സമീപം)
കടുത്തുരുത്തി P. O. കോട്ടയം Dt.


ഉണ്ടായിട്ടായിരുന്നു ഞങ്ങൾ നീങ്ങിയിരുന്നതു്. 27-ാം തീയതി വൈകുന്നേരം ബോംബെയിൽനിന്നും എത്തിയ മുപ്പതോളം N. C. C. കേഡറ്റുകൾ അവതരിപ്പിച്ച കലാപരിപാടികൾ കണ്ണിനു കുളിർമ്മനല്കി. ഇതു കാണുവാൻ ധാരാളം ഗ്രാമീണരും അവിടെയെത്തിയിരുന്നു.

29-ാം തീയതി രാവിലെ വീണ്ടും യാത്രതുടങ്ങി. പ്രകൃതിസൗന്ദര്യം ആസ്വദിച്ചുകൊണ്ടു് ഒരുമണിയായപ്പോൾ ഞങ്ങൾ 'വാഗനവാടി' എന്ന ഗ്രാമത്തിൽ എത്തിച്ചേർന്നു. അവിടെ ടെന്റിലായിരുന്നു ഞങ്ങളുടെ താമസം. അന്നുരാത്രിയിൽ ഞാൻ കിടന്നിരുന്ന ടെന്റിന്റെ മുകളിൽ എന്തോ ശബ്ദംകേട്ടു. ഞാൻ ടോർച്ചടിച്ചു നോക്കിയപ്പോൾ ഒരു പാമ്പു് ടെന്റിനു മുകളിൽനിന്നും താഴേക്കുചാടി. അതിനെയും അടിച്ചുകൊന്നു.

30-ാം തീയതി രാവിലെ ഞങ്ങൾ വീണ്ടും യാത്രതുടങ്ങി. എന്നാൽ അവിടെനിന്നും ആദ്യത്തെ മല കയറുമ്പോൾ നാഗാലാൻറിൽനിന്നും, ഗോവയിൽനിന്നുംവന്ന ഏതാനും കേഡറ്റുകൾ കാൽ വഴുതിവീണു. അവരെ ബേസ്സ് ക്യാമ്പിലേക്കു മടക്കിക്കൊണ്ടുപോയി. അവിടെ ഒരു താല്ക്കാലിക ആശുപത്രിയുണ്ടായിരുന്നു. അന്നു വൈകുന്നേരം ഞങ്ങൾ കണ്ണേർപൂർ ഹൈസ്കൂളിലെത്തി. ആ യാത്രയിൽ നിറവധി മനോഹരങ്ങളായ കുന്നിൻചെരുവുകളിലൂടെ നടക്കുവാൻ ഞങ്ങൾക്കു സാധിച്ചു. കണ്ണേർപൂർ ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററും അവിടുത്തെ ഗ്രാമവാസികളും ചേർന്നു് ഞങ്ങൾക്കു് ഹൃദ്യമായ ഒരു സ്വീകരണമാണു് തന്നതു്. ഞങ്ങളുടെ ക്യാമ്പിന്റെ ഓർമ്മയ്ക്കായി ആ സ്കൂളിൽ (നരപീർ താനാജി ഹൈസ്കൂൾ) ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

ഡിസംബർ ഒന്നാംതീയതി രാവിലെതന്നെ ഞങ്ങൾ ഉണർന്നു. അവിടുത്തെ കാലാവസ്ഥ വളരെയധികം മോശമായിരുന്നു. ശിവാജിയുടെ ഒരു പ്രധാന കോട്ട സ്ഥിതിചെയ്തിരുന്ന 'സിംഹഗഡ്' ലക്ഷ്യമാക്കി ഞങ്ങൾ നീങ്ങി. വളരെദൂരം നടന്നശേഷം 1317 മീറ്റർ ഉയരമുള്ള സിംഹഗഡിന്റെ ഉയരങ്ങളിലേക്കു് ഞങ്ങൾ കയറി. രണ്ടു മണിക്കൂർകൊണ്ടു് ഞങ്ങൾ അതിന്റെ മുകളിൽ എത്തി. അതിന്റെ മുകളിൽകൂടി പൂനയുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡു് ഉണ്ടായിരുന്നു. ഞങ്ങൾ അതിലെ നടന്നു് ഉച്ചയോടെ സിംഹഗഡിലെത്തി. അതൊരു വലിയ ടൂറിസ്റ്റുകേന്ദ്രമായിരുന്നു. ഗവൺമെന്റ് അവിടെ പല പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി ആ കോട്ടയെ സംര


College Champion
Captain Cricket Team
Uni. Zonal Player
Dt. & Univ.
South Zonal Player
Captain
Sports Champion
Expedition at Poona.
Winsome Thomas
U/o, Best Cadet.
Sgt. Ajithkumar T. N.
Narayanan Namboothiri P. P.
U/o
Sgt. John V. J.
Venugopal P. V.
U/o
Sgt. Mathew M. P.
Sgt. Rejimon Thomas
Sgt. Sasikumar K.
Sgt. A. K. Krishnan Nair
Sgt. Rajan M. K.
Army Attachment Camp attended
Mr. Deva Matha &
Weight Lifting Champion
Ajithkumar T. P.
Mr. Deva Matha

# ട്യൂഷൻ ഒരു ദൂഷ്യം

പുരാണേതിഹാസമായ ഹോമറുടെ 'ഇലിയാഡ്'ലെ ട്രോജൻ കുതിരയെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് ഇന്നത്തെ വിദ്യാഭ്യാസമണ്ഡലത്തിൽ കടന്നുകൂടിയിരിക്കുന്ന ട്യൂഷൻ സമ്പ്രദായം. വിദ്യാഭ്യാസരംഗത്തു് കഴിഞ്ഞ മൂന്നോ നാലോ ദശകങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള അത്ഭുതാവഹമായ വികാസം, പ്രതീക്ഷകളുടെ ഒരു സ്ഫോടനം തന്നെയുണ്ടാക്കി. എന്നാലും ഇന്നിവിടെ നിരാശയുടെയും അമർഷത്തിന്റെയും തരംഗങ്ങൾ അലയടിക്കുന്നു. വിദ്യാഭ്യാസനിലവാരം താഴ്ന്നുപോയതിനെക്കുറിച്ച് വിദ്യാഭ്യാസവുമായി പുലബന്ധമുള്ളവർപോലും വിലപിക്കുന്നു.

ഇന്നത്തെ കലാലയാന്തരീക്ഷം തകർന്നതിലും, വിദ്യാഭ്യാസനിലവാരം താഴ്ന്നതിലും ഒരു വലിയ പങ്ക് ഇന്നത്തെ ട്യൂഷൻ സമ്പ്രദായത്തിനു അവകാശപ്പെട്ടതാണ്. വിദ്യാഭ്യാസ പ്രസ്ഥാനത്തെ വികലമാക്കുകയും വിദ്യാർത്ഥികളെ സ്ഥിരരോഗികളാക്കുകയും ചെയ്യുന്ന ട്യൂഷൻ അപരിഹാര്യമായ നഷ്ടമാണ് വിദ്യാർത്ഥികൾക്കും സമൂഹത്തിനുമുണ്ടാക്കിക്കൊണ്ടിരിക്കുന്നതു്.

**BABY J. VALAVATHU**
**IInd B. Sc. Physics**

കോളേജുകളിൽ 'കുട്ടിസഖാക്കൾ' ചമയുകയും 'അടങ്ങിയിരിക്കാൻ കൂട്ടാക്കാതിരിക്കുകയും' ചെയ്യുന്നവർ ആയിരങ്ങൾ മുടക്കി ട്യൂഷൻ പഠിക്കുന്നു. ട്യൂഷൻമാസ്റ്ററുടെ 'ക്യാപ്സൂൾ' രൂപത്തിലുള്ള 'റെഡിമെയ്ഡ്' ഉത്തരങ്ങളിലൂടെ ഇവർ പരീക്ഷകളിൽ വിജയിക്കുകയും ചെയ്യുന്നു. കാലയാപനത്തിന് വിദ്യ അഭ്യസിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികളുടെ ഗതിയാണ് ഇങ്ങനെയുള്ള കുട്ടിസഖാക്കളുടെ സേവനംമൂലം അവതാളത്തിലാകുന്നതു്. ഇൻഡ്യൻ ഭരണഘടനയുടെ 41-ാം വകുപ്പിൽ സുരക്ഷിതമാക്കപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസപരമായ അവകാശത്തിന്റെ നിഷേധത്തിന് ഇരയാവുകയാണ് ഈ പാവം വിദ്യാർത്ഥികൾ.

വിദ്യാഭ്യാസസമ്പ്രദായത്തിന്റെ 'ഇത്തിൾക്കണ്ണി'യായിത്തീർന്നിട്ടുള്ള ഈ ട്യൂഷൻ സമ്പ്രദായത്തിന്റെ നീരാളിപ്പിടിത്തംമൂലം നിത്യജീവിതത്തിന്റെ വിവിധ തലങ്ങളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. പ്രധാനമായി ട്യൂഷൻ കുടുംബത്തിന്റെ അടിസ്ഥാനസ്വഭാവത്തെ തകർക്കുന്നു. കുടുംബം വിദ്യാഭ്യാസത്തിന്റെ കളരിയാണ്. കുടുംബത്തിന്റെ പ്രശ്നങ്ങളുമായി ഇഴുകിച്ചേരുവാനും അതിലൂടെ അവനു സിദ്ധിക്കുന്ന പ്രായോഗിക ജ്ഞാനം അവനെ സാമൂഹ്യബോധമുള്ളവനാക്കുവാനും സഹായിക്കുന്നു. രാവിലെ വീട്ടിൽനിന്നും ഇറങ്ങുന്ന ഒരു വിദ്യാർത്ഥിക്ക് കോളേജ്, ട്യൂഷനുമായി ഒരു ദിവസം അവസാനിക്കുന്നു. പുസ്തകത്തിൽ കണ്ട കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമായി അനുഭവിക്കാനുള്ള അവന്റെ വേദികൾ ട്യൂഷൻ അപഹരിക്കുന്നു. കുടുംബത്തിൽ താമസിച്ച് മാന്യമായി പ്രവർത്തിച്ചു പരിചയമില്ലാത്തവൻ എങ്ങനെ വിദ്യാലയങ്ങളിലും സമൂഹത്തിലും മാന്യമായി പെരുമാറും? ഭാരതീയ വീക്ഷണത്തിൽ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം സന്മാർഗ്ഗബോധനവും സ്വഭാവശുദ്ധിയും ആണെന്ന കാര്യം നാം സൗകര്യപൂർവ്വം വിസ്മരിച്ചു കളയുന്നു.

മതപരവും ധാർമ്മികവുമായ പ്രക്രിയകളിലും ട്യൂഷൻ വൈതരണികൾ സൃഷ്ടിക്കുന്നു. ഈശ്വരചിന്തയും പ്രാർത്ഥനാദികർമ്മങ്ങളും ഭാരത സംസ്കാരത്തിന്റെ സവിശേഷതകളാണ്. വകതിരിവില്ലാത്ത, തലതിരിഞ്ഞ ഇപ്പോഴത്തെ വ്യവസ്ഥിതിയിൽ അതിനെവിടെ സ്ഥാനമിരിക്കുന്നു. ട്യൂഷൻ എന്ന സനാതന ബ്രഹ്മത്തിൽ വിശ്വസിച്ച് അതിരാത്രം നടത്തുന്ന വിദ്യാർത്ഥികൾ മൗലിക മൂല്യങ്ങളെ ചോദ്യം ചെയ്യുന്നവരും, സൂത്രപ്രയോഗത്തിൽ കാര്യം നേടുന്നവരുമാകുന്നെങ്കിൽ അത്ഭുതമെന്തു്?

വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ഈ ട്യൂഷൻ മനോഭാവത്തെ ചൂഷണംചെയ്തു സാമ്പത്തികലാഭം ഉണ്ടാക്കുന്ന ഒരു ന്യൂനപക്ഷം അദ്ധ്യാപകന്മാരുമുണ്ട്. സ്വന്തം ഭാവനയുടെയും ഇഷ്ടാനിഷ്ടങ്ങളുടെയും പൂഴിമണ്ണിൽ തല താഴ്ത്തിയിരിക്കുന്ന ഒട്ടകപക്ഷികളായ പല അദ്ധ്യാപകരുടെയും ഒരു പ്രധാന വരുമാനമാണ് ഇതു്. വിദ്യാലയങ്ങളിൽ അദ്ധ്യാപനം നടക്കുന്നുണ്ടോ എന്നുള്ളതു് അവരുടെ ചിന്താവിഷയമല്ല. സ്പൂണിൽ കോരിക്കൊടുക്കുന്നതുപോലുള്ള ഇവരുടെ അദ്ധ്യാപനരീതിയിൽ ആകൃഷ്ടരായി പല വിദ്യാർത്ഥികളും ഇവരെ ശരണം പ്രാപിക്കുന്നു. മിക്ക സമരനേതാക്കന്മാരും ഇവരുടെ ഈ ശിഷ്യഗണത്തിൽപ്പെടുന്നു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അഭിമാനിക്കത്തക്ക പാരമ്പര്യമുള്ള ഭാരതം ഗുരുകുല വിദ്യാഭ്യാസത്തിന്റെ കാര്യം അയവിറക്കാറുണ്ട്. നിർദ്ദിഷ്ട

## OUT GOING STUDENTS

PHYSICS



ECONOMICS



CHEMISTRY



ZOOLOGY



Best Compliments:

# COZY TEXTILES

Vaikom Road

## ETTUMANOOR
## CHANGANACHERRY

**കോ**ളേജ് ആർട്ട്സ് ക്ലബ് ഉദ്ഘാടനത്തിനെ [illegible]

ഒരു അഭിമുഖം നടത്താൻതീരുമാനിച്ചിരുന്നതാണ്. അതിന് സമയം കണ്ടെത്താൻ വേണു നാഗവള്ളി മടികാണിച്ചില്ല. സിനിമയെപ്പറ്റി പലതും ചോദിച്ചു. അവയ്ക്കെല്ലാം വ്യക്തമായ മറുപടികൾ ലഭിക്കുകയും ചെയ്തു.

കലാകാരനായ അച്ഛന്റെ പ്രതിഭാധനനായ പുത്രൻ. മലയാള സിനിമയെ ജീവനുതുല്യം സ്നേഹിക്കുകയും അതിന്റെ വളർച്ചയ്ക്കായി കഴിവുള്ളതെല്ലാം പ്രവർത്തിക്കുകയും ചെയ്യുന്ന ഊർജ്ജസ്വലൻ. ഇവ വേണു നാഗവള്ളിയെ സംബന്ധിച്ചിടത്തോളം വിശേഷണങ്ങളല്ല, കേവല യാഥാർത്ഥ്യങ്ങൾ മാത്രം.

ന്നും കാണുവാനും ലഭിച്ച അവസരം ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ അനുഭവമായി അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇൻഡ്യൻ സിനിമാരംഗത്ത് കോളിളക്കം സൃഷ്ടിച്ച 'മൈ ഡിയർ കുട്ടിച്ചാത്തനെ'പ്പറ്റി അദ്ദേഹം പറഞ്ഞു. ''3 D ഫിലിമുമായി ഇൻഡ്യൻ സിനിമ പരിചയപ്പെടുന്നത് ഈ ചിത്രത്തിലൂടെയാണ്. ഒട്ടേറെ സാങ്കേതിക മേന്മകൾ എടുത്തുപറയേണ്ടതായിട്ടുണ്ട്. അപ്പച്ചന്റെ പ്രതിഭ ഇൻഡ്യൻ സിനിമാലോകത്തിനുതന്നെ മുതൽക്കൂട്ടാണ്. അദ്ദേഹത്തിന്റെ ഓരോ ചിത്രവും സാങ്കേതികമായി എന്തെങ്കിലും പുതുമ സംഭാവന ചെയ്യുന്നുവെന്നത് വളരെ സന്തോഷകരമാണ്.''

സിനിമ കലയെന്നതിലുപരി കച്ചവടമായി മാറിയിരിക്കുന്നു എന്ന മുറവിളിയോട് വേണുവിനു് വിയോജിപ്പാണുള്ളത്. ഒരു പാട്ടുപാടുന്നതുപോലെയോ കഥയെഴുതുന്നതുപോലെയോ അല്ല സിനിമാനിർമ്മാണം. അത് ലക്ഷങ്ങൾ മുതൽമുടക്കാവശ്യമായ രംഗമാണ്. ലാഭേച്ഛയൊന്നുമില്ലാതെ കലാ

# അല്പം സിനിമാവിചാരം

**K. M. GEORGE** **Film Club President**

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽനിന്നു് ബിരുദമെടുത്ത അദ്ദേഹം, വിദ്യാഭ്യാസകാലത്തുതന്നെ ഒരു അഭിനേതാവ് എന്ന നിലയിൽ പ്രശസ്തി നേടിക്കഴിഞ്ഞിരുന്നു.

'ഉൾക്കടൽ' ആണ് ആദ്യം അഭിനയിച്ച ചിത്രം. ആ ചിത്രത്തിലെ 'രാഹുലൻ' എന്ന കഥാപാത്രത്തിലൂടെ വേണു പ്രശസ്തനായി. ആ കഥാപാത്രമായി അദ്ദേഹം ജീവിക്കുകയായിരുന്നു.

വേണു 53-ൽപരം ചിത്രങ്ങളിൽ വേഷമിട്ടുകഴിഞ്ഞു. കൂടുതലും ദുഃഖകഥാപാത്രങ്ങൾ. അത്തരം വേഷങ്ങൾ ലഭിക്കാൻ ശോകാത്മകത നിഴലിക്കുന്ന ആ മുഖം കാരണമായിട്ടുണ്ടാവണം. സാധാരണക്കാർക്കുവേണ്ടി ഉദ്ദേശ്യശുദ്ധിയോടെ ചിത്രങ്ങൾ നിർമ്മിക്കുന്നവരോടൊപ്പം പ്രവർത്തിക്കുവാൻ വേണുവിനു് പ്രത്യേക താല്പര്യംതന്നെയുണ്ട്. കഴിവുറ്റ ഒട്ടേറെ നടീനടൻമാർ മലയാളത്തിലുണ്ടെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. ഡൽഹിയിൽ നടന്ന ഇൻഡ്യൻ പനോരമ ഫെസ്റ്റിവലിൽ 'കോലങ്ങളെ' പ്രതിനിധീകരിക്കുവാനും അങ്ങനെ ഒട്ടേറെ നല്ല ചിത്രമേന്മയ്ക്കുവേണ്ടിയുള്ള സിനിമാനിർമ്മാണം അബദ്ധമാണെന്നു മാത്രമല്ല, ആ പ്രവണത സിനിമയെത്തന്നെ ഇല്ലായ്മ ചെയ്യുമെന്നും വരാം, അദ്ദേഹം വിശദമാക്കി.

സിനിമാതാരങ്ങളായ രാഷ്ട്രീയക്കാർക്കു് നാടിനു് പ്രത്യേകിച്ച് എന്തെങ്കിലും സേവനം ചെയ്യുവാനാവുമോ? ''സിനിമാക്കാരാണെന്നതുകൊണ്ടുമാത്രം അവർക്കൊന്നും ചെയ്യാനാവില്ല. ആത്മാർത്ഥതയും മനുഷ്യസ്നേഹവുമുണ്ടെങ്കിൽ ആർക്കും നാടിനു് നന്മ ചെയ്യാൻ കഴിയും'' എന്ന ശ്രദ്ധേയമായ മറുപടിയാണ് അദ്ദേഹം നല്കിയത്.

സിനിമാരംഗത്ത് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർക്ക് പൂനയിലെ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണെന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടുവച്ചു.

'ദേവമാതാ'യുടെ സാന്ധ്യച്ഛവി പരന്ന അങ്കണത്തിൽവച്ച് അദ്ദേഹം ഞങ്ങളോട് യാത്രപറഞ്ഞു. ''സാധിച്ചാൽ ഇനിയൊരിക്കൽ വരാം.'' ആ സ്വരത്തിൽ അപ്പോഴും ക്ഷമാപണം!

സിലബസിന് ആകം കൊടുക്കാത്ത വിദ്യാർത്ഥിയുടെ വിശേഷാൽ സമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ച ലക്ഷ്യംവച്ച് പ്രവർത്തിച്ച ഗുരുപാദങ്ങൾ പാവനങ്ങളായിരുന്നു. രാപകലൊരുമിച്ചുള്ള പ്രായോഗിക ജീവിതത്തിലൂടെ, വൈവിധ്യമാർന്ന സാഹചര്യങ്ങൾ പഠിക്കാനും കൂട്ടായ്മയിലൂടെ പ്രശ്നപരിഹാരം കണ്ടെത്താനും ഗുരു ശിഷ്യന്മാരെ അഭ്യസിപ്പിക്കുന്നു. പാഠ്യസമയം മുഴുവനും അദ്ധ്യാപകനും പുസ്തകവുമായി മാത്രം ബന്ധമുള്ള വിദ്യാർത്ഥി പ്രായോഗികമായി എന്തു് പഠിക്കാൻ? ബാക്കിസമയം തള്ളിനീക്കുകയും ചെയ്യുമ്പോൾ വിദ്യാഭ്യാസ ഘട്ടത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകാവുന്ന പ്രായോഗിക ജ്ഞാനം ആലോചിച്ചു നോക്കാവുന്നതാണ്.

'രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം'. എന്നും വൈദ്യനെ ആശ്രയിക്കുന്നവർ നിത്യരോഗികളാണ്. നിലനിന്നിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിനു കുറവുവന്നപ്പോൾ അതിനു പരിഹാരമായി വന്ന താല്ക്കാലികേർപ്പാടായിരുന്നു ട്യൂഷൻ. പക്ഷേ, അതു നിത്യപ്രയോഗമായാൽ നമ്മൾ നിത്യരോഗികൾ ആയെന്നല്ലേ അർത്ഥം. ഭക്ഷണത്തിന് പകരം ഔഷധം കഴിക്കണമോ? ചെറുപ്പകാലത്തെ കാഴ്ചക്കുറവിനു നിർദ്ദേശിക്കപ്പെട്ട കണ്ണട, മദ്ധ്യപ്രായത്തിലെ വെള്ളെഴുത്തിനു പരിഹാരമായി പ്രയോജനപ്പെടുത്താനാദ്യമിടുന്നതുപോലെയാണ്, ഇത്. ബുദ്ധിയുടെയും മനസ്സിന്റെയും പട്ടയ സൂക്ഷിപ്പുകാർ മാത്രമാണ് നമ്മൾ. അവിടെ വിതയ്ക്കുന്നതും കൊയ്യുന്നതും മറ്റുള്ളവരാണ്. വിദ്യാഭ്യാസ സമ്പ്രദായത്തെ ബാധിച്ച രോഗത്തിന്റെ അടിസ്ഥാന കാരണം കണ്ടെത്തി ചികിത്സ നടത്താതെ ട്യൂഷനു സ്ഥിരപ്രതിഷ്ഠ നൽകുന്നതു തലവേദനക്കു നിത്യം ഗുളിക കഴിക്കുന്നതുപോലെയാണ്. വിദ്യാർത്ഥികളോട് കാണിക്കുന്ന ഏററവും വലിയ ദ്രോഹവുമാണ്. വിദ്യാർത്ഥിയുടെ സ്വതന്ത്രമായ അന്വേഷണ ശീലവും സ്വാശ്രയബോധവും ട്യൂഷൻ നശിപ്പിക്കുന്നു. പരസഹായം കൂടാതെ ഒന്നും ചെയ്യുവാൻ സാധിക്കാത്ത അടിമത്വത്തിലേയ്ക്കു അവൻ അധഃപതിക്കുന്നു. അവന്റെ ചിന്താശക്തിയെ ക്രമേണ ഇല്ലാതാക്കുകയും അവനെ നിഷ്ക്രിയനാക്കുകയും ചെയ്യുന്നു.

ട്യൂഷൻ സമ്പ്രദായത്തിന്റെ ആരംഭത്തിലേയ്ക്കു ശ്രദ്ധ തിരിച്ചാൽ മനസിലാകും അവ വിദ്യാർത്ഥിയുടെ എന്നതിനേക്കാൾ അദ്ധ്യാപകന്റെ ആവശ്യമായിരുന്നു എന്ന്. തൊഴിലില്ലായ്മ രൂക്ഷതരാവസ്ഥയിലെത്തിയ നമ്മുടെ നാട്ടിൽ ട്യൂഷൻ പലർക്കും കാലയാപനത്തിനാവശ്യമായിരുന്നു. കേട്ടുമടുത്ത കാര്യങ്ങൾ തിരിച്ചും മറിച്ചും, ഇറക്കുമതിചെയ്ത കപട സിദ്ധാന്തങ്ങൾ മേമ്പൊടി ചേർത്തു, കീഴ്ക്കാം തൂക്കായി അവതരിപ്പിച്ച് മൗലികത അവകാശപ്പെടുന്നവരാണ് പല ട്യൂഷൻ അദ്ധ്യാപകരും. 'പെരുമഴയത്തുപോലും വിദ്യാലയത്തിന്റെ വരാന്തയിൽ കയറാത്തവർപോലും' ഈ രംഗത്തു് പ്രവർത്തിക്കാൻ തുടങ്ങിയതോടുകൂടി ഇതിന്റെ നിലവാരം അധഃപതിച്ചു. ഇക്കൂട്ടർക്ക് എന്തിനു നാം നമ്മുടെ ബുദ്ധിയെയും മനസ്സിനെയും പണയം വയ്ക്കണം.

റെഗുലർ കോളേജുകളെക്കാൾ നന്നായി പ്രവർത്തിക്കുന്ന ട്യൂഷൻ സെന്ററുകൾ ഉണ്ടെന്നതു പരമാർത്ഥമാണ്. അതു റെഗുലർ കോളേജിലെ പഠനം കൊണ്ട് മാത്രം വിജയിക്കാൻ സാധിക്കുകയില്ല എന്ന വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ധാരണയിൽനിന്നു വളർച്ച പ്രാപിച്ചതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി മാത്രം ഭാവി തലമുറയോട് ഈ കടുംകൈ ചെയ്യാൻ അനുവദിക്കുന്നതു്. ആവശ്യമില്ലാതെ വിദ്യാർത്ഥികളുടെ പ്രവർത്തനസമയം ഇരട്ടിപ്പിക്കുകയും ഫലം ശോഷിപ്പിക്കുകയും ചെയ്യുന്ന ട്യൂഷനോട് വിടപറയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാം പിന്തുടർന്നുവന്ന ഈ വന്ധ്യമായ പന്ഥാവിൽനിന്നുള്ള ഗതി മാറേണ്ടിയിരിക്കുന്നു.

# "ആധുനിക കുരുക്ഷേത്രം"

ആനി ജോസ് വലിയകുളത്തിൽ
I PDC

പ്രശാന്തമായ ഒരു പൊൻ പ്രഭാതത്തിലാണ് ഞങ്ങൾ മനോഹരമായ കാഞ്ഞിരത്താനത്തോട് വിടപറഞ്ഞത്. വൃശ്ചികത്തിന്റെ ശീതള ഛായയിൽ പൂത്തുനിന്ന മാമ്പൂക്കളുടെ സൗരഭ്യം അന്തരീക്ഷത്തെ സുഗന്ധപൂരിതമാക്കി. സായം സന്ധ്യയിൽ ചേക്കേറിയ കിളികൾ ഉണർന്ന് കളകളാരവം പൊഴിച്ച് ഈശ്വരനെ സ്തുതിക്കുന്നു. അവ ഞങ്ങൾക്ക് യാത്രാമംഗളം നേരുന്നതായി എനിക്കുതോന്നി. മാമ്പൂക്കളുടെ മണവും പേറി വന്ന മന്ദമാരുതൻ തണുപ്പിന് ആക്കം കൂട്ടി. തണുപ്പകറ്റുവാൻ ചൂടുള്ള കട്ടൻകാപ്പി കുടിച്ച് ഞങ്ങൾ വണ്ടിയിൽ കയറി. തിരുവനന്തപുരം, കോവളം, നെയ്യാർ ഡാം എന്നീ ഭൂമിദേവിയുടെ വിലാസരംഗങ്ങൾ കാണുക എന്നതായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. നൂറുപേരുള്ള ഞങ്ങളുടെ യാത്രാ സംഘത്തിന് ഉദയ സൂര്യന്റെ പൊൻകതിരുകൾ മംഗളം നേർന്നു.

തിരുവനന്തപുരത്തെത്തി കനകക്കുന്നു കൊട്ടാരം, രാജാ രവിവർമ്മ ആർട്ട്സ് ഗ്യാലറി മുതലായവ സന്ദർശിച്ചു. തുടർന്ന് ഞങ്ങൾ പോയത് നിയമസഭാ മന്ദിരത്തിലേക്കായിരുന്നു. സാമാജികരുടെയും ജനപ്രതിനിധികളുടെയും അഭാവംമൂലം മയങ്ങിക്കിടന്നിരുന്ന അസംബ്ലി ഹാളിൽ ഞങ്ങളെത്തി. ചെരിപ്പുകളുടെയും കസേരകളുടെയും ഏറ്റേറ്റ് പരിത്യക്തയായി കിടക്കുന്ന അസംബ്ലി മന്ദിരം കരയുകയാണോ എന്ന തോന്നുമാറ് നിശ്ചലമായി, നിശ്ചേതനായി കിടന്നിരുന്നു.

പിന്നെ ഞങ്ങൾ ശംഖുമുഖത്തെത്തി. എവിടെനിന്നോ ഓടിവന്ന കുറച്ചു ബാലൻമാർ ഞങ്ങളുടെ ചുറ്റും നിരന്നു. അവരിലൊരുവൻ ഓടിവന്ന് കടലിലേയ്ക്കെടുത്തുചാടി. പ്രകൃതിയുടെ വൻമതിൽപോലെ ഉയർന്നുയർന്നുവരുന്ന തിരമാലകളോട് അടരാടി കടലിന്റെ അടിത്തട്ടിൽ ചെന്നു കടലമ്മയോട് സ്വകാര്യം പറഞ്ഞ് തിരിച്ചെത്തിയ ആ ബാലനെ ഞങ്ങൾ അത്ഭുതംകൂറുന്ന മിഴികളോടെ നോക്കി. പിന്നെ ആരാണ് കടലമ്മയെ ചുംബിക്കുക എന്ന മത്സരമായിരുന്നു.

കൂടിവന്നാൽ ശൈശവത്തിന്റെ പടിവാതിൽ കടന്നിട്ടുള്ള, ബാല്യത്തിലേക്ക് കാലൂന്നാൻ തുടങ്ങിയിട്ടുള്ള ആ ബാലൻമാർ കാണിച്ച ധീരതാ പ്രകടനത്തിനുമുൻപിൽ മിഴിയോരം നനയുവാനേ ഞങ്ങൾക്കായുള്ളൂ.

തളർവാതം പിടിപെട്ടുകിടക്കുന്ന അമ്മയ്ക്കു മരുന്നുവാങ്ങുവാൻ പണക്കാരായ പരദേശികളെ, സഞ്ചാരികളെ തങ്ങളുടെ ധൈര്യ പ്രകടനങ്ങൾകൊണ്ടു കോൾമയിർ കൊള്ളിക്കുവാൻ പരിശ്രമിക്കുന്ന ആ ബാലന്മാർ.

കടലമ്മയെ പുൽകി ഞങ്ങളുടെ കാരുണ്യത്തിനു വേണ്ടി അവർ കാത്തുനിന്നു. അല്പ ദുഃഖത്തോടെയെങ്കിലും ഞങ്ങൾ നാണയത്തുട്ടുകൾ അവർക്ക് സമ്മാനിച്ചു. തുടർന്നു ഞങ്ങൾ നെയ്യാർ ഡാമിലേക്ക് പോകുന്നതിനായി ബസ്സിൽ കയറി. അപ്പോഴും അടുത്ത സഞ്ചാരികളെയും പ്രതീക്ഷിച്ച് ഒട്ടിയ വയറും ഉന്തിയ നെഞ്ചുമായി കടപ്പുറത്ത് കാത്തിരിക്കുന്ന അവർ. നെയ്യാർ ഡാമിൽനിന്നും ഞങ്ങൾ കോവളത്തേക്ക് പോയി. അസ്തമയ സൂര്യന്റെ പൊൻകതിരുകൾ ഞങ്ങളെ ചുംബിക്കുവാൻ മുന്നോട്ടാഞ്ഞപ്പോഴും കടൽത്തിരകൾ ഞങ്ങളോട് നർമ്മസല്ലാപം നടത്തിയപ്പോഴും ആ കാഴ്ച, ശംഖുമുഖത്തെ കുട്ടികൾ എന്റെ മനോമുകരത്തിൽ തെളിഞ്ഞുനിന്നു.

യാത്രയുടെ ആലസ്യത്തോടെ സീറ്റിൽ കയറി ഇരുന്നു മയങ്ങിപ്പോയ എന്റെ കൺമുൻപിൽ ആധുനിക കുരുക്ഷേത്രത്തിലെ അഭിമന്യുകുമാരന്മാർ ജീവിതായോധനമാകുന്ന പത്മവ്യൂഹം ഭേദിക്കുവാൻ കഴിയാതെ തളർന്നുവീഴുന്നതു തെളിഞ്ഞുവന്നു.

വീട്ടിൽവന്നു എന്റെ സ്വകാര്യ ദുഃഖത്തെ പങ്കുവെക്കുമ്പോഴും ജീവിതായോധനമാകുന്ന പത്മവ്യൂഹം ഭേദിച്ച് ജീവിതത്തിൽ വിജയത്തിന്റെ വെന്നിക്കൊടി പാറി പറപ്പിക്കട്ടെ നിങ്ങൾ എന്നാശംസിക്കാനേ, പ്രാർത്ഥിക്കാനേ ഈ എളിയ സഹോദരിക്കു കഴിഞ്ഞുള്ളൂ.

ചലച്ചിത്രകല ഒരു ലഹരിയായി മാറിയപ്പോൾ സണ്ണി അതു പഠിക്കുവാൻ തീരുമാനിച്ചു. നാലു തവണ അഡ്മിഷന് ശ്രമിച്ച സണ്ണിക്ക് അഞ്ചാം തവണയാണ് (1980_ൽ) ഇൻസ്റ്റിറ്റ്യൂട്ടിൽ കയറിപ്പറ്റാൻ കഴിഞ്ഞത്. എഡിറ്റിംഗ് പഠിക്കുവാനാണ് ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയതെങ്കിലും എന്തുകൊണ്ടോ മൂന്നാം വർഷം ഛായാഗ്രഹണമാണ് സണ്ണി ഐച്ഛിക വിഷയമായിയെടുത്തത്.

പി. എൽ. ഒ. യ്ക്ക് വേണ്ടി യുദ്ധം ചെയ്യാൻ പോയ പാലസ്തീൻ കാരനായ ആത്മമിത്രത്തിന്റെ ചോര ചിന്തിയ മരണം സണ്ണിയെ വേദനിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥിയായിരുന്ന ആ സ്നേഹിതനെക്കുറിച്ചുള്ള വ്യഥയാണ് 'കോമാളിയും പട്ടിയും' നിർമ്മിക്കുവാൻ സണ്ണിയെ പ്രേരിപ്പിച്ചത്. സംസ്കാര സമ്പന്നനെന്നവകാശപ്പെടുന്ന മനുഷ്യൻ, കക്ഷിരാഷ്ട്രീയത്തിന്റെയും വർഗ്ഗീയതയുടെയും പേരിൽ തമ്മിലടിക്കുന്നത് സണ്ണിക്ക് സഹിക്കാനാവുന്നില്ല. പരസ്പരം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരു സമൂഹമുണ്ടാകണമെന്ന് അദ്ദേഹം ആശിക്കുന്നു. ഹിംസയേയും സ്നേഹത്തേയും കുറിച്ചുള്ള യുവതലമുറയുടെ കാഴ്ചപ്പാടാണ് തന്റെ ചിത്രമെന്ന് സണ്ണി അവകാശപ്പെട്ടു.

പ്രശസ്ത ചിത്രകാരനായ മനോഹർ മത്തിന്റെ കലംകാരി പെയിന്റിംഗ്സ് എന്ന കളർ ഡോക്യുമെന്ററി ചിത്രത്തിന്റെ ഛായാഗ്രാഹകനായി പ്രവർത്തിച്ചതു സണ്ണിയാണ്. അരവിന്ദന്റെ 'ചിദംബരം', പത്മരാജന്റെ 'അരപ്പട്ട കെട്ടിയ ഗ്രാമം,' ലെനിൻ രാജേന്ദ്രന്റെ 'മീനമാസത്തിലെ സൂര്യൻ', വിജയൻ കരോട്ടിന്റെ 'ചന്തയിൽ ചൂടി വിൽക്കുന്ന പെണ്ണ്', നിലാവിന്റെ നാട്ടിൽ, പ്രേംനസീറിനെ കാണ്മാനില്ല, പ്രിൻസിപ്പൽ ഒളിവിൽ' എന്നിവ സണ്ണിയുടെ വിദഗ്ദ്ധകരങ്ങൾക്ക് കൂടി പങ്കുള്ള ഏതാനും ചില ചിത്രങ്ങളാണ്.

തന്റെ ആദ്യത്തെ ചിത്രത്തിലൂടെത്തന്നെ ദേശീയ തലത്തിലേക്കുയർത്തപ്പെട്ട 'ദേവമാതായുടെ സണ്ണി'യെ ഇനിയും എത്രയോ അംഗീകാരങ്ങൾ തേടി വരുമെന്ന കാത്തിരുന്ന കാണേണ്ടതുതന്നെ. പുതുമകൾക്ക് വേണ്ടി ദാഹിക്കുന്ന ഭാരതത്തിലെ യുവചലച്ചിത്രാസ്വാദകർക്ക് സണ്ണി വിലപ്പെട്ട സംഭാവനകൾ നല്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം; അങ്ങിനെ 'ദേവമാതാ' തന്റെ പുത്രനെക്കുറിച്ച് ചാരിതാർത്ഥ്യയാവുമെന്നും.

—•—


# ഭാരത് മാതാ കോളജ്

(ഗവ. ആശുപത്രിക്ക് സമീപം)

## കുറവിലങ്ങാട്

| പാരലൽ | ട്യൂട്ടോറിയൽ | ടെക്നിക്കൽ |
|---|---|---|
| P. D. C. | S. S. L. C. | മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ |
| B. A. | P. D. C. | ഫാർമസി |
| B. Com. | B. A. | |
| & | B. Sc. & B. Com. | |
| M. Com. | English & Subjects. | |

പ്രിൻസിപ്പൽ

ജെ. പുതിയിടം
M. A. (Mal.) M. A. (Econ)

# ദേവമാതായിൽ നിന്ന് ദേശീയ തലത്തിലേക്ക്



[1983—ലെ ഏറ്റവും നല്ല പരീക്ഷണാത്മക ചിത്രത്തിനുള്ള പ്രസിഡൻറിൻെറ 'വെള്ളിത്താമര'യും 5000 രൂപാ ക്യാഷ് അവാർഡും' നേടിയ ദേവമാതാ കോളേജിലെ വിദ്യാർത്ഥിയും ആർട്ട്സ് ക്ലബ്ബ് സെക്രട്ടറിയുമായിരുന്ന 'സണ്ണി ജോസഫു'മായി നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്ന്]

തയ്യാറാക്കിയത്—**തോമസ് ജെ പൂവാട്ടിൽ**

ഇക്കഴിഞ്ഞ വർഷം ദേശീയ ഫിലിമോത്സവം ബോംബെയിൽ നടന്നപ്പോൾ ഇന്ത്യൻ പനോരമ വിഭാഗത്തിൽ ഒരു ഹ്രസ്വ ചിത്രം പ്രദർശിപ്പിച്ചു. 'ക്രൗൺ ആൻഡ് ദ ഡോഗ്' എന്ന ആ ചിത്രം കണ്ടു തീർന്ന ഉടനെ 'കോസ്റ്റാ ഗാവ്രാസ്' ഉൾപ്പെടെയുള്ള വിദേശ സംവിധായകർ അതിൻെറ സംവിധായകനെ തെരഞ്ഞു പിടിച്ച് തങ്ങളുടെ അഭിനന്ദനങ്ങൾ അറിയിച്ചു. അങ്ങിനെ കേരളത്തിൽ നിന്നുള്ള 'സണ്ണി ജോസഫ്' തൻെറ ആദ്യത്തെ ചിത്രത്തിലൂടെ തന്നെ പ്രശസ്തിയിലേയ്ക്ക കാലെടുത്തു വയ്ക്കുകയായിരുന്നു.

സണ്ണിയുടെ 'ക്രൗൺ ആൻഡ് ദ ഡോഗ്' ഏറ്റവും നല്ല പരീക്ഷണാത്മക ചിത്രത്തിനുള്ള പ്രസിഡൻറിൻെറ രജതകമലവും അയ്യായിരം രൂപാ ക്യാഷ് അവാർഡും കരസ്ഥമാക്കി. ഒപ്പം ആദ്യ ചിത്രത്തിനു തന്നെ അവാർഡു നേടുന്ന ആദ്യത്തെ കേരളീയനെന്ന ബഹുമതിയും. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥിയായ സണ്ണിയുടെ ഈ ഡിപ്ലോമാ ചിത്രം അനേകം വിദേശ ചലച്ചിത്രമേളകളിലേക്ക് പിന്നീട് തെരഞ്ഞെടുക്കപ്പെട്ടു.

ചേർത്തല ചെറുവള്ളിക്കാട്ടു കുടുംബാംഗമായ സണ്ണി പഠിച്ചതും വളർന്നതുമെല്ലാം കാവിലങ്ങാട്ടാണെന്നു പറയാം. അമ്മയുടെ വീട്ടിൽ താമസിച്ച് സ്കൂളിൽ പഠിക്കുന്ന കാലം മുതല്ലേ തുടങ്ങിയതാണ് അദ്ദേഹത്തിൻെറ ഈ സിനിമാക്കമ്പം. വീടിനടുത്തുള്ള തീയേറ്ററിൽ ഉപയോഗ ശൂന്യമായി മുറിച്ചു നീക്കിയിട്ടുന്ന ഫിലിമുകൾ ശേഖരിച്ചൊട്ടിച്ച് വീട്ടിലെ ഭിത്തിയിൽ 'സിനിമാ പ്രദർശനം' നടത്തുകയായിരുന്നു അന്നത്തെ ഹോബി. സിനിമയോടുള്ള ഈ കമ്പം അതിൻെറ സാങ്കേതികവിദ്യ പഠിക്കുവാൻ പ്രചോദനമേകി.

തുടർന്ന് ദേവമാതാ കോളേജിൽ ജന്തുശാസ്ത്ര ബിരുദത്തിനു പഠിക്കുന്ന കാലത്ത്, നാഷണൽ സർവ്വീസ് സ്കീമിൻെറപ്രവർത്തനങ്ങളെക്കുറിച്ച് 'ഒട്ടകം' എന്ന പേരിൽ പത്തു മിനിററിൽ ഒരു ഡോക്യുമെൻററി നിർമ്മിച്ചു. തിരക്കഥയും സംവിധാനവുമെല്ലാം തനിയെ നിർവ്വഹിച്ച 'ഒട്ടകം' കോളേജിൽ പ്രദർശിപ്പിച്ചു അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപററി. അന്ന് തൻെറ പ്രവർത്തനങ്ങൾക്ക വേണ്ട വിലപ്പെട്ട നിർദ്ദേശങ്ങളും പ്രോത്സാഹനവും നിർലോഭമേകിയ ഏതാനും അദ്ധ്യാപകരെക്കുറിച്ച് സണ്ണി എടുത്തു പറഞ്ഞു. അന്നത്തെ പ്രിൻസിപ്പലായിരുന്ന റവ. ഫാ. ജോസഫ് തണ്ണിപ്പാറ, തൻെറ ചലച്ചിത്ര തൃഷ്ണയുള്ള പ്രോത്സാഹനമെന്ന നിലയിൽ ഒരു 'ക്യാമറാ' സമ്മാനിച്ചത് സണ്ണി കൃതജ്ഞതാപൂർവ്വം ഓർമ്മിച്ചു. കോളേജിലെ ഫിലിം ക്ലബിൻെറ പ്രസിഡൻറായും ഒരിക്കൽ ആർട്ട്സ് ക്ലബ്ബ് സെക്രട്ടറിയായും സണ്ണി തൻെറ കഴിവുകൾ പ്രകടിപ്പിച്ചിട്ടുണ്ട്.

പഠന ശേഷം ചേർത്തലയിൽ 'ഫ്രീ സർക്കിൾ' എന്ന പേരിൽ ഒരു ഫിലിം സൊസൈററി സംഘടിപ്പിച്ചു. കേരളത്തിലെ എല്ലാ ഫിലിം സൊസൈററികളും സംഘടിപ്പിച്ച പ്രദർശനങ്ങൾ ഓടി നടന്നു കണ്ടു. മദ്രാസിലും ബോംബെയിലും ബാംഗ്ളൂരുമൊക്കെ നടന്ന ചലച്ചിത്രോത്സവങ്ങൾ കാണാൻ പണവും സമയവും കണ്ടെത്തി. സിനിമയെക്കുറിച്ചുള്ള വിശ്വപ്രസിദ്ധമായ പുസ്തകങ്ങൾ പഠിച്ചു.

ആശംസകൾ

# യൂണിയൻ ഇലക്ട്രിക്കൽസ്

ഹോൾസെയിൽ & റീട്ടെയിൽ

വടക്കേകവല

കുറവിലങ്ങാട്

# അദ്ധ്യയനം ഒരു തപസ്യയാകുന്ന അനർഘ നിമിഷങ്ങൾ



മുനിഞ്ഞുകത്തുന്ന ഹരിക്കെയ്ൻ വിളക്കിൻെറ മഞ്ഞിയ വെളിച്ചം അഗ്നിനിമീലിത നേത്രങ്ങളോടെ , അറിവിൻെറ തൃഷ്ണ ഇളന്നുന്ന അദ്ധ്യയനം. ഏകാഗ്രതനിർഭരമായ പഠനം അതീന്ദ്രിയ ധ്യാനം പോലെയാണ്. വിജയലഹരിയുടെ അപൂർവ്വനിമിഷങ്ങളെ അനുഭവിക്കാൻ അദ്ധ്യയനം ഒരു തപസ്യയാകണം. ഓജസ്സും തേജസ്സും ശക്തിയും സൗന്ദര്യവും ഇളന്നുന്ന ഞങ്ങളുടെ അദ്ധ്യാപനശൈലി ഉദാത്തവിജയം ഉറപ്പു നല്കുന്നു. അന്വേഷണ കുതുകികൾക്ക് ആത്മസാക്ഷാത്കാരം പകർന്ന് നൽകിക്കൊണ്ട് യൂണിവേഴ്സൽ വിജയത്തിൻെറ അശ്വമേധയാഗം നടത്തുന്നു.


**UNIVERSAL TUTORIALS**

With Superbly Equipped Laboratory

THALAYOLAPARAMBU


SHARMAS
ആ തെരഞ്ഞെടുപ്പ് ക്ലേശകരമായിരുന്നു.
എങ്കിലും അന്വേഷണം തുടർന്നു. ഒടുവിൽ നഗരത്തെ തൊട്ടുരുമ്മി ഉറങ്ങുന്ന ഈ ഗ്രാമ-ഭംഗി കണ്ടെത്തി. ക്ലാസ്സുമുറികൾ ഉയർന്നു. തെരഞ്ഞെടുപ്പ് ഇന്നും തുടരുന്നു. വിദ്യാർ-ത്ഥികൾ, അദ്ധ്യാപകർ ലാബറട്ടറി ഉപകര-ണങ്ങൾ ഇവയിലെല്ലാം.
അധികം രക്ഷകർത്താക്കളും കുട്ടികളുടെ ഭാവിയെ കരുതി തെരഞ്ഞെടുക്കുന്നത്.
ശർമ്മാസ് കോളേജ്
വടക്കേനട : ഏറ്റുമാനൂർ.
പ്രത്യേക അറിയിപ്പ്:
എല്ലാ കുട്ടികൾക്കും അഡ്മിഷൻ നൽകുമെന്നുള്ള
വാഗ്ദാനമായി ഈ പരസ്യത്തെ കണക്കാക്കേണ്ടതില്ല.